DECEMBER 2017

വാല്യം 1


# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം

പേജ് - 67

ഇഷ്യു -1





എല്ലാ വായനക്കാർക്കും ഹൃദയം നിറഞ്ഞ

പുതുവത്സരാശംസകൾ



# നിയമ ധ്വനി



കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

## പത്രാധിപ സമിതി

*ചീഫ് എഡിറ്റർ* : **ബി. ജി. ഹരീന്ദ്രനാഥ്**
നിയമ സെക്രട്ടറി

*എഡിറ്റർ* : **ആർ. വിജയകുമാർ**
അഡീഷണൽ നിയമ സെക്രട്ടറി

*അംഗങ്ങൾ* : **മിനി ഭാസ്കർ, എസ്.**
ജോയിന്റ് സെക്രട്ടറി

**സോണിഷ്, കെ.**
സെക്ഷൻ ആഫീസർ

**ലക്ഷ്മി പ്രതാപൻ**
ലീഗൽ അസിസ്റ്റന്റ്

**അദീപ് അൻവർ**
ലീഗൽ അസിസ്റ്റന്റ്

*പുറംതാൾ രൂപകല്പന* : **ഡി. ജി. വിനോദ്**



*വിലാസം* : നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം-695 001.

*ഫോൺ* : 0471-2517064, 0471-2517066



ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനത്തിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ അല്ലായെന്നും അവ ലേഖകന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ ആണെന്നും സാക്ഷ്യപ്പെടുത്തുന്നു.

*—പത്രാധിപ സമിതി*



# പ്രസാധക കുറിപ്പ്

ഭരണം ജനങ്ങളുടെ ഭാഷയിലായിരിക്കണം എന്നതാണ് ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വം. അതേപോലെ ഭരണ ത്തിന്റെ എല്ലാ തലങ്ങളിലും ഔദ്യോഗിക ഭാഷ മലയാള മായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഈ നയം മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ 1956 മുതൽ തന്നെ നടപ്പിലാക്കി വരുന്നുണ്ട്. കോടതികളിലെ ഔദ്യോഗിക ഭാഷ മലയാള മാക്കുന്നതിലേയ്ക്ക് രൂപീകരിച്ച ഉന്നതതല കമ്മിറ്റിയുടെ യോഗ തീരുമാനങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീം കോടതി വിധിന്യായങ്ങളും, ഹൈക്കോടതി വിധിന്യായ ങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാന ത്തിലാണ് നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് നിയമ ധ്വനി എന്ന പേരിലുള്ള ഈ പ്രസിദ്ധീ കരണം ആരംഭിച്ചിട്ടുള്ളത്. ഈ ജേർണലിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ സാധാരണക്കാരായ ജനങ്ങളുടെ നിയമ ബോധന ത്തിന് ഒരു മുതൽക്കൂട്ടാകുമെന്ന് പ്രത്യാശിക്കുന്നു.

നിയമ ധ്വനിയുടെ എല്ലാ മാന്യ വായനക്കാർക്കും എന്റെയും

നിയമ വകുപ്പിന്റെയും

## പുതുവത്സരാശംസകൾ...

നിയമ വകുപ്പ്,
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്.
തിരുവനന്തപുരം,
6-12-2017.

**ബി. ജി. ഹരീന്ദ്രനാഥ്,**
നിയമ സെക്രട്ടറി.

# ഉൾത്താളുകളിൽ......

## സുപ്രീം കോടതി വിധിന്യായങ്ങൾ


1. യൂണിയൻ ഓഫ് ഇൻഡ്യയും മറ്റൊരാളും *അഭി* രാജ് കുമാർ ഝായും മറ്റുള്ളവരും ........ 03
2. മുരുകൻ നായ്ക്കർ *അഭി* യൂണിയൻ ഓഫ് ഇൻഡ്യയും മറ്റുള്ളവരും ........ 12
3. ഭാർഗ്ഗവി കസ്ട്രക്ഷൻസും മറ്റൊരാളും *അഭി* കോത്തക്കാപ്പു മുത്യം റെഡ്ഡിയും മറ്റുള്ളവരും ........ 14
4. ആദി വേപ്പയും മറ്റുള്ളവരും *അഭി* ഭീമപ്പയും മറ്റൊരാളും ........ 23
5. വിജയ് സിംഗ് *അഭി* ശാന്തിദേവിയും മറ്റൊരാളും ........ 28
6. അമർദീപ് സിംഗ് *അഭി* ഹർവീൻ കൗർ ........ 36


## ഹൈക്കോടതി വിധിന്യായങ്ങൾ


1. സബോർഡിനേറ്റ് ജുഡീഷ്യറിയുടെ രജിസ്ട്രാർ അഭി ഭാരത സർക്കാരും മറ്റുള്ളവരും ........ 47
2. ദിലീപ് എും പേരുള്ള പി. ഗോപാലകൃഷ്ണൻ അഭി കേരള സർക്കാരും മറ്റൊരാളും ........ 50
3. തോമസ് സി കുഞ്ഞച്ചൻ അഭി കൊല്ലം റവന്യൂ ഡിവിഷണൽ ആഫീസറും മറ്റൊരാളും ........ 62
4. ഷാഹുൽ ഹമീദ് അഭി ഷാജി ജോസഫും മറ്റുള്ളവരും ........ 65


5/529/17 -1

# സുപ്രീം കോടതി വിധിന്യായങ്ങൾ

## ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ബഹു. ജസ്റ്റിസ് കുര്യൻ ജോസഫ്

&

ബഹു. ജസ്റ്റിസ് ആർ. ഭാനുമതി

സിവിൽ അപ്പീൽ നമ്പരുകൾ 1585-1586/2017

യൂണിയൻ ഓഫ് ഇന്ത്യയും മറ്റൊരാളും

*അഭി*

രാജ് കുമാർ ഝായും മറ്റുള്ളവരും

2017 സെപ്റ്റംബർ 12-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ഈ വാദത്തിൽ അടിസ്ഥാനപരമായ ഒരു ധാരണയുള്ളതാണ്. ഒരു സേവനത്തിലെ ഒരു സിനിയർ ഓഫീസർ ജൂനിയറിനെക്കാൾ കുറഞ്ഞ ശമ്പളം കൈപറ്റുന്ന ഒട്ടനവധി സ്ഥിതി വിശേഷങ്ങളുണ്ട്. ഈ കേസ് തന്നെ ഒരു മകുടോദാഹരണമാണ്. എതിർ കക്ഷി - ഓഫീസർമാർ അവർ ദീർഘകാലമായി മറ്റൊരിടത്ത് സേവനമനുഷ്ഠിച്ച്(1987 മുതൽ ഡിഎഎൻഐപിഎസ്) അവരുടെ യോഗ്യ തയും സ്ഥാനനിർണ്ണയവും അടിസ്ഥാനമാക്കി ഐപിഎസ്സിലേക്ക് ഒരു പാർശ്വസ്ഥമായ പ്രവേശനം നേടിയെടുത്തു. അവരെ ഐപിഎസ്സിലേക്ക് പ്രവേശിപ്പിക്കുമ്പോൾ, അവർക്ക് അർഹതപ്പെട്ട ഒരു വർഷം നൽകുകയും ആ വർഷത്തിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ തൊട്ടു താഴെ സ്ഥാനം നൽകുകയും ചെയ്യുന്നു. മറ്റൊരു സേവനത്തിലായിരുന്ന ഓഫീസർമാർക്ക് ശമ്പള സംരക്ഷണം ഐപിഎസ്സിലേക്ക് പ്രവേശിപ്പിക്കുമ്പോൾ കിട്ടുകയും അനിവാര്യമായി ആ ആഫീസർ ആ വർഷത്തിൽ ഐപിഎസ്സിലേക്ക് നേരിട്ട് നിയമനം ലഭിച്ചയാളെക്കാൾ ഉയർന്ന ശമ്പളം കൈപറ്റുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ശമ്പള ബാന്റും ഗ്രേഡ് ശമ്പളവും വ്യത്യസ്തമായിരിക്കുന്നതാണ്. സർവ്വീസിലേക്കുള്ള പ്രവേശനത്തിനു മുമ്പ് ഓഫീസർമാരുടെ ഇടയിൽ പ്രവർത്തിക്കാൻവേണ്ടിയുള്ളതാണ് ഗ്രേഡ് ശമ്പളം. അല്ലാതെ ഒരു വ്യത്യസ്ത സേവനങ്ങളിലുള്ള ഓഫീസർമാർക്കിടയിൽ പ്രവേശനത്തിനുശേഷം പ്രാവർത്തികമാക്കാനുള്ളതല്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ,

ഗ്രേഡ് ശമ്പളത്തെ അടിസ്ഥാനമാക്കിയുള്ള സ്ഥാനനിർണ്ണയം ഒരേ സേവനത്തിലുള്ള ഓഫീസർമാർക്കിട യിലുള്ളതും അല്ലാതെ ഒരു വ്യത്യസ്ത സേവനത്തിൽ നേരിട്ട നിയ മിതരായ തുടക്കക്കാരുടെ ഗ്രേഡ് ശമ്പളവു മായി യാതൊന്നും ചെയ്യാനില്ലാത്തതുമാണ്, അതായത്, ഈ കേസിലെ ഐ. പി എസ്. അത് കൂടുതൽ വ്യക്തമായ ഭാഷയിൽ പറഞ്ഞാൽ, 1987-ന് ശേഷം ഡി എഎൻ ഐപിഎസ്-ൽ ഒരു ഓഫീസറായി ജോലി ചെയ്തിരുന്നു എന്നതുകൊണ്ട് ഒരു ഉയർന്ന ശമ്പളവും ഗ്രേഡ് ശമ്പളവും അയാളുടെ ദീർഘകാല സേവനത്തെ സംബന്ധിച്ച് വാങ്ങുന്നുവെന്നതും ഐപിഎസ്സിലേക്ക് പ്രവേശിച്ചപ്പോൾ ശമ്പള ബാന്റ് സംരക്ഷിക്ക പ്പെട്ടു എന്നുള്ളതും കൊണ്ടും മാത്രം അദ്ദേ ഹത്തിനുള്ള സ്ഥാനനിർണ്ണയം അനവധി വർഷങ്ങളായി നേരിട്ടു നിയമിച്ചിട്ടുള്ള മുഴു വൻ പേരുടെയും മുകളിൽ, അവർ സ്വാഭാവി കമായും നേരിട്ടുള്ള നിയമനത്തിനു ശേഷം കുറഞ്ഞ ശമ്പള ബാന്റിൽ മാത്രമാണ് സേവ നത്തിലെന്നതിനാൽ അയാൾക്ക് ഒരവകാശ മായി അവകാശപ്പെടാൻ സംരക്ഷിക്കപ്പെടു ന്നില്ല. അതാണ് ശമ്പള കമ്മീഷൻ അർത്ഥമാ ക്കിയിട്ടുള്ളത്. പ്രവേശന സമയത്ത് ശമ്പള സംരക്ഷണമില്ലായിരുന്നെങ്കിൽ സ്ഥിതി വിശേഷം വ്യത്യസ്തമാകുമായിരുന്നു. ശമ്പളം സംരക്ഷിച്ചുട്ടുണ്ട് എന്നതുകൊണ്ട് മാത്രം ഓഫീസർമാർ ഡിഎഎൻ ഐ പിഎസ്-ൽ പ്രവേശിപ്പിക്കുന്ന സമയത്ത് അതിനകം തന്നെ നേരിട്ടു നിയമിച്ചിട്ടുള്ള, ഏതാനും ചില വർഷങ്ങളായി ഐപിഎസ്സി ലുള്ളവർക്ക് മുകളിലായി സ്ഥാനനിർണ്ണയം എന്ന അധിക ആനുകൂല്യം ഉറപ്പാക്കാൻ പറ്റില്ല. ഒരേ സേവനത്തിനകത്ത് വിവിധ തസ്തികകൾക്കിടയിൽ പ്രവർത്തിപ്പിക്കാൻ വേണ്ടിയാണ് ഗ്രേഡ് ശമ്പളത്തിന്റെ മുഴുവൻ പദ്ധതിയും.

വിധിന്യായം

ജസ്റ്റിസ് കുര്യൻ

1. ഡൽഹി ഹൈക്കോടതിയുടെ വിധി ന്യായത്തിൽ സങ്കടപ്പെടുകയാണ് ഞങ്ങളുടെ മുമ്പിലുള്ള യൂണിയൻ ഓഫ് ഇന്ത്യ. ന്യൂ ഡൽഹിയിലുള്ള സെൻട്രൽ അഡ്മിനി സ്ട്രേറ്റീവ് ട്രിബ്യൂണൽ (ഇതിനുശേഷം ട്രിബ്യൂണൽ എന്നാണ് പരാമർശിക്കുക). പുറപ്പെടുവിച്ച ഉത്തരവിനെ തർക്കിച്ചുകൊണ്ട് അവർ ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഈ സംഗതി ഒന്നാം എതിർകക്ഷിയെയും മറ്റൊരാളെയും ഇന്ത്യൻ പോലീസ് സർവ്വീ സിലേക്കു (ചുരുക്കത്തിൽ ഐപിഎസ്) പ്രവേശിപ്പിക്കുന്നതും അവരുടെ സ്ഥിര പ്പെടുത്തലിനെയും സ്ഥാനനിർണ്ണയത്തെയും സംബന്ധിച്ചുള്ളതാണ്.

2. ശ്രീ. ഝായും ശ്രീ. ചൗധരിയും, അവർ, ദേശീയ തലസ്ഥാനമായ ഡൽഹി യിലും, ആന്റമാൻ, നിക്കോബാർ ദ്വീപുക ളിലും, ലക്ഷദ്വീപ്, ഡമാനും ഡ്യൂവും, ദാദ്രയും നഹർ ഹവാലിയിലും പോലീസ് സർവ്വീസിൽ (ഡിഎഎൻഐപിഎസ്) 1987-ൽ പ്രവേശിക്കുകയും 1995-ൽ, 8 വർഷം പൂർത്തിയാക്കിയതിനുശേഷം സെലക്ഷൻ ഗ്രേഡ് വേതനത്തിൽ അവരെ സ്ഥിരപ്പെടു ത്തുകയും ചെയ്തു. 2000-ൽ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡ് II ആയും 2007-ൽ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡ് I ആയും (ഇതിനു ശേഷം ജിഎജി-II-ഉം, ജിഎജി-I-ഉം എന്നാണ് പരാമർശിക്കുക) ഉള്ള സ്ഥാനക്ക യറ്റത്തിന് അവർ അർഹരായി. എന്നാൽ, മേൽ തസ്തികകളിലേക്ക് അവർക്ക് സ്ഥാനക്കയറ്റം നൽകിയത് യഥാക്രമം 2007-ലും 2010-ലും മാത്രമാണ്, അതും അഡ്ഹോക്ക് അടിസ്ഥാനത്തിലുമാണ്. സർക്കാർ അതിലേക്കുള്ള റഗുലർ ഡി.പി.സി നടത്തുവാൻ വിട്ടുപോയതിനാൽ അവരെ ക്രമപ്പെടുത്തിയിട്ടില്ല. അതിനിടയ്ക്ക്,

ഡിഎഎൻഐപിഎസ് ഉദ്യോഗസ്ഥരിൽ നിന്നും ഐ.പി.എസിലേക്കുള്ള പ്രവേശനത്തിനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക തയ്യാറാക്കുന്നതിന് ഡിപിസി ചേരുകയും എതിർകക്ഷികളോട്, അവരുടെ പ്രവേശനത്തിനായി നിരുപാധികമായ സന്നദ്ധത സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. എതിർകക്ഷികൾ സെൻട്രൽ അഡ്മിനിസ്ട്രറ്റീവ് ട്രിബ്യൂണൽ, പ്രിൻസിപ്പൽ ബഞ്ച്, ന്യൂഡൽഹിയെ, ഐപിഎസ്സിലേക്കുള്ള സ്ഥാനക്കയറ്റത്തെ സംബന്ധിക്കുന്ന വിവിധ ചട്ടങ്ങളിൽ വൈരുദ്ധ്യങ്ങളുണ്ടെന്ന കാരണത്താലും, ഐപിഎസ്സിലേക്ക് പ്രവേശിക്കപ്പെടുമ്പോൾ അവർക്ക് യാതൊരുവിധ മുൻവിധികളും അനുഭവിക്കാതിരിക്കുന്നതിനായിട്ട് ജെഎജി-II-ലും ജെഎജി-I-ലും ഉള്ള അവരുടെ സേവനങ്ങൾ മുൻകാല പ്രാബല്യത്തോടെ ക്രമപ്പെടുത്തണമെന്നും പ്രാർത്ഥിച്ചുകൊണ്ട്, സമീപിച്ചു.

3. ട്രിബ്യൂണൽ ഡിപിസി വിളിച്ചു ചേർക്കാനും പ്രസക്തമായ വർഷങ്ങളിലെ ജെഎജി-II, ജെഎജി-I എന്നിവയിലേക്കുള്ള സ്ഥാനക്കയറ്റ പ്രക്രിയ പൂർത്തിയാക്കുവാനും അവരുടെ ജെഎജി-II-ലും ജെഎജി-I-ലും ഉള്ള ക്രമമായ സ്ഥാനക്കയറ്റം വേഗതയിൽ അനുവദിച്ചു നൽകുന്നതിനും സംസ്ഥാനത്തിനോട് നിർദ്ദേശിച്ചു. ട്രിബ്യൂണൽ ശ്രീ. ഝായോടും ശ്രീ. ചൗധരിയോടും നിരുപാധിക സന്നദ്ധത നൽകുന്നതിന് ആവശ്യപ്പെടുകയും അതു കിട്ടുമ്പോൾ അവർക്ക് ഐ.പി.എസ്സിലേക്ക് പ്രവേശനം നൽകുന്നതിന് സംസ്ഥാനത്തിനോട് നിർദ്ദേശിക്കുകയും ചെയ്തു.

4. അപ്പീൽവാദിയായ സംസ്ഥാനം, മേൽ ഉത്തരവിൽ സങ്കടപ്പെട്ടുകൊണ്ട് ഡൽഹി ഹൈക്കോടതിയെ സമീപിച്ചു. ഈ സമയത്ത്, 2012 ഏപ്രിലിൽ, ആഭ്യന്തര കാര്യ മന്ത്രാലയം ഝായെയും ചൗധരിയെയും രൂ. 7600 ഗ്രേഡ് ശമ്പളമുള്ള പിബി 3-ലെ ശമ്പള നിരക്കായ രൂ. 15,600-39,100/- ഉള്ള ജെഎജി-II-വിലേക്ക് 1-7-2007 മുതൽ നിയമിച്ചുകൊണ്ട് ഉത്തരവിറക്കുകയും ചെയ്തു. 2012 ജുലൈയിൽ, ആഭ്യന്തര കാര്യ മന്ത്രാലയം ഝായെയും ചൗധരിയെയും രൂ. 8700 ഗ്രേഡ് ശമ്പളമുള്ള പിബി 4-ലെ ശമ്പളനിരക്കായ രൂ. 37,400-67,000 ഉള്ള ജെഎജി-I ലേക്ക് 1-7-2008 മുതൽ നിയമിച്ചുകൊണ്ട് ഉത്തരവിറക്കുകയും ചെയ്തു. അതുകൊണ്ട്, റഗുലറൈസേഷൻ ചോദ്യത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒന്നും അവശേഷിക്കുന്നില്ലാത്തതാണ്.

5. ഹൈക്കോടതി, 22-4-2013-ലെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിലെ, എല്ലാ ബന്ധപ്പെട്ട വസ്തുതകളും നിയമ വ്യവസ്ഥകളും പരിഗണിച്ചപ്പോൾ പ്രധാനമായും മൂന്നു തർക്കങ്ങളാണ് കൈകാര്യം ചെയ്തത്. നിർണ്ണയിക്കപ്പെട്ട സമയത്തിനകം ഝായും ചൗധരിയും അവരുടെ നിരുപാധികമായ സന്നദ്ധത ഫയൽ ചെയ്തിട്ടില്ല എന്ന വസ്തുതക്കതീതമായി അവരെ ഐപിഎസിലേയ്ക്ക് പ്രവേശിപ്പിക്കുവാൻ ആഭ്യന്തര കാര്യ മന്ത്രാലയത്തോട് ട്രിബ്യൂണൽ നിർദ്ദേശിച്ചതിന്റെ വ്യാപ്തിയിലേയ്ക്കുള്ള അതിന്റെ തീരുമാനത്തിനെതിരായ തർക്കമാണ് ഒന്ന്. ജെഎജി-II-ലും ജെഎജി-I-ലും ഉള്ള ഓഫീസർമാരുടെ റഗുലറൈസേഷനെ സംബന്ധിച്ചതാണ് രണ്ടാമത്തേത്. ഈ ഓഫീസർമാർക്ക് 17-4-2012-ലും, 19-7-2012-ലും ആഭ്യന്തരകാര്യ മന്ത്രാലയത്തിന്റെ ഉത്തരവുകൾ വഴി ഉചിതമായ ശമ്പളത്തോടുകൂടി റഗുലറൈസേഷൻ നൽകിയിട്ടുണ്ട് എന്നതിനാൽ ഈ രണ്ടു ചോദ്യങ്ങളും ഇനിമേൽ വ്യവഹരിക്കേണ്ടതില്ല. അവരുടെ ഐ.പി.എസ്സിലേക്കുള്ള പ്രവേശനവും ശരിയാക്കിയിട്ടുണ്ട്.

6. ഹൈക്കോടതി കൈകാര്യം ചെയ്ത മൂന്നാമത്തെ ചോദ്യം, ഐപിഎസി-ലേക്കു പ്രവേശിപ്പിച്ചപ്പോൾ ഉള്ള ഈ ഓഫീസറന്മാരുടെ സ്ഥാനനിർണ്ണയമാണ്. ഹൈക്കോടതി മുമ്പാകെ അപ്പീൽവാദി

പരാജ യപ്പെട്ടു. അതിനാൽ അതിജീവിക്കുന്ന തർക്കം ഹൈക്കോടതിയുടെ ഒരേ ഒരു കണ്ടെത്തലിനെക്കുറിച്ച് മാത്രമാണ്, എന്തെന്നാൽ ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്കനു സൃതമായി ആറാം ശമ്പള കമ്മീഷൻ റിപ്പോർട്ട് ഏർപ്പെടുത്തിയതിന് ശേഷം സ്ഥാനനിർണ്ണയം ഗ്രേഡ് ശമ്പളത്തെ അടിസ്ഥാനമാക്കേണ്ടതും ബന്ധപ്പെട്ട ചട്ടങ്ങളിൽ ഉചിതമായി ഭേദഗതി വരുത്തേണ്ടതുമാണ് എന്നതാണ്.

7. അതിനാൽ, താഴെ കൊടുത്തിട്ടുള്ള തർക്കങ്ങൾക്കാണ് മറുപടി നൽകേണ്ടത്:

(i) ഐപിഎസിലേയ്ക്കു പ്രവേശിപ്പിക്കപ്പെട്ട ഒരു ഓഫീസറിന്റെ സ്ഥാനനിർണ്ണയം അദ്ദേഹത്തിന്റെ ഗ്രേഡ് ശമ്പളത്തിനെ ആശ്രയിച്ചാണോ?

(ii) സ്ഥാനനിർണ്ണയം നിജപ്പെടുത്തുന്നതിനെ സംബന്ധിച്ച് ആരോപിക്കപ്പെട്ട വൈരുദ്ധ്യം തുടച്ചു നീക്കുന്നതിന് ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന ഒരു നിർദ്ദേശം പുറപ്പെടുവിച്ചതിൽ ഹൈക്കോടതി ന്യായീകരിക്കപ്പെടുന്നുവോ?

8. കണ്ടെത്തലിന്റെ മുഴുവൻ അടിസ്ഥാനവും ഹൈക്കോടതി പുറപ്പെടുവിച്ച അനന്തര നിർദ്ദേശവും ആറാം ശമ്പള കമ്മീഷൻ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. ആറാം ശമ്പള കമ്മീഷൻ റിപ്പോർട്ട് മുഴുവനായും സ്വീകരിച്ച സ്ഥിതിക്ക് റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ സ്ഥാനനിർണ്ണയവും ഗ്രേഡ് ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും കണക്കാക്കേണ്ടിയിരിക്കുന്നു എന്ന കാഴ്ചപ്പാടാണ് ഹൈക്കോടതി സ്വീകരിച്ചിട്ടുള്ളത്.

9. അവശ്യമായിട്ടും, ഞങ്ങൾക്ക് 2008 മാർച്ചിൽ പ്രസിദ്ധീകരിച്ച ആറാം ശമ്പള കമ്മീഷൻ റിപ്പോർട്ട് അതിനാൽ, പരാമർശിക്കുന്നു.

കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് താഴെ കൊടുത്തിരിക്കുന്നതുപോലെ വായിക്കേണ്ടതാണ്:

"1.1.2 കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് താഴെ കൊടുത്തിരിക്കും വിധമാണ്.

(എ) താഴെ കൊടുത്തിട്ടുള്ള വിഭാഗങ്ങളിലെ ജീവനക്കാരുടെ ശമ്പളം, ബത്തകൾ മറ്റു സൗകര്യങ്ങളും ആനുകൂല്യങ്ങളും എന്നിവ നിയന്ത്രിക്കുന്ന ഘടകം, അത് പണം ആയോ സഹായമായാണോ നൽകേണ്ടത് എന്നതിന്റെ തത്വങ്ങളും അതിന്റെ പ്രാബല്യ തീയതിയും പരിശോധിക്കുന്നതിന്:-

1. കേന്ദ്ര സർക്കാർ ജീവനക്കാർ- വ്യവസായികവും വ്യാവസായികേതരവും.
2. ആൾ ഇൻഡ്യാ സർവ്വീസുകളിലെ ഉദ്യോഗസ്ഥർ.
3. പ്രതിരോധ സേനകളിലെ ഉദ്യോഗസ്ഥർ.
4. കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ഉദ്യോഗസ്ഥർ.
5. ഇൻഡ്യൻ ആഡിറ്റും അക്കൗണ്ട്സും വകുപ്പിലെ ഓഫീസരന്മാരും ജീവനക്കാരും.
6. പാർലമെന്റിന്റെ ആക്റ്റുകൾ പ്രകാരം ഉണ്ടായിട്ടുള്ള (ആർബിഐ ഒഴികെയുള്ള) റഗുലേറ്ററി നികായങ്ങളിലെ അംഗങ്ങൾ.

(ബി) ജനങ്ങളുടെ സേവനത്തിനായി സമർപ്പിച്ചിട്ടുള്ള ആധുനികവും, തൊഴിൽ സംബന്ധവും പൗരസൗഹൃദവുമായ അസ്തിത്വങ്ങളായി കേന്ദ്ര സർക്കാർ ഓർഗനൈസേഷനുകളെ രൂപാന്തരപ്പെടുത്തുന്നതിന്.

(സി) സർക്കാരിനുള്ളിലെ ഘടകങ്ങളിലും, സ്ഥാപനങ്ങളിലും, രീതികളിലും നടപടികളിലും ഫലപ്രദമായി സാമ്പത്തിക അച്ചടക്കം, കണക്കു സൂക്ഷിപ്പും,

ഉത്തരവാദിത്വം, സുതാര്യത, സാങ്കേതിക വിദ്യയുടെ കൂട്ടിച്ചേർക്കൽ, അച്ചടക്കം എന്നിവ വർദ്ധിപ്പിക്കണമെന്ന ഒരു കാഴ്ച പ്പാടിലൂടെ കാര്യക്ഷമത, ഉത്പാദനവും സാമ്പത്തികവും പ്രോത്സാഹിപ്പിക്കുന്ന തുമായി ബന്ധപ്പെടുത്തി ഉചിതമായിട്ട് മുകളിലെ (എ)-ൽ സൂചിപ്പിച്ചിട്ടുള്ള കേന്ദ്ര സർക്കാർ ജീവനക്കാരുടെ വിഭാഗങ്ങൾക്ക് ഒരു സമഗ്ര ശമ്പള പദ്ധതി രൂപപ്പെടുത്തു ന്നതിന്.

(ഡി) ആഗോള സാമ്പത്തിക ചുറ്റുപാടിൽ ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾക്ക് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്. ഇതിലേക്ക് മറ്റു പ്രസക്തമായ ഘടകങ്ങളോടൊപ്പം, ജീവന ക്കാർക്ക് ലഭ്യമായിട്ടുള്ള മുഴുവൻ ആനുകൂ ല്യങ്ങളും അവയുടെ ക്രമീകരണ ത്തിന്റേയും ലഘൂകരണത്തിന്റേയും ആവശ്യകത, കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളിൽ ലഭ്യ മായിട്ടുള്ള നിലവിലെ ശമ്പള ഘടനയും വിരമിക്കൽ ആനുകൂല്യങ്ങളും, രാജ്യത്തിലെ സാമ്പത്തിക സ്ഥിതി, സാമ്പത്തിക പരിപാല നത്തിന് സാമ്പത്തിക അച്ചടക്കം പാലിക്കേ ണ്ടതിന്റെ ആവശ്യകത, കേന്ദ്ര സർക്കാരിന്റെ സ്രോതസ്സും സാമ്പത്തികവും സാമൂഹ്യ വികസനം, പ്രതിരോധം, ദേശീയ സുരക്ഷയും ആഗോള സാമ്പത്തിക ചുറ്റുപാട് എന്നിവ യുടെ കണക്കിലുള്ള ആവശ്യങ്ങൾ, സംസ്ഥാ നങ്ങൾ ഈ ശിപാർശകൾ സ്വീകരിക്കു കയാണെങ്കിൽ സംസ്ഥാന ധനകാര്യ സ്ഥിതിയിലുള്ള ആഘാതം എന്നിവയും കണക്കിലെടുക്കേണ്ടതാണ്.

(ഇ) ഇപ്പോഴുള്ളതും 2004 ജനുവരി 1-നു മുമ്പ് നിയമിച്ചിട്ടുള്ളതുമായ മുൻ കേന്ദ്ര സർക്കാർ ജീവനക്കാരുടെ പെൻഷന്റെ ഘടന, അന്ത്യോപദാനം, കുടുംബ പെൻഷനും സാമ്പത്തിക വിവക്ഷയുള്ള മറ്റു അന്തിമ മായിട്ടുള്ളതോ ആവർത്തിക്കുന്നതോ ആയ ആനുകൂല്യങ്ങളും നിയന്ത്രിക്കുന്ന തത്വങ്ങൾ പരിശോധിക്കുന്നതിന്.

(എഫ്) ബോണസ് കൊടുക്കുന്നത് നിയന്ത്രിക്കുന്ന പൊതുതത്വങ്ങളെയും, സാമ്പത്തിക മാനദണ്ഡങ്ങളെയും, വ്യവസ്ഥ കളെയും കുറിച്ചും വിവിധ വകുപ്പുകളിൽ നിലവിലുള്ള അഡ്ഹോക്ക് ബോണസ് പദ്ധതിയുടെ സ്ഥാനത്ത് ഉത്പാദനവുമായി ബന്ധപ്പെടുത്തിയിട്ടുള്ള പ്രോത്സാഹന പദ്ധതി ആരംഭിക്കുന്നതിന്റെ കാമ്യതയും സാധ്യതയും സംബന്ധിച്ച് ശിപാർശ ചെയ്യുന്നതിനും ഉത്പാദന സൂചിക കണ്ടു പിടിക്കുന്നതിനുള്ള പ്രത്യേക സൂത്രവാക്യവും സംജ്ഞയും മറ്റു ബന്ധപ്പെട്ട മാനദണ്ഡ ങ്ങളും ശിപാർശ ചെയ്യുന്നതിനും.

(ജി) കമ്മീഷൻ ശിപാർശകൾ നടത്തുകയും സർക്കാർ അത് സ്വീകരിക്കുകയും ചെയ്യുന്നത് വരെ ഏതെങ്കിലും ഇടക്കാലാശ്വാസം അനുവ ദിക്കുന്നതിന്റെ കാമ്യതയും ആവശ്യകതയും പരിശോധിക്കുന്നതിന്.

(ഊന്നൽ കൊടുത്തിരിക്കുന്നു.)

10. അദ്ധ്യായം 2.2 ശമ്പള ഘടനയെയും ഫിക്സേഷനെയും സംബന്ധിച്ചിട്ടുള്ള പൊതുവായ ശിപാർശകൾ കൈകാര്യം ചെയ്യുന്നു. 2.2.11 ശമ്പള ബാന്റുകളിലെ സ്ഥാനക്കയറ്റം കൈകാര്യം ചെയ്യുന്നു. ഈ ഖണ്ഡിക താഴെ കൊടുത്തിരിക്കും വിധം വായിക്കാവുന്നതാണ്. 2.2.11 കമ്മീഷൻ ശിപാർശ ചെയ്ത തുടർച്ചയായ ശമ്പള ബാന്റുകളുടെ സംവിധാനത്തിൽ, മേൽപ്പ റഞ്ഞ 4 വിഭാഗങ്ങളിലുമുള്ള ജീവനക്കാ രെയും വ്യത്യസ്ത **തുടർച്ചയായ ശമ്പള ബാന്റുകളിൽ വിന്യസിക്കാവുന്നതാണ്. തുടർച്ചയായ ഒരേ ശമ്പള ബാന്റിൽ ഒരു തസ്തികയിൽനിന്ന് മറ്റൊന്നിലേക്ക് ഉള്ള സ്ഥാനക്കയറ്റത്തിന്റെ സമയത്ത് ഒരേ തുടർച്ചയായ ശമ്പള ബാന്റിൽ വിവിധ തല ങ്ങളിലുള്ള തസ്തികകളോട് ചേർന്നുള്ള ഗ്രേഡ് ശമ്പളം (അധികാര ശ്രേണിയിൽ ഓരോ തസ്തികയോടും ചേർത്തിട്ടുള്ള ഒരു നിശ്ചിത തുക) വ്യത്യസ്തപ്പെടുന്നതാണ്.**



5/529/17 -2

സ്ഥാനക്കയറ്റത്തിന്റെ സമയത്ത് അധികമായി ഒരു വാർഷിക വർദ്ധനവ് എന്ന രൂപത്തിലുള്ള വർദ്ധനവും നൽകുന്നതാണ്. ഗ്രേഡ് ശമ്പളത്തിന്റെ നിരക്ക് കണക്കാക്കുന്നത് ശമ്പളം പരിഷ്ക്കരിക്കുന്നതിനു മുമ്പുള്ള യോജിപ്പുള്ള ശമ്പള നിരക്കിന്റെ പരമാവധി തൊട്ടടുത്ത നൂറിൽ റൗണ്ട് ചെയ്തതിന്റെ നാല്പത് ശതമാനം നിരക്കിലാണ്. പൊതുവിൽ കണക്കാക്കേണ്ടത് കുറച്ചു കേസുകളിൽ ഗ്രേഡ് ശമ്പളത്തിന്റെ തോത് വ്യത്യസ്തമായി കണക്കാക്കിയിട്ടുണ്ട്. പുതുക്കിയ തുടർച്ചയായ ശമ്പള ബാന്റുകളിൽ ഗ്രേഡ് ശമ്പള സംവിധാനം യോജിപ്പിക്കുന്നതിന് ആവശ്യമാണെന്നതിനാലാണിത്. ഒരു തസ്തികയുടെ സ്ഥിതി ഉയർന്ന ഗ്രേഡ് ശമ്പളം കൊടുത്തിട്ടുള്ള ഒരു ഉയർന്ന തസ്തികയുമായി കണക്കാക്കുന്നത് ഗ്രേഡ് ശമ്പളത്തിലാണ്. (രണ്ടു ഉന്നത സ്കെയിലുകളായ സെക്രട്ടറി/തത്തുല്യവും ക്യാബിനറ്റ് സെക്രട്ടറി/തത്തുല്യവും അവയ്ക്കു ഒരു ഗ്രേഡ് ശമ്പളവും ഇല്ലാത്തതാണ്.). ഒരു ഉയർന്ന തസ്തികയ്ക്കു ഉയർന്ന ഗ്രേഡ് ശമ്പളം കൊടുത്തതായി കണക്കാക്കാവുന്നതുമാണ്. ഗ്രേഡ് ശമ്പളം പടിപടിയായിട്ടുള്ള ഉയർന്ന തസ്തികകൾക്ക് പടിപടിയായി വർദ്ധിച്ചുവരുന്നതും, ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ ഒരു അധിക വാർഷിക വർദ്ധനവിനു പുറമേ ധനപരമായ ആനുകൂല്യമായി വർദ്ധിച്ച ഗ്രേഡ് പേയും കിട്ടുന്നതുമാണ്. ഒരു ശമ്പള ബാന്റിൽ നിന്നും മറ്റൊരു ശമ്പള ബാന്റിലേയ്ക്കുള്ള സ്ഥാനക്കയറ്റങ്ങളിൽ, പുതുക്കിയ ശമ്പള ബാന്റ് ഒരിക്കലും ഉയർന്ന ശമ്പള ബാന്റിന്റെ ഏറ്റവും കുറഞ്ഞതിലും കുറഞ്ഞതാകാൻ പാടുള്ളതല്ല. എല്ലാ തുടർച്ചയായ ശമ്പള ബാന്റുകളിലും ശമ്പള ബാന്റിലെ മൊത്തം ശമ്പളത്തിന്റെ രണ്ടര ശതമാനമെന്ന രൂപത്തിൽ വാർഷിക വർദ്ധനവും തത്തുല്യമായ ഗ്രേഡ് ശമ്പളവുമാണ് ഉള്ളത്. ചില കേസുകളിൽ, നിലവിലുള്ള വാർഷിക വർദ്ധനവിനോടൊപ്പമുള്ള ക്ഷാമ വേതനത്തിലും ഇതിലുള്ള ക്ഷാമബത്തയിലും ഇത് താരതമ്യേന ചെറിയ പതനത്തിനിടയാക്കും. ഇത്, എന്നാൽ, അവിടെ ഏതെങ്കിലും നിശ്ചിതമോ, നിർണ്ണയിക്കപ്പെട്ടതോ ആയ ഘട്ടങ്ങളിലല്ലാതെ വാർഷിക വർദ്ധനവുകൾ ശതമാനാടിസ്ഥാനത്തിൽ നൽകുന്നതിനായുള്ള പൂർണ്ണമായിട്ടുള്ള ഒരു പുതിയ പദ്ധതി ശിപാർശ ചെയ്തിരിക്കുന്നതിനാൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. കൂടുതലായി, വാർഷിക വർദ്ധനവിന്റെ യഥാർത്ഥ തുക ഇപ്പോഴത്തെ പോലെ സ്ഥിരമായി ഇരിക്കുന്ന ഒന്നല്ല, എന്നാൽ അത് ഓരോ വർഷവും വർദ്ധിച്ചു കൊണ്ടിരിക്കുമെന്നതിനാൽ ഉയർന്ന ഘട്ടങ്ങളിൽ നിശ്ചയിച്ചിരുന്നതിനേക്കാൾ പ്രാരംഭ നഷ്ടം കൂടുതലായിരിക്കുന്നതാണ്. പുതുക്കിയ പദ്ധതിയിൽ, വാർഷിക വർദ്ധനവുകളുടെ തീയതി, എല്ലാ കേസുകളിലും ജൂലൈ ഒന്ന് ആയിരിക്കുന്നതാണ്. ജൂലൈ 1-ന് ആറ് മാസം തികയ്ക്കുന്നവരും അതിൽ കൂടുതലുമുള്ള ജീവനക്കാർ അർഹരായിരിക്കുന്നതാണ്. ഇപ്പോൾ നിലവിലിരിക്കുന്ന വാർഷിക വർദ്ധനവ് സമ്പ്രദായത്തിൽ ഒരു പ്രത്യേക തസ്തികയിൽ പ്രവേശിക്കുന്ന മാസത്തെ അടിസ്ഥാനമാക്കി വാർഷിക വർദ്ധനവ് നൽകുന്നത് പലപ്പോഴും ഒരു ഉയർന്ന പദവിയിലുള്ള അയാളുടെ/അവളുടെ കീഴിലുള്ളവരെക്കാൾ കുറഞ്ഞ വേതനം കൈപ്പറ്റുന്നതിലേക്ക് നയിച്ചേക്കാ വുന്നതിൽ നിന്നും ഉയർന്നുവരുന്ന ധാരാളം എണ്ണം അപാകതകൾ പരിഹരിക്കുന്നതിന് ഇത് ശിപാർശ ചെയ്തിരിക്കുന്നു....................

(ഊന്നൽ നൽകിയിരിക്കുന്നു)

11. 2-2-2013 തുടർച്ചയായ ശമ്പള ബാന്റുകളുടെ അവതരണത്തെ കൈകാര്യം ചെയ്യുന്നു. ഈ വ്യവസ്ഥ താഴെ കൊടുത്തിരിക്കും പ്രകാരം വായിക്കാവുന്നതാണ്.

2..2.2013 തുടർച്ചയായ ശമ്പള ബാന്റിന്റെ അവതരണത്തിൽ ആരംഭത്തിൽ താഴെ കാണിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്:-

(i) എല്ലാ ശമ്പള ബാന്റുകൾക്കും ഒരു നീണ്ട കാലയളവ് ഉള്ളതാകയാൽ ഒരു ശമ്പള നിരക്കിൽ ഉള്ള സ്തംഭനം എന്ന പ്രശ്നത്തിന് കാര്യക്ഷമമായ പരിഹാരം കാണാനാകും.

(ii) സ്ഥാനക്കയറ്റത്തിന്റേയും മറ്റും സമയത്തെ ശമ്പള നിർണ്ണയത്തെ സംബന്ധിച്ച എല്ലാ സംഗതികളും അത് വിവിധങ്ങളായ അപാകതകളിലേക്ക് നയിക്കുന്നത് സ്വാഭാവികമായും പരിഹരിക്കപ്പെടും. (സ്ഥാനക്കയറ്റം ഒരു തുടർച്ചയായ തോതിൽ നിന്നും മറ്റൊന്നിലേക്ക് അല്ലാത്തിടത്ത് സ്ഥാനക്കയറ്റത്തിന്റെ സമയത്ത് ഒരു അധിക വാർഷിക വർദ്ധനവിനോടൊപ്പം ഹയർ ഗ്രേഡിൽ ഒരു ശമ്പള പുനർനിർണ്ണയമില്ലാതെ ഗ്രേഡ് ശമ്പളം മാത്രമേ വ്യത്യാസപ്പെടുകയുള്ളൂ). ഇത് സ്ഥാനക്കയറ്റത്തിൽ വരുന്ന ശമ്പള നിർണ്ണയം സംബന്ധിച്ച എഫ് ആറുകളെ (എഫ് ആർ 22 പോലെ) പ്രധാനമായും ആവശ്യത്തിലധികമായതാക്കും.

(iii) നിരവധി ശമ്പള നിരക്കിനെ സംബന്ധിച്ചു തുടർന്നുകൊണ്ടിരിക്കുന്ന അപാകതകളും വാസ്തവത്തിൽ പുതുതായി ഉയർന്നുവരുന്നതും പരിഹരിക്കപ്പെടും.

(iv) ഈ മാതൃക സർക്കാർ സ്ഥാപനങ്ങളെ അധികാര ശ്രേണി കുറയ്ക്കുന്നതാക്കും. എന്നാൽ, ആരംഭത്തിൽ ഗ്രേഡ് ശമ്പളം അധികാര ശ്രേണി പ്രകാരമായിരിക്കുന്നതും എന്നാൽ സർക്കാരിന് പ്രത്യേക ഗ്രേഡ് ശമ്പളം നീക്കം ചെയ്യുകവഴി തട്ടുകൾ നീക്കം ചെയ്യാൻ വഴക്കമുണ്ടായിരിക്കുന്നതാണ്. നീണ്ടകാലയളവിൽ ഗ്രേഡ് ശമ്പളം എന്ന കാര്യം പോലും നീക്കം ചെയ്യാവുന്ന തരത്തിൽ ഈ മാതൃക അനുയോജ്യമായി വ്യത്യസ്തപ്പെടുത്താവുന്നതും അതുവഴി വേഗതയിലുള്ള തീരുമാനങ്ങൾക്കും ഉൽപന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സൗകര്യ ത്തിന് സർക്കാരിന്റെ ഘടനയിലെ മൊത്തമായ തട്ടുകൾ നീക്കുന്നത് ഉറപ്പുവരുത്താവുന്നതുമാണ്.

(v) ഈ മാതൃക, പ്രവൃത്തി, പ്രകടന സംബന്ധമായ പ്രചോദനങ്ങൾ എന്ന വിശ്വാസത്തിന്റെ ആവിർഭാവത്തിന് സൗകര്യ മൊരുക്കുന്നതും തുടർച്ചയായ ശമ്പള ബാന്റിന് ഒരു അനുപൂരകമായി ഒരു വ്യത്യസ്ത ഘടകമായി നൽകാൻ കഴിയുന്നതാക്കും.

(vi) ഒരു തസ്തികയിലെ സ്ഥാനനിർണ്ണയം ഗ്രേഡ് ശമ്പളം വാങ്ങുന്നതിനെ ആശ്രയിച്ചിരിക്കും. ഒരു ഉയർന്ന തലത്തിലുള്ള തസ്തികയെ സംബന്ധിച്ചാണ് ഇത് കൂടുതൽ ശരിയാകുന്നത്. സ്ഥാന നിർണ്ണയം കണക്കാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ശമ്പള നിരക്കുകൾ മുഖ്യമായും അപ്രധാനമായി മാറും. അതിനാൽ, പലപ്പോഴും ഒരു ജൂനിയർ കൂടുതൽ ശമ്പളം (മുഖ്യമായും താഴ്ന്ന ശമ്പള നിരക്കിൽ) താരതമ്യേന അയാളുടെ സിനിയറിനേക്കാളും നീണ്ട സേവനക്കാലയളവുകൊണ്ട് വാങ്ങുന്ന ഇപ്പോഴത്തെ സ്ഥിതി വിശേഷം സ്ഥാന നിർണ്ണയം കണക്കാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ഇനിയൊരിക്കലും സാരാംശമായിരിക്കില്ല.

(vii) രൂപഭേദപ്പെടുത്തിയ എസിപി പദ്ധതിയുടെ ആവശ്യത്തിനു വേണ്ടി തുടർച്ചയായ ശമ്പള ബാന്റുകൾ ഒരു പൊതു അധികാര ശ്രേണി ഉറപ്പാക്കും.

ഒരു താഴ്ന്ന ശമ്പള നിരക്കിലേക്കുള്ള ഒരു തസ്തികയിലേക്ക് അന്യത്ര സേവനത്തിൽ പോകുന്നിടത്ത് ശമ്പള നഷ്ടം സഹിക്കേണ്ടി വരുന്ന നിലവിലെ സ്ഥിതി വിശേഷം (എന്തെന്നാൽ തസ്തികയോട് ചേർന്നുള്ള ശമ്പള നിരക്കിന്റെ ഏറ്റവും ഉയർന്ന ശമ്പളത്തിന് കൂടുതലായി ശമ്പളം നൽകാൻ പാടില്ലാത്തതുകൊണ്ട്) കൂടി ഈ മാതൃകയിൽ പരിഹരിക്കപ്പെടും.

(ഊന്നൽ നൽകിയിരിക്കുന്നു)

12. എതിർകക്ഷി ഓഫീസർക്കുവേണ്ടി ഹാജരാവുന്ന പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. വി. ഗിരി സമർപ്പണത്തിൽ ഭാരത സർക്കാർ ആറാം ശമ്പള കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായും സ്വീകരിച്ചിട്ടുണ്ടെന്നും, റിപ്പോർട്ടിന്റെ 2.2.13 (vi) പ്രകാരം ശമ്പള ബാന്റിനെ അടിസ്ഥാനമാക്കി സ്ഥാന നിർണ്ണയവും വീണ്ടും ഒരിക്കൽകൂടി ചെയ്യേണ്ടതാണ് എന്ന് സമർപ്പിച്ചിരിക്കുന്നു. മറ്റൊരു രീതിയിൽപറഞ്ഞാൽ, പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകന്റെ അഭിപ്രായത്തിൽ ഒരു തസ്തികയിലെ സ്ഥാനനിർണ്ണയം ഗ്രേഡ് ശമ്പളത്തെ മാത്രം ആശ്രയിച്ചാണ് ഉള്ളത്, അതുകൊണ്ട് അർത്ഥമാക്കുന്നത്, ഗ്രേഡ് ശമ്പളം യുക്ത്യാനുസൃതമാക്കുമ്പോൾ യാതൊരു ജൂനിയർ ഓഫീസറും കൂടുതൽ ശമ്പളം വാങ്ങിക്കുകയില്ലെന്നും അതുകൊണ്ട് അനന്തര ഫലമായുള്ള സ്ഥാനനിർണ്ണയം നിർണ്ണയിക്കുന്നതിന് ന്യായീകരണമുള്ളതുമാണ്.

13. ഈ വാദത്തിൽ അടിസ്ഥാനപരമായ ഒരു ധാരണയുള്ളതാണ്. ഒരു സേവനത്തിലെ ഒരു സിനിയർ ഓഫീസർ ജൂനിയറിനെക്കാൾ കുറഞ്ഞ ശമ്പളം കൈപറ്റുന്ന ഒട്ടനവധി സ്ഥിതി വിശേഷങ്ങളുണ്ട്. ഈ കേസ് തന്നെ ഒരു മകുടോദാഹരണമാണ്. എതിർ കക്ഷി - ഓഫീസർമാർ അവർ ദീർഘകാലമായി മറ്റൊരിടത്ത് സേവനമനുഷ്ഠിച്ച് (1987 മുതൽ ഡിഎഎൻഐപിഎസ്) അവരുടെ യോഗ്യതയും സ്ഥാനനിർണ്ണയവും അടിസ്ഥാനമാക്കി ഐപിഎസ്സിലേക്ക് ഒരു പാർശ്വസ്ഥമായ പ്രവേശനം നേടിയെടുത്തു. അവരെ ഐപിഎസ്സിലേക്ക് പ്രവേശിപ്പിക്കുമ്പോൾ, അവർക്ക് അർഹതപ്പെട്ട ഒരു വർഷം നൽകുകയും ആ വർഷത്തിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ തൊട്ടു താഴെ സ്ഥാനം നൽകുകയും ചെയ്യുന്നു. മറ്റൊരു സേവനത്തിലായിരുന്ന ഓഫീസർമാർക്ക് ശമ്പള സംരക്ഷണം ഐപിഎസ്സിലേക്ക് പ്രവേശിപ്പിക്കുമ്പോൾ കിട്ടുകയും അനിവാര്യമായി ആ ആഫീസർ ആ വർഷത്തിൽ ഐപിഎസ്സിലേക്ക് നേരിട്ട് നിയമനം ലഭിച്ചയാളെക്കാൾ ഉയർന്ന ശമ്പളം കൈപറ്റുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ശമ്പള ബാന്റും ഗ്രേഡ് ശമ്പളവും വ്യത്യസ്തമായിരിക്കുന്നതാണ്. സർവ്വീസിലേക്കുള്ള പ്രവേശനത്തിനു മുമ്പ് ഓഫീസർമാരുടെ ഇടയിൽ പ്രവർത്തിക്കാൻവേണ്ടിയുള്ളതാണ് ഗ്രേഡ് ശമ്പളം. അല്ലാതെ ഒരു വ്യത്യസ്ത സേവനങ്ങളിലുള്ള ഓഫീസർമാർക്കിടയിൽ പ്രവേശനത്തിനു ശേഷം പ്രാവർത്തികമാക്കാനുള്ളതല്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഗ്രേഡ് ശമ്പളത്തെ അടിസ്ഥാനമാക്കിയുള്ള സ്ഥാന നിർണ്ണയം ഒരേ സേവനത്തിലുള്ള ഓഫീസർമാർക്കിടയിലുള്ളതും അല്ലാതെ ഒരു വ്യത്യസ്ത സേവനത്തിൽ നേരിട്ട നിയമിതരായ തുടക്കക്കാരുടെ ഗ്രേഡ് ശമ്പളവുമായി യാതൊന്നും ചെയ്യാനില്ലാത്തതുമാണ്, അതായത്, ഈ കേസിലെ ഐ. പി എസ്. അത് കൂടുതൽ വ്യക്തമായ ഭാഷയിൽ പറഞ്ഞാൽ, 1987-ന് ശേഷം ഡി എഎൻഐപിഎസ്-ൽ ഒരു ഓഫീസറായി ജോലി ചെയ്തിരുന്നു എന്നതുകൊണ്ട് ഒരു ഉയർന്ന ശമ്പളവും ഗ്രേഡ് ശമ്പളവും അയാളുടെ ദീർഘകാല സേവനത്തെ സംബന്ധിച്ച് വാങ്ങുന്നുവെന്നതും ഐപിഎസ്സിലേക്ക് പ്രവേശിച്ചപ്പോൾ ശമ്പള ബാന്റ് സംരക്ഷിക്കപ്പെട്ടു എന്നുള്ളതും കൊണ്ടും മാത്രം അദ്ദേഹത്തിനുള്ള

സ്ഥാന നിർണ്ണയം അനവധി വർഷങ്ങളായി നേരിട്ടു നിയമിച്ചിട്ടുള്ള മുഴുവൻ പേരുടെയും മുകളിൽ, അവർ സ്വാഭാവികമായും നേരിട്ടുള്ള നിയമനത്തിനു ശേഷം കുറഞ്ഞ ശമ്പള ബാന്റിൽ മാത്രമാണ് സേവനത്തിലെന്നതിനാൽ അയാൾക്ക് ഒരവകാശമായി അവകാശപ്പെടാൻ സംരക്ഷിക്കപ്പെടുന്നില്ല. അതാണ് ശമ്പള കമ്മീഷൻ അർത്ഥമാക്കിയിട്ടുള്ളത്. പ്രവേശന സമയത്ത് ശമ്പള സംരക്ഷണമില്ലായിരുന്നെങ്കിൽ സ്ഥിതി വിശേഷം വ്യത്യസ്തമാകുമായിരുന്നു. ശമ്പളം സംരക്ഷിച്ചുട്ടുണ്ട് എന്നതുകൊണ്ട് മാത്രം ഓഫീസർമാർ ഡിഎഎൻ ഐപിഎസ്-ൽ പ്രവേശിപ്പിക്കുന്ന സമയത്ത് അതിനകം തന്നെ നേരിട്ടു നിയമിച്ചിട്ടുള്ള, ഏതാനും ചില വർഷങ്ങളായി ഐപിഎസ്സിലുള്ളവർക്ക് മുകളിലായി സ്ഥാനനിർണ്ണയം എന്ന അധിക ആനുകൂല്യം ഉറപ്പാക്കാൻ പറ്റില്ല. ഒരേ സേവനത്തിനകത്ത് വിവിധ തസ്തികകൾക്കിടയിൽ പ്രവർത്തിപ്പിക്കാൻ വേണ്ടിയാണ് ഗ്രേഡ് ശമ്പളത്തിന്റെ മുഴുവൻ പദ്ധതിയും.

14. ശമ്പള കമ്മീഷൻ റിപ്പോർട്ടിന് ഒരു സേവനത്തിലെ സ്ഥാനനിർണ്ണയം തിട്ടപ്പെടുത്തുന്നതിന് യാതൊന്നും ചെയ്യുവാനില്ലാത്തതാണ്. അതിനെ നയിക്കുന്നത് സേവന ചട്ടങ്ങളാണ്. അല്ലെങ്കിൽതന്നെ, ടേംസ് ഓഫ് റഫറൻസ് വ്യക്തമായും സൂചിപ്പിക്കുന്നത്, ശമ്പളം, ബത്തകൾ, മറ്റു സൗകര്യങ്ങളും ആനുകൂല്യങ്ങൾ എന്നിവ നിയന്ത്രിക്കുന്ന ഘടകം, അത് പണമായോ സഹായമായോ നൽകേണ്ടത് എന്നിവ സംബന്ധിച്ച തത്വങ്ങളും അതിന്റെ പ്രാബല്യത്തീയതിയും മുതലായവ പരിശോധിക്കുവാൻ മാത്രമാണ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുള്ളത്. വിളിച്ചിരിക്കുന്നത്. നിർഭാഗ്യവശാൽ, ഹൈക്കോടതി ഖണ്ഡിക 53-ൽ രൂപീകരിച്ചിട്ടുള്ള ചോദ്യമായ ഒരു ജൂനിയർ ഓഫീസർക്ക് അയാളുടെ സീനിയറെക്കാൾ ഉയർന്ന വേതനം കൂടുതൽ സ്പഷ്ടമായി ഗ്രേഡ് ശമ്പളം കൈപ്പറ്റുവാൻ കഴിയുമോ? എന്നതിന് ഉത്തരം നൽകുമ്പോൾ, ഈ കാതലായ വ്യത്യാസം ശ്രദ്ധിച്ചിരുന്നില്ലാത്തതും. മുകളിൽ വിശദീകരിച്ചതുപോലെ, ഒരു ജൂനിയർ ഓഫീസർ ഗ്രേഡ് ശമ്പളം ഉൾപ്പെടെയുള്ള ഉയർന്ന വേതനം കൈപ്പറ്റുന്ന കൂടുതൽ സ്പഷ്ടമായി ഗ്രേഡ് പേ കൈപ്പറ്റുന്ന അങ്ങനെയുള്ള ഒട്ടനവധി സ്ഥിതി വിശേഷങ്ങളുണ്ട്. ഐപിഎസ-്ലെ സ്ഥാനനിർണ്ണയം ഐപിഎസ്-ലെ സേവന ദൈർഘ്യ ത്തെ അടിസ്ഥാനമാക്കി തീർച്ചപ്പെടുത്തണമെന്നതിൽ തർക്കമില്ലാത്തതാണ്. അത് ഒരു ഓഫീസർ ഐപിഎസ്സിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ചെയ്തിട്ടുള്ള വ്യത്യസ്ത സേവനത്തെ അടിസ്ഥാനമാക്കാൻ കഴിയുന്നതല്ല. അത് സ്ഥാനനിർണ്ണയം തിട്ടപ്പെടുത്തുന്നതിനുള്ള അടിസ്ഥാന തത്വങ്ങളുടെ അടിവേര് മുറിച്ചുകളയുന്നതാണ്.

15. ഞങ്ങളും കോടതിക്ക് ഏതെങ്കിലും നിയമനിർമ്മാണത്തിന് നിർദ്ദേശിക്കുന്നതിന് കഴിയുന്നതല്ല എന്ന സുസ്ഥാപിത തത്വം ആവർത്തിച്ചു ഊന്നി പറയുന്നു (മനോജ് നറുള്ള അഭി യൂണിയൻ ഓഫ് ഇന്ത്യ (2014) എസ് സി സി 1 എന്ന ഈ കോടതിയുടെ ഭരണ ഘടന ബഞ്ചിന്റെ തീരുമാനം കാണുക).

16. ഈ അപ്പീലുകൾ അതുപ്രകാരം അനുവദിക്കുന്നു. ഞങ്ങൾ വ്യക്തമാക്കുന്നതെന്തെന്നാൽ - ഐപിഎസ്സിലെ സ്ഥാനനിർണ്ണയം ഐ പിഎസ്സിലേക്കുള്ള പ്രവേശന തീയതിയെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. അത് പ്രവേശനത്തിനു മുമ്പുള്ള മറ്റൊരു സേവനത്തെയും അടിസ്ഥാനമാക്കാൻ കഴിയുന്നതല്ല എന്നതാണ്. അക്കാരണത്താലും, ഹൈക്കോടതി പുറപ്പെടുവിച്ച, 1955-ലെ ഇന്ത്യൻ പോലിസ് സർവീസ് (സ്ഥാനക്കയറ്റത്തിലൂടെയുള്ള നിയമനം) റഗുലേഷനുകളും 2007-ലെ ഇന്ത്യൻ പോലിസ് സർവീസ് (ശമ്പളം) ചട്ടങ്ങളിലെയും വ്യവസ്ഥകളിൽ ഭേദഗതി വരുത്തണമെന്ന നിർദ്ദേശം ദുർബലപ്പെടുത്തുന്നു.

17. ചെലവിനെക്കുറിച്ച് ഒരുത്തരവും ഇല്ല.

*——————*

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ചീഫ് ജസ്റ്റിസ് ജഗദീശ് സിംഗ് കേഖർ**

&

**ബഹു. ജസ്റ്റിസ് അമിതാവ റോയ്**

&

**ബഹു. ജസ്റ്റിസ് എ. എം. ഖാൻവിൽകർ**

**മുരുകൻ നായ്ക്കർ**

*അഭി*

**യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും**

**റിട്ട് ഹർജി (സിവിൽ) നമ്പർ 749/2017**

**2017 സെപ്റ്റംബർ 9-ന് വിധി കല്പിച്ചത്**

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**ഉത്തരവ്**

പരാതിക്കാരി, 13 വയസ്സുള്ള ഒരു പെൺകുട്ടിയും ആരോപിക്കപ്പെട്ട ബലാൽസംഗത്തിന്റെയും ലൈംഗിക പീഡനത്തിന്റെയും ഇരയാകുന്നതും ഈ റിട്ട് ഹർജി അവരുടെ ഗർഭം അലസിപ്പിക്കുന്നതിനായി ഫയൽ ചെയ്തിട്ടുള്ളതുമാണ്. 28-08-2017-നു ഈ സംഗതി ലിസ്റ്റിൽ വന്നപ്പോൾ, ഈ കോടതി മുംബൈയിലുള്ള സർ ജെ.ജെ. ഗ്രൂപ്പ് ആശുപത്രികളിൽ ഒരു മെഡിക്കൽ ബോർഡ് രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകി. ഈ കോടതി ഭിഷഗ്വരന്മാരുടെ സംഘത്തിന്റെ ഘടനയും പ്രസ്താവിച്ചിട്ടുണ്ട് എന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ്. 1-9-2017-ൽ പരാതിക്കാരി മെഡിക്കൽ ബോർഡിനു മുമ്പാകെ ഹാജരാകുകയും ഈ കോടതിയുടെ ഉത്തരവു പ്രകാരം

മുംബൈയിലുള്ള സർ. ജെ.ജെ. ഗ്രൂപ്പ് ആശുപത്രികളിൽ 7-9-2017-നു വൈകിട്ട് പരാതിക്കാരി ഹാജരാകുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. ആയതിനാൽ ഗർഭം അലസിപ്പിക്കൽ 8-9-2017-ന് അഭികാമ്യമായി നടത്താൻ കഴിയുന്നതാണ്. ശ്രീ. നിശാന്ത്. ആർ. കത്നേശ്വാർക്കർ മുംബൈയിലുള്ള സർ. ജെ.ജെ. ഗ്രൂപ്പ് ആശുപത്രികളിലെ ഡീനിനെ വിവരം ധരിപ്പിക്കേണ്ടതാണ്. ആയതിനാൽ അദ്ദേഹത്തിനോ/അവർക്കോ ഗർഭം അലസിപ്പിക്കലിനുള്ള ആവശ്യമായ ഒരുക്കങ്ങൾ നടത്തുവാൻ കഴിയുന്നതാണ്. ഇതുപ്രകാരം റിട്ട് ഹർജി തീർപ്പാക്കുന്നു. ചെലവിനായി ഒരുത്തരവില്ല.

രൂപീകൃതമായ മെഡിക്കൽ ബോർഡ് ഗർഭം അലസിപ്പിക്കൽ നടപ്പിലാക്കണം എന്ന അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തു. അതിനും പുറമേ, ഈ ഘട്ടത്തിലുള്ള ഗർഭം അലസിപ്പിക്കലും, കാലാവധി പൂർത്തിയാക്കിയ പ്രസവവും, രണ്ടും ഒരുപോലെ അമ്മയ്ക്ക് അപകട സാദ്ധ്യതയുള്ളതാണ് എന്നും അഭിപ്രായപ്പെട്ടു. ജനിക്കുന്ന കുഞ്ഞ് മാസം തികയാത്തതാകാനും അതിന് തനതായ സങ്കീർണ്ണതകളുണ്ടായേക്കാമെന്നും നവജാത ശിശുവിനുള്ള തീവ്ര പരിചരണ യൂണിറ്റിൽ പ്രവേശിപ്പിക്കേണ്ട ആവശ്യമുണ്ടായേക്കാമെന്നുകൂടി ബോർഡ് അഭിപ്രായം അറിയിക്കുകയും ചെയ്തു. പരാതിക്കാരിക്കുവേണ്ടി ഹാജരാവുന്ന പാണ്ഡിത്യമുള്ള അഭിഭാഷക കുമാരി സ്നേഹ മുഖർജിയേയും യൂണിയൻ ഓഫ് ഇന്ത്യക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള സോളിസിറ്റർ ജനറൽ ശ്രീ. രഞ്ജിത് കുമാറിനെയും മഹാരാഷ്ട്ര സർക്കാരിനുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. നിശാന്ത്. ആർ കത്നേശ്വർക്കറിനെയും ഞങ്ങൾ കേട്ടു.

പരാതിക്കാരിയുടെ വയസ്സും ലൈംഗിക പീഡനത്താൽ അവർ സഹിച്ച ആഘാതവും ഇപ്പോൾ സഹിച്ചുകൊണ്ടിരിക്കുന്ന യാതനയും ഇതിനെല്ലാം പുറമെ ഈ കോടതി രൂപീകരിച്ച മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടും പരിഗണിക്കുമ്പോൾ ഗർഭം അലസിപ്പിക്കുന്നത് അനുവദിക്കുന്നതായിരിക്കും ഉചിതമെന്ന് ഞങ്ങൾ വിചാരിക്കുന്നു.

മേൽ വിവരങ്ങളുടെ അനുമാനത്തിൽ മുംബൈയിലുള്ള സർ ജെ.ജെ. ഗ്രൂപ്പ് ആശുപത്രികളിൽ 7-9-2017-നു വൈകിട്ട് പരാതിക്കാരി ഹാജരാവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. ആയതിനാൽ ഗർഭം അലസിപ്പിക്കൽ 8-9-2017-ന് അഭികാമ്യമായി നടത്താൻ കഴിയുന്നതാണ്. ശ്രീ. നിശാന്ത്. ആർ കത്നേശ്വാർക്കർ മുംബൈയിലുള്ള സർ ജെ.ജെ. ഗ്രൂപ്പ് ആശുപത്രികളിലെ ഡീനിനെ വിവരം ധരിപ്പിക്കേണ്ടതാണ്. ആയതിനാൽ അദ്ദേഹത്തിനോ/അവർക്കോ ഗർഭം അലസിപ്പിക്കലിനുള്ള ആവശ്യമായ ഒരുക്കങ്ങൾ നടത്താൻ കഴിയുന്നതാണ്.

ഇന്ന് പാസ്സാക്കിയ ഈ ഉത്തരവിന്റെ ഒരു പകർപ്പ് പരാതിക്കാരിയുടെ പാണ്ഡിത്യമുള്ള അഭിഭാഷകനും മഹാരാഷ്ട്ര സർക്കാരിനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. നിശാന്ത്. ആർ കത്നേശ്വാർക്കാറിനു കൈമാറേണ്ടതാണ്.

ഇതുപ്രകാരം റിട്ട് ഹർജി തീർപ്പാക്കുന്നു. ചെലവിനായി ഒരുത്തരവില്ല.

*————*

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ആർ.കെ.അഗ്രവാൾ**

**&**

**ബഹു. ജസ്റ്റിസ് അഭയ് മനോഹർ സപ്രേ**

**ഭാർഗ്ഗവി കൺസ്ട്രക്ഷൻസും മറ്റൊരാളും**

*അഭി*

**യൂണിയൻ ഓഫ് ഇൻഡ്യ**

**ട്രാൻസ്ഫേർഡ് കേസ് (സിവിൾ) നം.25/2015**

**2017 ഏപ്രിൽ 27-ന് വിധി കല്പിച്ചത്**

**കോത്തക്കാപ്പു മുത്യം റെഡ്ഡിയും മറ്റുള്ളവരും**

**സിവിൽ അപ്പീൽ നം. 11345/2017**

**(പ്രത്യേകാനുമതി ഹർജി (സിവിൽ) നമ്പർ 23605/2015-ൽ നിന്നുത്ഭവിച്ചത്)**

**2017 സെപ്തംബർ 7-ന് വിധികല്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

എതിർകക്ഷികൾക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ രണ്ടാം സമർപ്പണത്തെ സംബന്ധിച്ച് അതിന് യാതൊരു ഗുണമേന്മയും ഇല്ല എന്നതാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ, **പഞ്ചാബ് സംസ്ഥാനം** (മുകളിലത്തെ) എന്ന കേസിലെ വിധിന്യായം ഒരു വലിയ ബെഞ്ചിന്റെ (മൂന്ന് ജഡ്ജി) വിധിന്യായമാണ് ഇതും, അതുകൊണ്ട് ഞങ്ങൾക്ക് ബാധകമാകുന്നതാണ്. തർക്കത്തിൽ മേലുള്ള ചോദ്യത്തിൽ മേൽ വിധിന്യായം പുന:പരിശോധിക്കേണ്ടതാണെന്ന് എന്ന് തർക്കിക്കുന്നതിന് ഒരു ശ്രമവും എടുത്തിട്ടില്ല. അതിനും പുറമേ, ഈ കോടതി ലോക് അദാലത്തിന്റെ അവാർഡിനെതിരെ തർക്കിക്കുന്നത് പിന്തുടരുന്നതിന് ഒരു പ്രത്യേക പരിഹാരം ഉണ്ടാക്കിയിരിക്കുന്ന സ്ഥിതിക്ക്, ഞങ്ങളുടെ കാഴ്ചപ്പാടിൽ, വ്യവഹാരി അയാളുടെ സങ്കടം ആദ്യ സന്ദർഭത്തിൽ തന്നെ ന്യായനിർണ്ണയം ചെയ്യുന്നതിന് അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പോലെ അത് പൂർണ്ണ അർത്ഥത്തിൽ തന്നെ പിൻതുടരേണ്ടതാണ്. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 141 പ്രകാരം അത് ഒരു രാഷ്ട്രനിയമം ആണ് എന്നതാണ് അതിന്റെ കാരണം. (എം. നാഗരാജ് മറ്റുള്ളവരും അഭി യൂണിയൻ ഓഫ് ഇൻഡ്യയും മറ്റുള്ളവരും 2006(8) എസ്സിസി 212 കാണുക). അപ്പോൾ പിന്നെ, റിട്ട് കോടതിയാണ് ഈ കേസിൽ നിന്നും ഉതിരുന്ന വസ്തുതകളിന്മേൽ ഏതുത്തരവ് വേണം പാസ്സാക്കണമെന്ന് തീരുമാനിക്കേണ്ടത്. അപ്പീൽ അനുവദിച്ചു.

## വിധിന്യായം

ജസ്റ്റിസ് അഭയ് മനോഹർ സപ്രേ,

1) അനുമതി നൽകി.

2) അപ്പീൽ ഹർജി നം. 968/2013-ൽ തെലുങ്കാന സംസ്ഥാനത്തിനും ആന്ധ്രപ്രദേശ് സംസ്ഥാനത്തിനും വേണ്ടിയുള്ള ഹൈദരാബാദിലെ ഹൈക്കോടതി നീതിന്യായ മണ്ഡപം പാസ്സാക്കിയ അന്തിമ വിധിന്യായത്തിനും ഉത്തരവിനും എതിരെയാണ് ഈ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്, അതിൽ ഹൈക്കോടതി ഇതിലെ പ്രതികൾ ഫയൽ ചെയ്ത അപ്പീൽ കോടതി ചെലവോടു കൂടി അനുവദിക്കുകയും 24.7.2013-ൽ ഒ.എസ് നമ്പർ 107/2010-ലെ ഐ.എ നം. 894/2010-ൽ രംഗ റെഡ്ഡി ജില്ലയിലെ രണ്ടാം അഡീഷണൽ ജില്ലാ ജഡ്ജി പാസ്സാക്കിയ ഉത്തരവ് അസാധുവാക്കുകയും ചെയ്തു.

3) ഈ അപ്പീലിൽ ഉൾപ്പെട്ടിട്ടുള്ള ലഘു നിയമതർക്കം അപഗ്രഥിക്കുന്നതിന് ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുതാതർക്കങ്ങൾ വിശദമായി അപഗ്രഥിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ലാത്തതും ഈ കേസ്സിൽ ഉത്ഭവിച്ചിട്ടുള്ള നിയമ പ്രശ്നം വിശകലനം ചെയ്യുന്നതിന് ചില വസ്തുതകൾ മാത്രം വിശദീകരിക്കുന്നത് ഈ അപ്പീൽ തീരുമാനിക്കുന്നതിന് ഉചിതമായേക്കാവുന്നതുമാണ്.

4) 07.05.2007-ൽ ടി.ജഗത്ത് സിംഗ് (ഇതിലെ 5-ാം എതിർ കക്ഷി) ഒരു സിവിൽ കേസ് ഒ.എസ് 481/2007 ഇതിലെ 1 മുതൽ 34 വരെ നമ്പർ എതിർ കക്ഷികൾക്ക് എതിരായി (1 മുതൽ 33 വരെ നമ്പർ പ്രതികൾ) രംഗ റെഡ്ഡി ജില്ലാ കോടതിയിലെ ജില്ലാ ജഡ്ജിയുടെ കോടതിയിൽ ഫയൽ ചെയ്തു.

5) രംഗ റെഡ്ഡി ജില്ലയിലെ പപ്പാൽ ഗൂഡ വില്ലേജിലെ രാജേന്ദ്രനഗർ മണ്ഡലിൽ സ്ഥിതിചെയ്യുന്ന 51.29 ഗുന്താകൾ (262-274 സർവ്വേ നമ്പരുകൾ) മൊത്തത്തിൽ അളവുള്ള കൃഷി സ്ഥലത്തെ (ഇനിമേൽ വ്യവഹാര വസ്തു വെന്ന് പരാമർശിക്കും) സംബന്ധിച്ച് കക്ഷികൾ തമ്മിൽ 28.12.1995-ൽ ഏർപ്പെട്ടു എന്നു പറയപ്പെടുന്ന വില്പന കരാറിന്റെ പ്രത്യേക നിർവ്വഹണത്തിനായാണ് ഈ വ്യവഹാരം.

6) ആദ്യമായി, വാദി 1 മുതൽ 9 വരെ നമ്പർ പ്രതികൾക്ക് എതിരായി മാത്രം വ്യവഹാരം ഫയൽ ചെയ്തിരുന്നതും എന്നാൽ പിന്നീട് 10 മുതൽ 33 വരെ നമ്പർ പ്രതികൾ അവരെ സിവിൽ വ്യവഹാരത്തിലെ 10 മുതൽ 33 വരെ നമ്പർ പ്രതികളായി ചേർക്കുന്നതിലേക്കായി ഒരു അപേക്ഷ നൽകി, അവർ പറയുന്നതനുസരിച്ച് സിവിൽ വ്യവഹാരത്തിലെ വിഷയത്തിലും അതിലെ തീരുമാനത്തിലും അവർക്ക് ഒരവകാശമുള്ളതിനാൽ അവരും ഈ കേസിലെ അവശ്യ കക്ഷികളാണ് എന്നതാണ്. അവരുടെ പ്രാർത്ഥന അനുവദിച്ചു. ഈ പ്രതികൾ അപ്പോൾ ഈ വ്യവഹാരത്തിൽ തർക്കിക്കുന്നു.

7) സിവിൽ വ്യവഹാരം നിലവിലിരിക്കുന്ന സമയത്ത്, 22.8.2007-ൽ കക്ഷികൾ (വാദിയും പ്രതികളും) വ്യവഹാരത്തിലെ വസ്തുവിനെ സംബന്ധിച്ച സംഗതി ഒത്തുതീർപ്പാക്കുകയും അതിനെ സംബന്ധിച്ച് ലിഖിതമായ ഒത്തു തീർപ്പിലേർപ്പെടുകയും ചെയ്തു.

8) 22.8.2007-ൽ നടന്ന ലോക് അദാലത്ത് യോഗത്തിൽ, വ്യവഹാരത്തി ലെ എല്ലാ കക്ഷികളും ഒപ്പു വച്ച ഒരു കൂട്ടായ ഒത്തു തീർപ്പ് അപേക്ഷ തദനുസൃതമായി ലോക് അദാലത്ത് മുമ്പാകെ ഫയൽ ചെയ്തു.

9) ഈ വ്യവഹാരം, കക്ഷികൾ ഫയൽ ചെയ്ത ഒത്തുതീർപ്പപേക്ഷയുടെ വ്യവസ്ഥകളിന്മേൽ തീരുമാനിക്കുന്നതിനായി വച്ചിരുന്ന ലോക് അദാലത്തിലെ അംഗങ്ങൾ കേസ്



5/529/17 -3

തീരുമാനിക്കുന്നതിനായി ഒത്തുതീർപ്പപേക്ഷ പരിശോധിക്കുകയും അത് ക്രമത്തിലാണെന്ന് കണ്ട് ഒത്തുതീർപ്പപേക്ഷ സ്വീകരിക്കുകയും ചെയ്തു. 1987-ലെ ലീഗൽ സർവ്വീസസ് അതോരിറ്റിസ് ആക്റ്റ് (ഇനിമേൽ ആക്റ്റ് എന്ന് പരാമർശിക്കപ്പെടും) വകുപ്പ് 21 അനുസരിച്ച് ഒത്തുതീർപ്പപേക്ഷയിലെ വ്യവസ്ഥക്കനുസൃതമായി 22.8.2007-ൽ ഒരു അവാർഡ് പാസ്സാക്കിയിട്ടുള്ളതും, അത് ഒത്തു തീർപ്പായതിനാൽ വ്യവഹാരം തീർപ്പാക്കിട്ടുള്ളതുമാണ് (അനുബന്ധം പി-2).

10) 14.11.2009-ൽ ഇതിലെ 1 മുതൽ 4 വരെ നമ്പർ പ്രതികൾ (അവർ വ്യവഹാരം നം.481/2007-ലെ 22 മുതൽ 25 നമ്പർ വരെ യഥാർത്ഥ പ്രതികളായിരുന്നു). വാദിക്ക് എതിരായി സിവിൽ വ്യവഹാരം നം. 107/2010-ഉം ബാക്കി പ്രതികൾ സിവിൽ വ്യവഹാരം നം. 481/2007-ഉം ഫയൽ ചെയ്യുകയും ചെയ്തു. ഈ കേസ് രംഗ റെഡ്ഡി ജില്ലയിലെ എൽ.ബി നഗറിലെ കകാം അഡീഷണൽ ജില്ലാ ജഡ്ജിയുടെ കോടതിയിലാണ് ഫയൽ ചെയ്തിട്ടുള്ളത്.

11) 22.08.2007-ലെ സിവിൽ വ്യവഹാരം നമ്പർ 481/2007-ൽ ലോക് അദാലത്ത് പാസ്സാക്കിയ അവാർഡ് ഈ വ്യവഹാരത്തിലെ പ്രതികൾ വാദികളുടെ മേൽ തട്ടിപ്പിലൂടെയും തെറ്റിദ്ധരിപ്പിക്കലിലൂടെയും നേടിയെടുത്തതാണെന്നും അതിനാൽ 22.8.2007-ലെ ആ അവാർഡ് നിയമാനുസൃതമല്ലാത്തതും അസാധുവും ശൂന്യവുമാണെന്നും വാദികൾക്ക് ബാധകമാകുന്നതല്ലെന്നും പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനത്തിനുവേണ്ടിയാണ് ഈ വ്യവഹാരം ഫയൽ ചെയ്തിരിക്കുന്നത്.

12) വാദികൾ പറയുന്നതനുസരിച്ച്, സിവിൽ വ്യവഹാരം നം.481/2007-ൽ പ്രതികളോടൊപ്പം അവരും അവാർഡിലെ കക്ഷികളായിരുന്നെങ്കിലും 22.8.2007-ലെ അവാർഡ്, കക്ഷികൾ വാദികളോട് വസ്തുതകൾ തെറ്റിദ്ധരിപ്പിക്കലിലൂടെ പ്രതികൾ കളിച്ച തട്ടിപ്പിൽ, അവരുടെ കൂടുതൽ സ്ഥലം അവരുടെ അറിവില്ലാതെയും അവരുടെ നിരക്ഷരത മുതലെടുത്തുകൊണ്ടും നേടിയെടുത്തിട്ടുള്ള തിനാൽ അത് ഒരു നിയമാനുസൃത അവാർഡല്ലെന്നും അതുകൊണ്ട് വാദികൾക്ക് ബാധകമാകുന്നതല്ലെന്നുമാണ്. ഈ തർക്കങ്ങളിലൂടെ, വാദികൾ 22.08.2007-ലെ അവാർഡ് നിയമാനുസൃതമല്ലാത്തതും, അസാധുവും, പ്രവർത്തനരഹിതവും വാദികളെ ബാധിക്കാത്തതുമാണ് എന്ന് പ്രഖ്യാപിക്കുന്നതിന് പ്രാർത്ഥിക്കുന്നു.

13) പ്രതികൾക്ക് വ്യവഹാരത്തെക്കുറിച്ചുള്ള അറിയിപ്പ് നൽകിയപ്പോൾ 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ ആർഡർ 7 ചട്ടം 11(ഡി) (ഇനിമേൽ നിയമസംഹിത എന്നാണ് പരാമർശിക്കപ്പെടുക) പ്രകാരം അവർ ഒരപേക്ഷ ഫയൽ ചെയ്യുകയും അന്യായം തള്ളിക്കളയാൻ പ്രാർത്ഥിക്കുകയും ചെയ്തു. പ്രതികൾ പറയുന്നതനുസരിച്ച്, ഈ വ്യവഹാരം ലോക് അദാലത്തിന്റെ അവാർഡിനെതിരായി തർക്കിച്ചുകൊണ്ടുള്ളതിനാൽ അത് നിയമസംഹിതയിലെ ആർഡർ 7 ചട്ടം 11 (ഡി) യുടെ അടിസ്ഥാനത്തിലുള്ള കാഠിന്യത്താൽ തടസ്സ മുണ്ടെന്നും അത് നിലനിൽക്കത്തക്കതല്ലാത്തതുമാണ് എന്നതാണ്. പഞ്ചാബ് സർക്കാരും മറ്റൊരാളും അഭി ജാലർ സിംഗും മറ്റുള്ളവരും (2008) 2 എസ്സിസി660-ൽ ഈ കോടതി വിധിച്ചിട്ടുള്ളതുപോലെ വാദിക്കുള്ള പരിഹാരം എന്നത് 22.08.2007-ലെ അവാർഡിനെതിരെ തർക്കിച്ചുകൊണ്ട് ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 226-ഉം/അല്ലെങ്കിൽ 227-ഉം പ്രകാരം ഒരു റിട്ട് ഹർജി ഫയൽ ചെയ്യുക എന്നതായിരുന്നുവെന്ന് തർക്കിച്ചിരിക്കുന്നു.

14) വിചാരണ കോടതി 24.7.2013-ലെ ഉത്തരവ് വഴി പ്രതികൾ ഫയൽ ചെയ്ത അപേക്ഷ അനുവദിക്കുകയും ചട്ടം 11

ഖണ്ഡം (ഡി) പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് അന്യായം തള്ളിയിട്ടു ള്ള തുമാണ്. ലോക് അദാലത്തിന്റെ അവാർഡി നെതിരെ തർക്കിക്കുന്നതിന് ഒരു സിവിൽ വ്യവഹാരം ഫയൽ ചെയ്യുന്നതിന് പരോക്ഷമായി തടസ്സമുണ്ടെന്നും അവാർഡി നെതിരെ തർക്കിക്കുന്നതിന് ഉള്ള വാദി കളുടെ പരിഹാരത്തിന് പഞ്ചാബ് സർക്കാർ (മുകളിലത്തെ) എന്ന കേസിൽ ഈ കോടതി തീരുമാനിച്ച പോലെ ഭാരതത്തിന്റെ ഭരണഘടനയിലെ അനുച്ഛേദം 226-ഉം/ അല്ലെങ്കിൽ 227-ഉം പ്രകാരം റിട്ട് ഹർജി ഫയൽ ചെയ്യുകയെന്നതാണ് എന്ന് വിധിക്കു കയും ചെയ്തു.

15) വാദികൾ സങ്കടപ്പെട്ടുകൊണ്ട്, ഹൈക്കോടതിയിൽ, ഒരു അപ്പീൽ ഫയൽ ചെയ്തു. ചോദ്യം ചെയ്യപ്പെട്ട ഉത്തരവിനാൽ ഹൈക്കോടതി അപ്പീൽ അനുവദിക്കുകയും വിചാരണ കോടതിയുടെ ഉത്തരവ് തള്ളി ക്കളയുകയും നിയമമനുസരിച്ച് യോഗ്യത യിന്മേൽ തീരുമാനിക്കുന്ന തിലേയ്ക്കായി കേസ് വിചാരണ കോടതിയുടെ ഫയലിൽ പുന:സ്ഥാപിക്കുകയും ചെയ്തു. തെറ്റായ തെറ്റിദ്ധാരണ, തട്ടിപ്പ് എന്നീ ആരോപണ ങ്ങളുടെ അടിസ്ഥാനത്തിലാണ് വ്യവഹാര മെന്നതിനാൽ അതിന്റെ യോഗ്യതയിന്മേൽ സിവിൽ കോടതി വിചാരണയ്ക്ക് എടുക്കു ന്നതിന് പര്യാപ്തമാണെന്ന് ഹൈക്കോടതി വിധിച്ചു.

16) ഈ ഉത്തരവിനെതിരായി, സങ്കടപ്പെട്ടു കൊണ്ട് പ്രതികൾ ഈ കോടതി മുമ്പാകെ പ്രത്യേകാനുമതിയായി ഈ അപ്പീൽ ഫയൽ ചെയ്തു.

17) അപ്പീൽ വാദികൾക്കുവേണ്ടിയുള്ള മുതിർന്ന അഭിഭാഷകരായ ശ്രീ.ദുഷ്യന്ത് ദവേയും ശ്രീ. ജയന്ത് ഭൂഷണിനെയും എതിർ കക്ഷികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ.ബി.ആദിനാരായണ, ശ്രീ.ഡി.മഹേഷ് ബാബു, ശ്രീ.പ്രണവ് മുള്ളിക്, ശ്രീ.ഇജാസ് മക്ബൂൽ എന്നിവരെയും കേട്ടു.

18) അപ്പീൽ വാദികൾക്ക് (പ്രതികൾ) വേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ.ദുഷ്യന്ത് ദവേ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിന്റെ നിയമ സാധുതയേയും കൃത്യതയേയും പറ്റി വിമർശിക്കുമ്പോൾ ഒരൊറ്റ നിയമ സന്ദർഭ ത്തെപ്പറ്റിയേ തർക്കിച്ചിട്ടുള്ളു. വിചാരണ കോടതി എത്തിച്ചേർന്ന കാരണങ്ങളും തീർപ്പും തികച്ചും ശരിയായതും എന്നാൽ ഹൈക്കോടതി എത്തിച്ചേർന്ന കാരണങ്ങളും തീർപ്പും അങ്ങനെയല്ലാത്തതും ആകുന്നതു കൊണ്ട് വിചാരണ കോടതിയുടെ ഉത്തരവ് പുന:സ്ഥാപിക്കൽ അർഹിക്കുന്നുവെന്ന് അദ്ദേഹം എടുത്ത് കാട്ടി.

19) അദ്ദേഹത്തിന്റെ സമർപ്പണം വിശദീ കരിക്കുമ്പോൾ, ശ്രീ.ദുഷ്യന്ത് ദവേ ഈ കോടതി പഞ്ചാബ് സർക്കാർ (മുകളിലത്തെ)-ൽ അടിത്തറയിട്ട നിയമത്തിൽ വിശ്വാസ മർപ്പിക്കുകയും അദ്ദേഹം ഉയർത്തിയിട്ടുള്ള തർക്കം ഒരിക്കലും തീരുമാനിക്കപ്പെടാത്ത തല്ലാത്തതും അപ്പീൽ വാദിക്കനുകൂലമായി ഈ കോടതി തീരുമാനിച്ചിട്ടുള്ള തുമാണെന്ന് തർക്കിക്കുകയും ചെയ്തു.

20) ആർഡർ 7 ചട്ടം 11 (ഡി) ഖണ്ഡത്തിൽ വരുന്ന ഏതെങ്കിലും നിയമത്താൽ തടഞ്ഞിട്ടുള്ള എന്ന പദപ്രയോഗത്തിൽ നിയമനിർമ്മാണസഭ, നിയമനിർമ്മാണം നടത്തിയ തടസ്സം സൃഷ്ടിക്കുന്ന ഏതൊരു ആക്റ്റ് മാത്രമല്ല എന്നാൽ നിയമം എന്ന പദപ്രയോഗത്തിൽ സുപ്രീം കോടതിയുടെ ജൂഡീഷ്യൽ തീരുമാനം കൂടി അതിൽ ഉൾപ്പെടും, അവ ഭാരതത്തിന്റെ ഭരണ ഘടനയുടെ അനുച്ഛേദം 141-ന്റെ അടിസ്ഥാന ത്തിൽ രാജ്യത്തെ എല്ലാ കോടതികൾക്കും ബാധകമാണെന്നുതാണ് അദ്ദേഹത്തിനുള്ളത്

21) മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആർഡർ 7 ചട്ടം 11 (ഡി) യിൽ വരുന്ന നിയമം എന്ന പദപ്രയോഗം അതിൽ ഏതെങ്കിലും ആക്റ്റ് അത് പ്രത്യക്ഷത്തിൽ

നിയമസഭ നിർമ്മിച്ച നിയമം മാത്രമല്ല സുപ്രീം കോടതിയുടെ ഒരു തീരുമാനം ഉൾപ്പെടുന്ന വിധംവിശാലതയിൽ വ്യാഖ്യാനിക്കേതാണെ ന്നതാണ് അദ്ദേഹത്തിന്റെ സമർപ്പണം.

22)അപ്പീൽ വാദികൾ (പ്രതികൾ) അതുകൊണ്ട് നിയമസംഹിതയിലെ ആർഡർ 7 ചട്ടം 11 (ഡി) പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് പഞ്ചാബ് സർക്കാർ (മുകളിലത്തെ) ഈ കോടതി സ്ഥാപിച്ച നിയമത്തിന്റെ ബലത്തിൽ ഈ അന്യായം തള്ളിക്കളയുവാൻ പ്രാർത്ഥിക്കുന്നതിൽ ന്യായീകരിക്കപ്പെടുന്നു എന്ന് പാണ്ഡിത്യ മുള്ള അഭിഭാഷകൻ ഉദ്ബോധിപ്പിക്കുന്നു.

23) മറുപടിയായി, പ്രതികൾക്കുവേണ്ടി യുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിനെ അനുകൂലി ക്കുന്നതി നോടൊപ്പം ഹൈക്കോടതി എത്തി ച്ചേർന്ന കാരണങ്ങളും തീരുമാനവും ന്യായവും ഉചിതവുമാണ് അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ ഇടപ്പെടേണ്ടത് ആവശ്യമായിവരുന്നില്ലായെന്ന് വാദിച്ചു,

24) കക്ഷികൾക്കു വേണ്ടിയുള്ള പാണ്ഡിത്യ മുള്ള അഭിഭാഷകരെ കേട്ടതിനും കേസിന്റെ രേഖകൾ പരിശോധിച്ചതിനും ശേഷം അപ്പീൽവാദികളുടെ പാണ്ഡിത്യമുള്ള അഭിഭാഷകന്റെ സമർപ്പണത്തിന് കരുത്ത് ഉണ്ടെന്ന് ഞങ്ങൾ കാണുന്നു.

25)പഞ്ചാബ് സർക്കാർ (മുകളിലത്തെ) എന്ന കേസിൽ ഈ കോടതി (മൂന്നംഗ ജഡ്ജിമാരുടെ ബെഞ്ച്) മുമ്പാകെ ഉയർന്ന ചോദ്യം, ആക്റ്റിലെ വകുപ്പ് 20 പ്രകാരം ലോക് അദാലത്ത് പാസ്സാക്കിയ അവാർഡിൽ സങ്കടപ്പെടുന്ന ഒരാൾക്ക് ലഭ്യമായ പരിഹാരം എന്താണെന്നതാണ്. ആ കേസിൽ, മോട്ടോർ വാഹന ആക്റ്റിൽ നിന്നും ഉത്ഭവിച്ച ഒരു ക്ലെയിം കേസിനെ സംബന്ധിച്ച് ഹൈക്കോട തിയിൽ നിലവിലുണ്ടായിരുന്ന അപ്പീൽ ലോക് അദാലത്ത് പാസ്സാക്കിയ അവാർഡിന്റെ അനന്തരഫലമായി തീരുമാനിക്കപ്പെട്ടതാണ്. അവാർഡിൽ സങ്കടപ്പെട്ട് കൊണ്ട് അപ്പീലിലെ ഒരു കക്ഷി ഭാരതത്തിന്റെ ഭരണഘടനയിലെ അനുച്ഛേദം 226/227 പ്രകാരം ഒരു റിട്ട് ഹർജി ഫയൽ ചെയ്യുന്നതിന്റെ നിയമസാധുതയും കൃത്യതയും ചോദ്യം ചെയ്തു. ഹൈക്കോടതി റിട്ട് ഹർജ്ജി നിലനിൽക്കത്തക്കതല്ലായെ ന്നുകണ്ട് തള്ളിക്കളഞ്ഞു. സങ്കടമുള്ള കക്ഷി, ഈ കോടതി മുമ്പാകെ പ്രത്യേകാനുമതിവഴി ഒരു അപ്പീൽ ഫയൽ ചെയ്തു. ഈ കോടതി, ആക്റ്റിന്റെ പദ്ധതി പരിശോധിച്ചശേഷം അപ്പീൽ അനുവദിക്കുകയും ഹൈക്കോ ടതിയുടെ ഉത്തരവ് റദ്ദാക്കുകയും ചെയ്തു. ഹൈക്കോടതി റിട്ട് ഹർജ്ജി നിലനിൽക്ക ത്തക്കതല്ലായെന്നു കണ്ട് തള്ളിക്കളഞ്ഞത് ശരിയായി ല്ലായെന്ന് ഈ കോടതി വിധിച്ചു. സങ്കടമനുഭവിക്കുന്ന ആളിന് ലഭ്യമായ ഏക പരിഹാരം ഹൈക്കോടതിയിൽ ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 226 ഉം അല്ലെങ്കിൽ 227 പ്രകാരം ലോക് അദാലത്തിന്റെ അവാർഡിനെതിരെ തർക്കിച്ചുകൊണ്ട് ഒരു റിട്ട് ഹർജ്ജി ഫയൽ ചെയ്യുകയെന്നതാണ് ലഭ്യമായ മാർഗ്ഗം എന്നും അതും വളരെ ചുരുങ്ങിയ കാരണങ്ങളിൽ മാത്രമേ ലഭ്യമാകുന്നുള്ളു എന്നും വിധിച്ചു, ആ കേസ് അതു പ്രകാരം നിയമ പ്രകാരമുള്ള അതിന്റെ അർഹതയിന്മേൽ റിട്ട് ഹർജി തീരുമാനി ക്കുന്നതിലേയ്ക്കായി ഹൈക്കോടതിയി ലേക്ക് തിരിച്ചയച്ചു.

26)ബഹു. ജഡ്ജിമാർ 12-ാം ഖണ്ഡിക യിൽ ഇതു തന്നെയാണ് പറഞ്ഞത്:

> "12. കക്ഷികൾ തമ്മിൽ ഏർപ്പെട്ട ഒരു ഒത്തുതീർപ്പിനനുസൃതമായി (അത് കക്ഷികൾ കൃത്യമായി ഒപ്പുവച്ചിട്ടുള്ളതും ലോക് അദാലത്തിന്റെ അവാർഡിന് അനുബന്ധമായി ചേർത്തിട്ടുള്ളതുമാണ്) ലോക് അദാലത്ത് ഒരു അവാർഡ് ഉണ്ടാക്കുമ്പോൾ, ഒത്തുതീർപ്പിലെ കക്ഷി കൾക്ക് അത് അന്തിമവും ബാധകമാ കുന്നതും ഒരു സിവിൽ കോടതിയുടെ ഒരു ഡിക്രി പോലെ അത് വിധി നടത്താവുന്നതും

അതിനെതിരെ ഏതെങ്കിലും കോടതിയിൽ ഒരപ്പീലും നിലനിൽക്കാത്തതുമാണ് എന്നത് സത്യമാണ്. ഒത്തുതീർപ്പിനെ അടിസ്ഥാനമാക്കിയുള്ള അങ്ങനെയുള്ള ഒരു അവാർഡിനെതിരായി ഏതെങ്കിലും കക്ഷിക്ക് തർക്കിക്കണമെങ്കിൽ അങ്ങനെ ചെയ്യാൻ ഭരണഘടനയുടെ അനുച്ഛേദം 226-ഉം അല്ലെങ്കിൽ 227-ഉം പ്രകാരം ഒരപേക്ഷ ഫയൽ ചെയ്യുക വഴിയേ പാടുള്ളു അതും വളരെ ചുരുങ്ങിയ കാരണങ്ങളിന്മേൽ മാത്രവും കഴിയുകയുള്ളു. എന്നാൽ കക്ഷികൾ ഒത്തുതീർപ്പോ അനുരഞ്ജനമോ ഒപ്പിടാത്തിടത്തും ലോക് അദാലത്തിന്റെ ഉത്തരവ് ഏതെങ്കിലും ഒത്തുതീർപ്പിനെ സൂചിപ്പിക്കാ ത്തിടത്തും എന്നാൽ എതിർ കക്ഷിയോട് അത് ഉത്തരവിനോട് അത് യോജിക്കുന്നിടത്ത് പണം കൊടുക്കുവാനോ അല്ലെങ്കിൽ അപ്പീൽ അർഹതയിന്മേൽ തീരുമാനിക്കുന്നതിനായി ഹൈക്കോടതിയെ സമീപിക്കുവാനോ നിർദ്ദേശിക്കുകയോ ചെയ്യുമ്പോൾ, അത് യോജിക്കാത്തിടത്ത് അത് ലോക് അദാലത്തിന്റെ ഒരവാർഡല്ലാത്തതാകുന്നു. അങ്ങനെയൊരുത്തരവ് അനുച്ഛേദം 227 പ്രകാരമുള്ള ഒരപേക്ഷയിൽ തർക്കിക്കുന്ന ചോദ്യം ഉദിക്കുന്നില്ല. അങ്ങനെ ഒരു സന്ദർഭത്തിൽ, ആദ്യമേ ശ്രദ്ധിച്ചിരുന്നതുപോലെ ഹൈക്കോടതി അപ്പീൽ അർഹതയിന്മേൽ കേൾക്കുകയും തീരുമാനിക്കുകയും ചെയ്യേണ്ടതായിരുന്നു."

27) ഞങ്ങളുടെ പരിഗണിതമായ അഭിപ്രായത്തിൽ, ഭരണഘടനയുടെ അനുച്ഛേദം 141-ന്റെ അനുശാസനയാൽ ഈ കോടതി പ്രതിപാദിച്ചിട്ടുള്ള മേൽ നിയമം രാജ്യത്തെ എല്ലാ കോടതികൾക്കും ബാധകമാകുന്നതാണ്. ഈ കോടതി അനിശ്ചിതമല്ലാത്ത വ്യവസ്ഥകളിൽ തീരുമാനിച്ച തെന്തെന്നാൽ ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 226-ഉം/അല്ലെങ്കിൽ അനുച്ഛേദം-227 ഉം പ്രകാരം ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജിയിലൂടെ മാത്രമേ ലോക് അദാലത്തിന്റെ അവാർഡിനെ തർക്കിക്കുവാൻ കഴിയുന്നുള്ളൂ അതും, വളരെ ചുരുങ്ങിയ കാരണങ്ങളിൽ മേൽ എന്നതാണ്.

28) ഈ കോടതിയുടെ വ്യക്തമായ നിയമ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ, സങ്കടമുള്ള വ്യക്തിക്ക് (ഇതിലെ എതിർ കക്ഷികൾ/വാദികൾ) 22.8.2007-ൽ ലോക് അദാലത്ത് പാസ്സാക്കിയ അവാർഡിനെ തർക്കിക്കുന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 226-ഉം/അല്ലെങ്കിൽ 227-ഉം പ്രകാരം ഒരു റിട്ട് ഹർജി ഫയൽ ചെയ്യുക മാത്രമാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായമായിട്ടുള്ളത്. അതിനുശേഷം, റിട്ട് അപേക്ഷകർ അവാർഡ് റദ്ദാക്കാനായി ഏതെങ്കിലും കാരണം ഉയർത്തിക്കാട്ടിയിട്ടുണ്ടോ എന്നും, എങ്കിൽ ആ കാരണങ്ങൾ അത് റദ്ദാക്കുവാൻ മതിയായതാണോ യെന്നും റിട്ട് കോടതിയാണ് തീരുമാനിക്കേണ്ടത്.

29)തർക്കം തട്ടിപ്പെന്ന പഴിയെ അടിസ്ഥാനമാക്കിയിട്ടുള്ള കാരണ ത്താലാണെങ്കിൽ അവാർഡിനെതിരെ തർക്കിക്കുവാൻ വ്യവഹാരം ഫയൽ ചെയ്യണമെന്ന കാരണം പറഞ്ഞ് ഈ കോടതി തീരുമാനിച്ച നിയമത്തെ മറികടക്കുന്നതിൽ ഹൈക്കോടതിയുടെ നിലപാട് അതുകൊണ്ട് ശരിയാകുന്നില്ല. ഞങ്ങളുടെ അഭിപ്രായത്തിൽ, ചോദ്യത്തിലുള്ള വിഷയത്തിലുള്ള ഹൈക്കോടതിയുടെ സമീപനം ശരിയല്ലാത്തതാണ് അതിനോട് ഞങ്ങൾ യോജിക്കുന്നില്ല.

30. എതിർകക്ഷിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. ആദിനാരായണ റാവുവിന്റെ സമർപ്പണങ്ങളോട്, അദ്ദേഹം ഒന്നാമതായി ഉദ്ബോധിപ്പിച്ചിട്ടുള്ളത് ആർഡർ 7 ചട്ടം 11 ഖണ്ഡം (ഡി)-ൽ വരുന്ന നിയമം എന്ന പദപ്രയോഗത്തിൽ ജുഡീഷ്യൽ തീരുമാനങ്ങൾ ഉൾപ്പെടുന്നില്ലായെന്നും ഖണ്ഡം (ഡി)-ൽ നിയമനിർമ്മാണ സഭ നിർമ്മിച്ചിട്ടുള്ള ആക്റ്റിൽ വരുന്ന തടസ്സത്തിനു മാത്രമേ ബാധകമാകുകയള്ളു എന്നും; രണ്ടാമതായി ജുഡീഷ്യൽ തീരുമാനങ്ങൾ ഉൾപ്പെടും എന്നു തീരുമാനിച്ചാൽ തന്നെയും പഞ്ചാബ്

സർക്കാർ (മുകളിലത്തെ) എന്ന കേസിൽ ഉണ്ടാക്കിയ നിയമ പ്രകാരം വ്യവഹാരം ഫയൽ ചെയ്യുന്നതിന് തടസ്സമുണ്ടെന്ന് തീരുമാനിക്കാൻ വായിക്കാവുന്നതല്ല എന്ന് അദ്ദേഹം സമർത്ഥിക്കുമ്പോൾ ഞങ്ങൾക്ക് അതിനോട് യോജിക്കുവാൻ കഴിയുന്നതല്ല. എന്നാൽ, ഈ രണ്ട് സമർപ്പണങ്ങൾക്കും, ഞങ്ങളുടെ കാഴ്ചപ്പാടിൽ, യാതൊരു യോഗ്യതയുമില്ല.

31) ബ്ലാക്കിന്റെ നിയമ നിഘണ്ടു (ഒമ്പതാം എഡിഷൻ) നിയമം എന്ന പദപ്രയോഗം നിർവ്വചിക്കുന്നു. നിയമം-ൽ ജുഡീഷ്യൽ ദൃഷ്ടാന്ത ങ്ങളും ഉൾപ്പെടുമെന്ന് അത് പറയുന്നു (പേജ് 962-ൽ കാണുക) അതുപോലെ നിയമം എന്ന പദപ്രയോഗം നിർവ്വചിച്ചിട്ടുള്ള ഇംഗ്ലീഷ് നിയമത്തിന്റെ ജോവറ്റ് നിഘണ്ടു (മൂന്നാം പതിപ്പ്, വാല്യം 2, 1304/1305 പേജുകൾ) പറയുന്നത് ജുഡീഷ്യൽ ദൃഷ്ടാന്തങ്ങളിൽ നിന്നും, നിയമനിർമ്മാ ണത്തിൽ നിന്നും, ആചാരങ്ങളിൽ നിന്നും ഊഹിക്കാ വുന്നതാണ് നിയമം എന്നാണ്. ജുഡീഷ്യൽ ദൃഷ്ടാന്ത ങ്ങളിൽ നിന്നും, ഊഹിക്കുമ്പോൾ ആരംഭത്തിൽ നടപടി നടത്തിയിരുന്ന കോടതിയുടെ സ്വഭാവമനു സരിച്ച് അത് പൊതു നിയമം, ധർമ്മം എന്നോ കടൽ പ്രദേശം സംബന്ധിച്ചതെന്നോ, നിശ്ചയപത്രം തെളിയിക്കാനുള്ള പ്രമാണം എന്നോ മതസംബന്ധമായ നിയമമെന്നോ അറിയപ്പെടും.

32)നിയമസംഹിതയിലെ ആർഡർ 7 ചട്ടം 11-ലെ (ഡി) ഖണ്ഡത്തിൽ ഉതിർന്നു വരുന്ന നിയമം എന്ന പദപ്രയോഗത്തിൽ പരമോന്നത കോടതിയുടെ ജുഡിഷ്യൽ തീരുമാനങ്ങളും ഉൾപ്പെടുമോ എന്ന ചോദ്യം അലഹബാദ് ഹൈക്കോടതിയിലെ ഡിവിഷൻ ബെഞ്ച് മുമ്പാകെ ***വീരേന്ദ്രകുമാർ ദീക്ഷിത്*** **അഭി** ***യു.പി സർക്കാർ*** 2014 (9) എഡിജെ 1506 എന്ന കേസ്സിൽ പരിഗണനയ്ക്കായി വന്നു. ഈ തർക്കം ഈ വിഷയത്തിലുള്ള വിവിധ തീരുമാനങ്ങളുടെ വെളിച്ചത്തിൽ ഡിവിഷൻ ബഞ്ചു വിശദമായി താഴെകൊടുത്തിരിക്കും വിധം ഖണ്ഡിക 15-ൽ തീരുമാനിച്ചു.

> "15. നിയമത്തിൽ നിയമനിർമ്മാണ ആക്റ്റുകൾ മാത്രമല്ല ജൂഡീഷ്യൽ ദൃഷ്ടാന്തങ്ങൾ കൂടി ഉൾപ്പെടും. മുകളിലുള്ള ജൂഡിഷ്യറിയുൾപ്പെടെ കോടതികളുടെ ഒരു അധികാരികതയുള്ള വിധിന്യായവും നിയമമാണ്."

33) ഇതേ തർക്കം വീണ്ടും ഗുജറാത്ത് ഹൈക്കോടതി സിംഗിൾ ബഞ്ച് ഹെർമിസ് മറൈൻസ് ലിമിറ്റഡ് അഭി കേപ്ഷോർ മാരിറ്റയിം പാർട്ടണേഴ്സ് എഫ്.ഇസഡ്.സി ആന്റ് മറ്റൊരാളും (22.4.2016-ൽ തീരുമാനിച്ച റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത തീരുമാനം അഡ്മിറാലിറ്റി കേസ് നം. 10/2016-ലെ സിവിൽ അപേക്ഷ (ഒജെ) നം. 144/2016-ൽ പരിഗണിച്ചു.) പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി ഈ തർക്കം പരിശോധിക്കുകയും മുകളിൽപ്പറഞ്ഞ അലഹബാദ് ഹൈക്കോടതി യുടെ തീരുമാനത്തിലൂന്നിക്കൊണ്ട് 53-ാം ഖണ്ഡികയിൽ താഴെ കൊടുത്തിരിക്കും പ്രകാരം വിധിക്കുകയും ചെയ്തു.

> **"53. മേൽ ചർച്ചയുടെ അടിസ്ഥാന ത്തിൽ, ഈ കോടതിയുടെ പരിഗണിതമായ കാഴ്ചപ്പാടിൽ, നിയമസംഹിതയിലെ ആർഡർ 7 ചട്ടം 11 ഖണ്ഡം (ഡി) യിൽ വരുന്ന ഏതെങ്കിലും നിയമത്താൽ വിലക്കപ്പെട്ട എന്ന പദപ്രയോഗത്തിൽ നിയമ നിർമ്മാണം വഴിയുള്ള ആക്റ്റിലൂടെ ക്രോഡീകരിച്ച നിയമം മാത്രമേ ഉദ്ദേശി ച്ചിട്ടുള്ളതായി വായിക്കുവാൻ പാടുള്ളു വെന്നും അല്ലാതെ ജൂഡീഷ്യൽ ദൃഷ്ടാന്ത ങ്ങൾ മുഖേന കോടതികൾ തീർച്ചപ്പെടു ത്തിയ നിയമം വരില്ല എന്നു പറയുവാൻ കഴിയുന്നതല്ല. ലിവർപൂൾ ആന്റ് ലണ്ടൻ സ്റ്റീംഷിപ്പ് പ്രൊട്ടക്ഷൻ ആന്റ് ഇൻഡംനിറ്റി അസോസിയേഷൻ അഭി എം വി സീ സക്സസ്, 2004(9) എസ്സിസി 512 എന്ന കേസ്സിലെ സുപ്രീം കോടതിയുടെ ജുഡീഷ്യൽ ദൃഷ്ടാന്തം ക്രോഫ്റ്റ് സെയിൽസ് ആന്റ് ഡിസ്ട്രിബ്യൂഷൻ**

ലിമിറ്റഡ് അഭി എം.വി ബേസിൽ, 2011 (2)ജിഎൽആർ 1027 എന്ന ഡിവിഷൻ ബെഞ്ചിന്റെ തീരുമാനത്തിലും പിൻതുടർന്നിട്ടുണ്ട്. 1999-ലെ ജനീവ കൺവെൻഷൻ പൊതു നിയമ സ്വഭാവമില്ലാത്ത ഒരു കരാറിന് ബാധകമാക്കാൻ കഴിയുന്നതല്ല എന്നതാണ്, അതുകൊണ്ട്, ഇന്നേ വരേയ്ക്കുമുള്ള നിയമം അങ്ങനെയുള്ള ഒരു കരാർ ഒരു കടൽ സംബന്ധമായ അവകാശവാദത്തിന് ഇട നൽകുന്നില്ല. മുമ്പ് ചർച്ച ചെയ്തിരു ന്നതുപോലെ, ആർഡർ 7 ചട്ടം 11 (ഡി)-ൽ വരുന്ന നിയമം എന്ന വാക്കിൽ ജുഡീഷ്യൽ ദൃഷ്ടാന്തങ്ങളും വരും. ജുഡീഷ്യൽ ദൃഷ്ടാന്തങ്ങൾ ഏതെങ്കിലും പ്രവർത്തിയെ തടസ്സപ്പെടുത്തുന്നുണ്ടെങ്കിൽ, അത് നിയമമാകും"

34) അതുപോലെ, ഇതേ തർക്കം വീണ്ടും ബോംബെ ഹൈക്കോടതി (സിംഗിൾ ജഡ്ജി) ***ഷാഹിദ്. എസ് സർക്കാരും മറ്റുള്ളവരും അഭി ഉഷ റാംറാവു ഭോജനേ,*** 2017 എസ്‌സിസി ഓൺലൈൻ ബോം. 3440-യിൽ പരിശോധിച്ചു പാണ്ഡിത്യമുള്ള ജഡ്ജി അലഹബാദ് ഹൈക്കോടതിയുടെ തീരുമാനമായ ***വീരേന്ദ്രർ കുമാർ ദീക്ഷിത് അഭി യുപി സംസ്ഥാനത്തിലും*** (മുകളിലത്തെ) ***ഹെർമിസ് മറൈൻസ് ലിമിറ്റഡിൽ*** (മുകളിലത്തെ) ഗുജറാത്ത് ഹൈക്കോടതി യുടെ തീരുമാനത്തിലും ഊന്നൽ നൽകു കയും താഴെയുള്ളതുപോലെ വിധിക്കുകയും ചെയ്തു.

> "18.......ഒരു സംസ്ഥാനത്തെ ഏറ്റവും ഉയർന്ന കോടതിയും അതുപോലെ സുപ്രീം കോടതിയും ഉണ്ടാക്കുന്ന നിയമം, നിയമമാണ്. വാസ്തവത്തിൽ, ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 141-ൽ സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നതെന്തെന്നാൽ സുപ്രീം കോടതി പ്രഖ്യാപിക്കുന്ന നിയമം ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള എല്ലാ കോടതികൾക്കും ബാധകമാകുന്നതാണെന്നാണ്. ശ്രീ.പാട്ടീൽ തർക്കിക്കുവാൻ ശ്രമിക്കുന്ന രീതിയിൽ ഏതെങ്കിലും നിയമത്താൽ തടയപ്പെട്ട എന്ന വാക്കുകളുടെ അർത്ഥം ക്രോഡീകരിച്ച നിയമത്തിനോ ലിഖിത നിയമത്തിനോ മാത്രമായി പരിമിതപ്പെടുത്തുന്ന യാതൊന്നുംതന്നെ സിപിസി-ൽ ഇല്ലാത്തതാണ്. ഞാൻ എടുത്ത ഈ നിലപാടിൽ എന്നെ പിൻതാങ്ങിയത് ഗുജറാത്ത് ഹൈക്കോടതിയുടെ ഹെർമിസ് മറൈൻ ലിമിറ്റഡ് എന്ന കേസിലെ തീരുമാനമാണ്......."

> "19. ഒരാൾക്ക് ആർഡർ 7 ചട്ടം 11 (ഡി)യുടെ പിന്നിലുള്ള ഉദ്ദേശ്യത്തേയും ലക്ഷ്യത്തേയും കുറിച്ചുള്ള കാഴ്ച നശിക്കാൻ പാടില്ലാത്തതാണ്. അന്യായത്തിലെ പ്രസ്താവനയിൽ നിന്ന് വ്യവഹാരം ഏതെങ്കിലും നിയമത്താൽ വിലക്കപ്പെട്ടതാണെന്ന് കാണപ്പെടുന്നുവെങ്കിൽ കോടതികൾ കാലവിളംബം കൂടാതെ വ്യവഹാരം കേൾക്കുന്നത് തുടരേണ്ടതാണ്. അതിലെ ആവശ്യം വ്യക്തമായി കാണുന്നത് ഉറപ്പുവരുത്തുന്നതിന് മേൽ ചട്ടത്തിൽ ഉയർത്തിയിട്ടുള്ള ഏതെങ്കിലും കാരണത്താൽ അന്യായം തള്ളേണ്ടതാണെന്ന് ഒരു പ്രതിക്ക് സ്ഥാപിക്കാൻ സാധിക്കുന്നിടത്ത് അങ്ങനെ ചെയ്യാൻ കോടതി, ചെലവ് ഒഴിവാക്കുന്നതിനും, വേഗത കൈവരിക്കുന്നതിനും, കോടതിയുടെ സ്രോതസ്സുകൾ ഉപയോഗ പ്രദമല്ലാത്ത കേസുകളിലേയ്ക്ക് ഉപയോഗിക്കുന്നത് ഒഴിവാക്കുന്ന തിനും, ചുമതലാ ബോധമുള്ളതായിരിക്കണം. ഒരു വ്യവഹാരം അത് കോടതിയുടെ അഭിപ്രായത്തിൽ, തോൽക്കേണ്ടതാണെങ്കിൽ ഒരു പ്രതിയെ ശല്യപ്പെടുത്താനുള്ള ഒരു ഉപകരണമായി ഉപയോഗിക്കുന്നതിന് വീണ്ടും അനുവദിക്കേണ്ടതില്ലാത്തതാണ്. ......"

35) അതുപോലെ, ഈ വിഷയം ജാർഖണ്ഡ് ഹൈക്കോടതി (സിംഗിൾ ജഡ്ജ്) ***മീരാ സിൻഹയും മറ്റുള്ളവരും*** അഭി ***ജാർഖണ്ഡ് സംസ്ഥാനവും മറ്റുള്ളവരും;*** 2015 എസ്‌സിസി ഓൺലൈൻ ജാർ 4377 എന്ന കേസ്സിൽ വീണ്ടും പരിശോധിച്ചു പാണ്ഡിത്യമുള്ള ജഡ്ജി, ഖണ്ഡിക 7-ൽ താഴെ കൊടുത്തിരിക്കുന്നത് പോലെ വിധിച്ചു.

> "7. ബഹു. സുപ്രീം കോടതി നിയമം ഉണ്ടാക്കിയതിന്റെ പശ്ചാത്തലത്തിൽ, വ്യവഹാരം ഏതെങ്കിലും നിയമ പ്രകാരം വിലക്കപ്പെട്ടിടത്ത് മാത്രമേ ആർഡർ 7 ചട്ടം 11 (ഡി)-യുടെ ബാധകത നിലനിൽക്കത്തുള്ളു എന്നത് സുവ്യക്തമാണ്. ചട്ടം 11 (ഡി)-ൽ ഉൾപ്പെട്ടിട്ടുള്ള നിയമം എന്ന പദപ്രയോഗ ത്തിൽ കാലഹരണ നിയമവും ഉൾപ്പെടുന്നു അതിൽ ബഹു. സുപ്രീം കോടതി പ്രഖ്യാപിക്കുന്ന നിയമവും ഉൾപ്പെടുന്ന താണ്......"

36) അലഹബാദ്, ഗുജറാത്ത്, ബോംബെയും ജാർഖണ്ഡും ഹൈക്കോടതികൾ മേൽ വിവരിച്ച നാലു തീരുമാനങ്ങളിലെടുത്ത കാഴ്ചപ്പാടുമായി ഞങ്ങൾ യോജിക്കുന്നു അതിൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, നിയമസംഹിതയിലെ ആർഡർ 7-ലെ ചട്ടം 11-ലെ (ഡി) ഖണ്ഡത്തിൽ വരുന്ന നിയമം എന്ന പദപ്രയോഗത്തിന്റെ ശരിയായ വ്യാഖ്യാനമാണ് എന്നതാണ്. എതികക്ഷികൾക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ ആദ്യ സമർപ്പണത്തിലാണ് ഇത് മറുപടി നൽകുന്നത് അത് എതിർ കക്ഷികൾക്ക് എതിരാണ്.

37) എതിർകക്ഷികൾക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ രണ്ടാം സമർപ്പണത്തെ സംബന്ധിച്ച് അതിന് യാതൊരു ഗുണമേന്മയും ഇല്ല എന്നതാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ, പഞ്ചാബ് സംസ്ഥാനം (മുകളിലത്തെ) എന്ന കേസിലെ വിധിന്യായം ഒരു വലിയ ബെഞ്ചിന്റെ (മൂന്ന് ജഡ്ജി) വിധിന്യായമാണ്, ഇതും, അതുകൊണ്ട് ഞങ്ങൾക്ക് ബാധകമാകുന്നതാണ്. തർക്കത്തിൽ മേലുള്ള ചോദ്യത്തിൽ മേൽ വിധിന്യായം പുന:പരിശോധിക്കേണ്ടതാണെന്ന് എന്ന് തർക്കിക്കുന്നതിന് ഒരു ശ്രമവും എടുത്തിട്ടില്ല. അതിനും പുറമേ, ഈ കോടതി ലോക് അദാലത്തിന്റെ അവാർഡിനെതിരെ തർക്കിക്കുന്നത് പിന്തുടരുന്നതിന് ഒരു പ്രത്യേക പരിഹാരം ഉണ്ടാക്കിയിരിക്കുന്ന സ്ഥിതിക്ക്, ഞങ്ങളുടെ കാഴ്ചപ്പാടിൽ, വ്യവഹാരി അയാളുടെ സങ്കടം ആദ്യ സന്ദർഭത്തിൽ തന്നെ ന്യായനിർണ്ണയം ചെയ്യുന്നതിന് അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപോലെ അത് പൂർണ്ണ അർത്ഥത്തിൽ തന്നെ പിൻതുടരേണ്ടതാണ്. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 141 പ്രകാരം അത് ഒരു രാഷ്ട്ര നിയമം ആണ് എന്നതാണ് അതിന്റെ കാരണം. *(എം. നാഗരാജും മറ്റുള്ളവരും അഭി യൂണിയൻ ഓഫ് ഇൻഡ്യയും മറ്റുള്ളവരും* 2006(8) എസ്സിസി 212 കാണുക). അപ്പോൾ പിന്നെ, റിട്ട് കോടതിയാണ് ഈ കേസിൽ നിന്നും ഉതിരുന്ന വസ്തുതകളിന്മേൽ ഏതുത്തരവ് വേണം പാസ്സാക്കണമെന്ന് തീരുമാനിക്കേണ്ടത്,

38) മേൽ ചർച്ചകളുടെ അടിസ്ഥാനത്തിൽ, ഹൈക്കോടതി എത്തി ചേർന്ന കാരണങ്ങളോടും അന്തിമ തീരുമാനത്തിനോടും ഞങ്ങൾക്ക് യോജിക്കുവാൻ കഴിയുന്നതല്ല.

39) അതിന്റെ ഫലമായി ഈ അപ്പീൽ വിജയിക്കുകയും അത് അനുവദിക്കുകയും ചെയ്യുന്നു. ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കുന്നു കൂടാതെ വിചാരണക്കോടതി പാസ്സാക്കിയ ഉത്തരവ് പുന:സ്ഥാപിക്കുന്നു. പരിണിതഫലമായി, അപ്പീൽ വാദികൾ (പ്രതികൾ) നിയമസംഹിതയിലെ ആർഡർ 7 ചട്ടം 11 (ഡി) പ്രകാരം ഫയൽ ചെയ്ത അപേക്ഷ അനുവദിച്ചുകൊണ്ട് അന്യായം നിരസിക്കുന്ന ഫലത്തിലെത്തുന്നു.

40) എന്നാൽ ഞങ്ങൾ വ്യക്തമാക്കുന്ന തെന്തെന്നാൽ എതിർകക്ഷികൾക്ക് (വാദികൾ) ലോക് അദാലത്ത് പാസ്സാക്കിയ 22.08.2007-ലെ അവാർഡിന്റെ നിയമ സാധുതയും കൃത്യതയും ഭരണഘടനയുടെ അനുച്ഛേദം 226-ഉം അല്ലെങ്കിൽ 227-ഉം പ്രകാരം ഒരു റിട്ട് ഹർജി ഹൈക്കോടതിയിൽ നിയമ പ്രകാരം ഫയൽ ചെയ്യുവാൻ സ്വാതന്ത്ര്യമുണ്ടെന്നാണ്.

41) ഞങ്ങൾ രണ്ടിലൊരാൾ കക്ഷികളുടെ കേസിന്റെ യോഗ്യതകൾ, അതാണ് ഈ വ്യവഹാരത്തിലെ വിഷയം, പരിശോധിച്ചിട്ടില്ലാത്തതും അതുകൊണ്ട് റിട്ട് ഹർജി പയൽ ചെയ്യുന്ന സാഹചര്യത്തിൽ റിട്ട് കോടതി, ഏതെങ്കിലും ഞങ്ങളുടെ നിരീക്ഷണത്തിൽ സ്വാധീനിക്കാതെ നിർബന്ധമായും റിട്ട് ഹർജി നിയമ പ്രകാരം തീരുമാനിക്കേണ്ടതാണെന്ന് കൂടി ഞങ്ങൾ വ്യക്തമാക്കുന്നു.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ആർ.കെ.അഗ്രവാൾ

&

ബഹു. ജസ്റ്റിസ് അഭയ് മനോഹർ സപ്രേ

സിവിൽ അപ്പീൽ നമ്പർ. 11220/2017

(പ്രത്യേകാനുമതി ഹർജി (സിവിൽ) നമ്പർ 5664/2012-ൽ നിന്നും ഉത്ഭവിച്ചത്)

ആദി വേപ്പയും മറ്റുള്ളവരും

*അഭി*

ഭീമപ്പയും മറ്റൊരാളും

2017 സെപ്തംബർ 6-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ഹിന്ദു നിയമം - കൂട്ടാദായ വസ്തുവും സ്വയാർജ്ജിത വസ്തുവും തമ്മിലുള്ള നിയമാനുമാനം-സ്വയാർജ്ജിത വസ്തു ആണെന്ന് തെളിവു സഹിതം സ്ഥാപിക്കുവാൻ വാദികൾക്ക് കഴിഞ്ഞില്ല. അതുകൊണ്ട് വ്യവഹാര പട്ടിക 'ബി' ഉം 'സി' ഉം കൂട്ടാദായ വസ്തുക്കളുടെ ഗണത്തിൽ വരുന്നു. ഇത്രയും മാത്രമല്ല, ഈ കണ്ടെത്തലുകൾ വാദങ്ങൾക്ക് എതിരല്ലാത്തതും ഏതെങ്കിലും നിയമവ്യവസ്ഥകൾക്ക് എതിരല്ലാത്തതുമാണ്. അവ ഏതെങ്കിലും നിയമജ്ഞൻ രേഖപ്പെടുത്തിയ അത്തരം കണ്ടെത്തലുകളുടെ വ്യാപ്തിയോളം ന്യായ രഹിതമാകുന്നതുമല്ല. മറ്റൊരു വിധത്തിൽ പറയുമ്പോൾ, വസ്തുതകളുടെ കണ്ടെത്തലുകൾ, അവ സമവർത്തിയാ കുമ്പോൾ, ഒരു ജഡ്ജിയുടെ ന്യായ ബോധത്തെ ബാധിക്കുന്ന തരത്തിൽ ന്യായ രഹിതമാണെന്ന് കണ്ടെത്താത്തിടത്ത് അവ അപ്പീൽകോടതിക്കും ബാധകമാകുന്നതാണ്. ഫലത്തിൽ, അപ്പീലിന് യാതൊരു യോഗ്യതയും ഞങ്ങൾ കാണുന്നില്ല. അത് പരാജയപ്പെടുകയും തദനുസൃതമായി തള്ളിക്കളയുകയും ചെയ്യുന്നു.

### വിധി ന്യായം

ജസ്റ്റിസ് അഭയ് മനോഹർ സപ്രേ

1. അനുമതി നൽകി.

2. ബഗൽകോട്ട് പ്രിൻസിപ്പൽ സിവിൽ ജഡ്ജി (സീനിയർ ഡിവിഷൻ) കോടതി ആദ്യ ഹർജി നം. 85/2001-ൽ പാസ്സാക്കിയ വിധിന്യായത്തിനും ഡിക്രിക്കും എതിരായി ഫയൽ ചെയ്ത അപ്പീൽ തള്ളിക്കളഞ്ഞതുകൊണ്ട് ആയത് സ്ഥിരപ്പെടുത്തിയ കർണ്ണാടക ഹൈക്കോടതിയുടെ ദാർവാഡ് സർക്യൂട്ട് ബഞ്ച് ആർ എഫ് എ. നം. 1793/ 2006-ൽ 22.8.2011-ന് പാസ്സാക്കിയ അന്തിമ വിധിന്യായത്തിനും ഉത്തരവിനും എതിരായി വാദികൾ ഫയൽ ചെയ്തതാണ് ഈ അപ്പീൽ.



5/529/17 -4

3. ഈ അപ്പീലിൽ ഉൾകൊണ്ടിരിക്കുന്ന ചെറിയ തർക്കം വിലയിരുത്തുന്നതിന് പ്രസക്തമായ വസ്തുതകൾ പ്രതിപാദിക്കേണ്ടത് ആവശ്യമാണ്.

4. ഈ അപ്പീലിന് ആധാരമായ സിവിൽ കേസ്സിലെ വാദികൾ ഈ അപ്പീലിലെ അപ്പീൽ വാദികളും പ്രതികൾ എതിർകക്ഷികളുമാണ്.

5. ഇതിലെ തർക്കം ഒരു കുടുംബത്തിലെ അംഗങ്ങൾ അതായത് അമ്മാവൻ, അമ്മായി, അനന്തരവർ തമ്മിലാണ്. ഇത് കൃഷി ഭൂമിയുടെ ഉടമസ്ഥാവകാശവും ഭാഗം വെക്കലും സംബന്ധിച്ചിട്ടുള്ളതാണ്.

6. കക്ഷികൾ തമ്മിലുള്ള തർക്കം മനസ്സിലാക്കുന്നതിനുവേണ്ടി കക്ഷികളുടെ കുടുംബ പരമ്പര താഴെ കൊടുത്തിരിക്കുന്നതുപോലെ സൂചിപ്പിക്കുന്നു.

**വംശ പരമ്പര**

ആദിവെപ്പ (ഏകദേശം 3-35 വർഷങ്ങൾക്ക് മുമ്പ് മരിച്ചു)

യമനവ്വ (ഏകദേശം 10 വർഷങ്ങൾക്ക് മുമ്പ് മരിച്ചു)

ആദിവെപ്പ

യമനവ്വ (ഭാര്യ)

ഹനമപ്പ ഭിമപ്പ

(പുത്രൻ - 6 വർഷങ്ങൾക്ക് മുമ്പ് മരിച്ചു)

ഗുണ്ടവ്വ

(പുത്രി-പ്രതിനം. 2) (പുത്രൻ - പ്രതി നം.1)

മംഗലവ്വ

(ഭാര്യ - വാദി നം.3)

ആദിവെപ്പ യമനപ്പ

(പുത്രൻ-വാദി നം. 1) (പുത്രൻ - വാദി നം.2)

7. ഈ കുടുംബ പരമ്പരയിൽ നിന്നും വ്യക്തമാകുന്നത് പോലെ കുടുംബനാഥൻ ആദിവെപ്പ ആയിരുന്നു. അയാൾ യമനവ്വയെ വിവാഹം ചെയ്തു. ആ വിവാഹ ബന്ധത്തിൽ നിന്നും രണ്ടു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. അതായത്, ഹനമപ്പയും, ഭിമപ്പയും, ഗുണ്ടവ്വയും. ഹനമപ്പക്ക് രണ്ടു പുത്രന്മാർ അതായത് ആദിവെപ്പയും യമനപ്പയും.

8. കുടുംബനാഥനായ ആദിവെപ്പ ധാരാളം ഏക്കർ കൃഷി ഭൂമിയുടെ ഉടമസ്ഥനാണ്. അയാൾ ഒസ്യത്ത് എഴുതാതെ മരിച്ചു. ഈ തർക്കം ആദിവെപ്പയുടേയും ഹനമപ്പയുടേയും മരണശേഷം ഹനമപ്പയുടെ രണ്ടുപുത്രന്മാരും അവരുടെ അമ്മാവൻ ഭിമപ്പയും അമ്മായി ഗുണ്ടവ്വയും തമ്മിൽ ആരംഭിച്ചതാണ്. കൃഷി ഭൂമിയിൽ അവരുടെ ഉടമസ്ഥാവകാശവും അവർ ഓരോരുത്തർക്കും ഉള്ള ഓഹരികളുടെ വ്യാപ്തിയും സംബന്ധിച്ചിട്ടുള്ളതായിരുന്നു തർക്കങ്ങൾ.

9. ആദിവെപ്പയും യമനപ്പയും (ഇതിലെ അപ്പീൽ വാദികൾ) ഒരു ഹർജി (ഒ എസ് നമ്പർ 85/2001) ഭിമപ്പക്കും ഗുണ്ടവ്വക്കും (ഇതിലെ എതിർ കക്ഷികൾ) എതിരായി ഫയൽ ചെയ്യുകയും ആ കേസിൽ പട്ടിക 'ബി', 'സി' ഉം 'ഡി'-ഉം ആയി വിവരിച്ചിട്ടുള്ള വസ്തുക്കളെ സംബന്ധിച്ച് പ്രഖ്യാപനവും ഭാഗം വെക്കലും ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

10. കേസിലെ പട്ടിക'ബി' ലേയും 'സി' ലേയും വസ്തുക്കളെ സംബന്ധിച്ചിടത്തോളം ആ വസ്തുക്കൾ വാദികളുടെ സ്വയാർജ്ജിത വസ്തുക്കളായി പ്രഖ്യാപിക്കണ മെന്നതാണ് പ്രഖ്യാപനമായി ആവശ്യപ്പെട്ടിട്ടുള്ളത്.

11. പട്ടിക 'ഡി' ൽ വിനിർദ്ദേശിച്ചിട്ടുള്ള വസ്തുക്കളെ സംബന്ധിച്ചിടത്തോളം അവ പരമ്പരാഗത വസ്തുക്കളാണെന്ന് ആരോപിക്കുന്നതിനാൽ കുടംബത്തിലെ മറ്റംഗങ്ങളെ പോലെ വാദികൾക്ക് 4/9 ഭാഗം ഓഹരി ഉള്ളതാണെന്ന് ആരോപിക്കുന്നു. കുടുംബാംഗങ്ങൾക്കിടയിൽ അതിർത്തി നിശ്ചയിച്ച് ഭാഗം വെക്കൽ ഇതുവരേയും നടന്നിട്ടില്ല എന്ന് ആരോപിച്ചുകൊണ്ട് ഈ കേസിൽ ഭാഗം വെക്കൽ ആവശ്യപ്പെടുന്നു.

12. എതിർ കക്ഷികൾ (പ്രതികൾ) കേസിലെ പട്ടിക 'ബി' യും 'സി' യും 'ഡി' യും ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുക്കളും പാരമ്പര്യ വസ്തുക്കളാണെന്ന് എതിർ വാദ മുന്നയിച്ചുകൊണ്ട് വാദികളുടെ അവകാശ വാദത്തെ നിരസിച്ചു. ഹനമപ്പയുടെ ജീവിത സമയത്ത് 28.10.1993-ൽ മുഴുവൻ ഹർജി വസ്തുക്കളെ സംബന്ധിച്ച് (പട്ടിക 'ബി', 'സി', 'ഡി') കുടുംബാംഗങ്ങൾക്കിടയിൽ വാക്കാലുള്ള ഭാഗംവെക്കൽ നടന്നിട്ടുള്ള താണെന്നും അതിനെ തുടർന്നു കുടുംബാം ഗങ്ങളെയും അവരുടെ ബന്ധപ്പെട്ട ഓഹരി കളിൽ കൈവശം നൽകിയിട്ടുള്ളതാണെന്നും ആരോപിക്കുന്നു. ഏതെങ്കിലും അംഗത്തിന്റെ എതിർപ്പില്ലാതെ വാദികളുടെ അച്ഛൻ (ഹനമപ്പ) ഉൾപ്പെടെയുള്ള എല്ലാ കുടുംബാം ഗങ്ങളും അപ്രകാരമുള്ള ഭാഗംവെക്കലിന്മേൽ പ്രവർത്തിച്ചുവരുന്നതായും ആരോപിക്കുന്നു. ഇത്തരം തർക്കങ്ങളിൽ, വാദികളുടെ അവകാശ വാദം മിഥ്യാധാരണ യിലുള്ള താ ണെന്നും എതിർകക്ഷികൾ വാദിച്ചിരിക്കുന്നു.

13. വിചാരണ കോടതി വിവാദ്യകങ്ങൾ ചിട്ടപ്പെടുത്തുകയും കക്ഷികൾ അവരുടെ തെളിവുനൽകുകയും ചെയ്തു. വിചാരണ കോടതി 15.7.2006-ലെ വിധിന്യായം/ഡിക്രി മുഖേന കേസ് തള്ളിക്കളഞ്ഞു. കേസിലെ വിനിർദ്ദിഷ്ട പട്ടിക 'ബി' ലേയും 'സി' ലേയും വസ്തുക്കൾ അവരുടെ സ്വയാർജ്ജിത വസ്തുക്കളാണെന്ന് തെളിയിക്കുന്നതിന് വാദികൾ പരാജയപ്പെട്ടെന്ന് വിധിച്ചു. പട്ടിക 'ഡി'-യിൽ വിനിർദ്ദേശിച്ച വസ്തുക്കളെ സംബന്ധിച്ചിടത്തോളം, അവ പരമ്പരാഗത മാണെങ്കിലും, മറ്റംഗങ്ങൾ ഉൾപ്പെടെ അവരുടെ അച്ഛൻ-ഹനമപ്പ മുഖാന്തിരം വളരെ കാലം മുമ്പ് തന്നെ ഭാഗിക്കുകയും വാദികൾക്ക് അവർക്ക് ബന്ധപ്പെട്ട ഓഹരി യായി അത് ലഭിക്കുകയും ചെയ്തു എന്നും വിധി കല്പിച്ചു.

14 വാദികൾ സങ്കടപ്പെട്ടുകൊണ്ട് ആദ്യ അപ്പീൽ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തു. ചോദ്യം ചെയ്യപ്പെടുന്ന വിധിന്യായം മുഖേന ഹൈക്കോടതി അപ്പീൽ തള്ളുകയും വിചാരണ കോടതിയുടെ വിധിന്യായം/ഡിക്രി സ്ഥിരപ്പെടുത്തുകയും ചെയ്തത് വാദികൾ പ്രത്യേകാനുമതി ഹർജി മുഖേന ഈ കോടതിയിൽ ഈ അപ്പീൽ ഫയൽ ചെയ്യുന്നതിന് ഇടയാക്കി.

15. അപ്പീൽ വാദികൾക്കായിട്ടുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷക കുമാരി കിരൺസൂരി എതിർകക്ഷികൾ ക്കായുള്ള പാണ്ഡിത്യമുള്ള അഭിഭാഷകർ ശ്രീ.ആനന്ദ് സഞ്ചയ് എം. നൂളിയേയും ശ്രീ. ആർ.എസ്. ജെനയേയും കേട്ടു.

16. കക്ഷികൾക്കായിട്ടുള്ള പാണ്ഡിത്യമുള്ള അഭിഭാഷകരെ കേൾക്കുകയും അപ്പീൽവാദി കൾക്കായിട്ടുള്ള പാണ്ഡിത്യമുള്ള അഭിഭാ ഷകൻ ഫയൽ ചെയ്ത ലിഖിത സമർപ്പ ണങ്ങൾ ഉൾപ്പെടെ കേസ്സിലെ രേഖകൾ സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്തെ ങ്കിലും ഈ അപ്പീലിന് യാതൊരു യോഗ്യ തയും ഞങ്ങൾ കാണുന്നില്ല.

17. ഇവിടെയുള്ള കേസിൽ താഴെയുള്ള രണ്ടു കോടതികളും, മുഴുവൻ തെളിവുകളും വിലയിരുത്തി, ഹർജിയിലെ രണ്ടു വസ്തുക്കളെ സംബന്ധിച്ചുള്ള അവരുടെ കേസ് തെളിയിക്കുന്നതിന് വാദികൾ പരാജയപ്പെട്ടിട്ടുണ്ടെന്നുള്ള ഒരു തീരുമാന ത്തിലാണ് എത്തിച്ചേർന്നിട്ടുള്ളത്. രണ്ടു കോടതികളും രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകളുടെ സമവർത്തിയായ കണ്ടെ ത്തലുകൾ, ആയതിൽ യാതൊരു നിയമ പ്രശ്നവും, കുറഞ്ഞത് സാരവത്തായ നിയമ പ്രശ്നം ഉൾപ്പെടാത്തതിനാൽ, ഈ കോടതിക്കും ബാധകമാകുന്നതാണ്.

18. ഇത്രയും മാത്രമല്ല, ഈ കണ്ടെത്ത ലുകൾ വാദങ്ങൾക്കോ തെളിവുകൾക്കോ എതിരല്ലാത്തതും ഏതെങ്കിലും നിയമ

വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത തുമാണ്. അവ അത്രത്തോളം വിപരീതമായതല്ല എന്തെന്നാൽ അങ്ങനെയുള്ള തീരുമാനങ്ങൾ ഏതെങ്കിലും നിയമജ്ഞൻ ഒരിക്കൽപോലും രേഖപ്പെടുത്തിയിട്ടില്ല മറ്റൊരുവിധത്തിൽ പറയുമ്പോൾ, വസ്തുതകളുടെ കണ്ടെത്തലുകൾ, അവ സമവർത്തിയാകുമ്പോൾ, ഒരു ജഡ്ജിയുടെ ന്യായബോധത്തെ ബാധിക്കുന്ന തരത്തിൽ ന്യായരഹിതമാണെന്ന് കണ്ടെത്താത്തിടത്ത് അവ അപ്പീൽകോടതിക്കും ബാധകമാകുന്നതുമാണ്.

19. തീർച്ചപ്പെടുത്തിയിട്ടുള്ള നിയമതത്വമെന്തന്നാൽ വാദിയുടെ കേസ് ഉചിതമായ വാദങ്ങളാലും അതിനെ പിന്താങ്ങുന്ന ഉചിതമായ തെളിവ് (വാചാ ആയാലും രേഖകളായാലും) സഹിതവും എല്ലായ്പ്പോഴും തെളിയിക്കുന്നതിനുള്ള പ്രാഥമിക ബാദ്ധ്യത അയാൾക്കുള്ളതാണ് എന്നതാണ്. ഈ കേസിലെ വാദികൾക്ക് ഹർജിയിലെ പട്ടിക 'ബി' ലും 'സി' ലും വിവരിച്ചിട്ടുള്ള വസ്തുക്കൾ അവരുടെ സ്വയാർജ്ജിത വസ്തുക്കളാണെന്നും പട്ടിക 'ഡി'-ലെ വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഭാഗംവെക്കൽ നടന്നിട്ടില്ലെന്നും അവ കുടുംബാംഗങ്ങളുടെ കൈവശത്തിൽ തന്നെ ഇപ്പോഴും തുടരുന്നുവെന്നും തെളിയിക്കുന്നതിന് ഉള്ള ഏതെങ്കിലും രേഖാമൂലമുള്ള തെളിവ് മുഖാന്തിരം തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ല. മറ്റൊരു വിധത്തിൽ, പ്രതികൾക്ക് ഭാഗംവെക്കൽ നടന്നതായും അതിൻ പ്രകാരം പ്രവർത്തിക്കുകയാണെന്നും തെളിയിക്കുവാൻ സാധിച്ചു.

20. പട്ടിക 'ബി' ലും 'സി' ലും വിവരിച്ച വ്യവഹാര വസ്തുക്കൾ വാദികളുടെ സ്വയാർജ്ജിത വസ്തുക്കളാണെന്ന് തെളിയിക്കുന്നതിന്, അവർക്ക് പ്രസ്തുത വസ്തുക്കൾ വാങ്ങിയതിന് അവരുടെ പേരുകൾ കാണിക്കുന്ന ഒരു വിലയാധാരത്തിന്റെ രൂപത്തിൽ നല്ല തെളിവായി നൽകുവാൻ കഴിയുന്നതും വില്പന നടത്തിയ ആളിന് അവർ നൽകിയ വില്പനയുടെ പ്രതിഫലം നൽകൽ തെളിവായി നൽകുവാനും കഴീയുന്നതാണ്. എങ്കിലും അതും നൽകിയിട്ടില്ല.

21. അതു മാത്രമല്ല, വാദികൾക്ക് പട്ടിക 'ബി'-യും 'സി'-യും വസ്തുക്കൾ അവരുടെ സ്വയം ആർജ്ജിതമാണെന്ന് തെളിയിക്കുന്നതിന് യാതൊരു വിധത്തി ലുമുള്ള രേഖാമൂലമുള്ള തെളിവ് ഹാജരാക്കുവാനോ അതിന്റെ ആർജ്ജനത്തിനുള്ള സ്രോതസ് തെളിയിക്കുവാനോ കഴിഞ്ഞിരുന്നില്ല.

22. ഹിന്ദു നിയമത്തിലെ ഒരു തീർച്ചപ്പെടുത്തിയ തത്വമെന്തെന്നാൽ, എല്ലാ ഹിന്ദു കുടുംബത്തിനും ഒരുമിച്ച് ആഹാരവും ആരാധനയും സ്വത്തും എന്നുള്ള ഒരു നിയമാനുമാനമുള്ളതെന്നും വിഭജനത്തിന്റെ ഏതെങ്കിലും തെളിവിന്റെ അഭാവത്തിൽ അത്തരത്തിലുള്ള നിയമാനുമാനം ഒരു കുടുംബമായി പ്രവർത്തിക്കുന്നത് തുടരുന്നു എന്നുമാണ്. തെളിയിക്കേണ്ട ഭാരം, അതുകൊണ്ട്, ഏത് അംഗമാണോ പരമ്പരാഗതമായ വസ്തുക്കളിൽ നിന്നുള്ള ചില വസ്തുക്കൾ അയാളുടെ സ്വയാർജ്ജിത വസ്തുക്കളായി അവകാശം ഉന്നയിക്കുകയും കുടുംബ വസ്തുക്കളിൽ കൂട്ടുകുടുംബമായിട്ടല്ലാത്ത നിലനില്പ് സമ്മതിച്ചിട്ടുള്ള ആളിൽ സ്ഥിതിചെയ്യുന്നു (കാണുക - മുള്ള - ഹിന്ദുനിയമം, 22-ാമത് എഡിഷൻ, അനുച്ഛേദം 23 'കൂട്ടാദായ വസ്തുവും സ്വയാർജ്ജിത വസ്തുവും സംബന്ധിച്ച അനുമാനം' - പുറങ്ങൾ 346-ഉം 347-ഉം).

23. ഞങ്ങളുടെ പരിഗണിത അഭിപ്രായത്തിൽ, പട്ടിക 'ബി'-യും 'സി'-യും ഉൾപ്പെട്ടുവരുന്ന കേസിലെ വസ്തുക്കളും വാദികളുടെ സ്വയാർജ്ജിത വസ്തുക്കളായി കാണിക്കുന്ന തെളിവിന്റെ അഭാവത്തിൽ ഉള്ളതിനാൽ പരമ്പരാഗതമായതിന്റെ (പട്ടിക 'ഡി') അവിഭാജ്യ ഘടകമായി അത്തരം വസ്തുക്കളും ഉൾപ്പെടുന്നതാ ണെന്നതാണ്

നിയമാനുമാനമെന്നതാണ്. വാദികൾ അവരുടെ കേസിന്റെ അടിസ്ഥാനത്തിൽ പട്ടിക 'ഡി' വസ്തുക്കളെ സംബന്ധിച്ച് കൂട്ടുകുടുംബത്തിന്റെ നിലനില്പ് സമ്മതിച്ചിട്ടുള്ളതും 4/9 ഓഹരി ആവശ്യപ്പെട്ടുകൊണ്ട് ഭാഗംവെക്കൽ തേടിയിട്ടുള്ളതുമാണ്.

24. ഞങ്ങളുടെ പരിഗണിത അഭിപ്രായത്തിൽ, അത്, അതുകൊണ്ട്, കൂട്ടുകുടുംബത്തിന് നിലനില്പില്ലെന്നും പട്ടിക 'ബി'-യും 'സി'-യും വസ്തുക്കളാക്കി വിവരിച്ചിട്ടുള്ള വസ്തുക്കൾ പരമ്പരാഗത വസ്തുക്കളല്ലെന്നും വാദികൾ അവരുടെ സ്വയാർജ്ജിതമാക്കിയ വസ്തുക്കളാണെന്നും തെളിയിക്കേണ്ടത് വാദികളിൽ നിയമബദ്ധമാണ്. മുകളിൽ വിധികല്പിച്ചതുപോലെ, ഏതെങ്കിലും തെളിവിന്റെ അഭാവത്തിൽ ഈ സാരവത്തായ വസ്തുത തെളിയിക്കുന്നതിൽ വാദികൾ പരാജയപ്പെട്ടു.

25. ഞങ്ങൾ, അതുകൊണ്ട്, യാതൊരു വിസമ്മതവുമില്ലാതെ, രണ്ടു കോടതികളുടേയും സമവർത്തി കണ്ടെത്തലുകൾ, അവ ഞങ്ങളുടെ അഭിപ്രായത്തിൽ, വാചാ തെളിവുകളുടെ ഉചിതമായ വിശകലനത്തിന്റെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ് എന്നതുകൊണ്ട് സ്ഥിരപ്പെടുത്തുന്നു.

26. അപ്പീൽവാദികളുടെ പാണ്ഡിത്യമുള്ള അഭിഭാഷകൻ ഞങ്ങളെ തെളിവുകളിലൂടെ കൊണ്ടുപോയി. ഇപ്പോഴത്തെ ഘട്ടത്തിൽ ഞങ്ങൾ മുകളിൽ വിധികല്പിച്ചിട്ടുള്ളതിന്റെ വെളിച്ചത്തിൽ ഈ തെളിവ് വിശകലനം നടത്തുന്നതിന് ഞങ്ങൾക്ക് ഭയമുണ്ട്. അത് അനുവദനീയമല്ല.

27. അവരുടെ സമർപ്പണത്തിൽ, വ്യവഹാര വസ്തുക്കളിലൂടെ അവരുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് വിചാരണക്കോടതി പ്രതികൾക്ക് എതിരായി ചില കണ്ടെത്തലുകൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയത് ഹൈക്കോടതി നിലനിറുത്തിയിട്ടുണ്ടെന്നും, ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അപ്പീൽ വാദികൾക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നത് അർഹതയുണ്ടെന്നും കൂടി ബോധിപ്പിച്ചു.

28. ഞങ്ങൾ ഈ സമർപ്പണം പരിഗണിച്ചെങ്കിലും, ഞങ്ങൾ എന്താണോ മുകളിൽ വിധിച്ചത് ആയതിന്റെ വെളിച്ചത്തിൽ അതിന് യാതൊരു യോഗ്യതയും കാണുന്നില്ലാത്തതാണ് ആവർത്തനത്തിന്റെ ചെലവിൽ, ഞങ്ങൾ നിരീക്ഷിക്കുന്ന തെന്തെന്നാൽ, ഹർജിയിൽ സ്ഥാപിച്ച അവരുടെ പ്രധാന കേസ് തെളിയിക്കുന്നതിൽ വാദികൾ പരാജയപ്പെടുകയും അതുവഴി അവരുടെ ബാദ്ധ്യത മാറ്റപ്പെടുന്നതിൽ പരാജയപ്പെടുകയും ചെയ്തപ്പോൾ, ഞങ്ങൾക്ക് അവരുടെ ഏതെങ്കിലും പകരമായ സമർപ്പണം, അതിനാകട്ടെ യാതൊരു കഴമ്പുമില്ല, സ്വീകരിക്കുന്നതിന് കഴിയുന്നതല്ല.

29. ഫലത്തിൽ, അപ്പീലിന് യാതൊരു യോഗ്യതയും ഞങ്ങൾ കാണുന്നില്ല. അത് പരാജയപ്പെടുകയും തദനുസൃതമായി തള്ളിക്കളയുന്നു.

*————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്ററിസ് മദൻ ബി ലോകുർ

&

ബഹു. ജസ്ററിസ് ദീപക് ഗുപ്ത

വിജയ് സിംഗ്

*അഭി*

ശാന്തിദേവിയും മറ്റൊരാളും

സിവിൽ അപ്പീൽ നം. 2062/2009

2017 സെപ്റ്റംബർ 8-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**ഞങ്ങൾക്ക് ഈ രണ്ട് സമർപ്പണങ്ങളും സ്വീകരിക്കാൻ പറ്റില്ല. പുന:സ്ഥാപന ത്തിനുള്ള കാലഹരണം കാലഹരണ ആക്റ്റ് പ്രകാരം 12 വർഷമാണ്. എക്സ്പാർട്ടി ഡിക്രി 1998 ആഗസ്റ്റ് 28-നു അസ്ഥിര പ്പെടുത്തിയിട്ടുള്ളതും അതിനുശേഷം അപ്പീൽവാദി വിവിധതലങ്ങളിൽ വ്യവഹരി ക്കുകയായിരുന്നു. ഈ കാലയളവിൽ, അപ്പീൽവാദി നിരോധന ഉത്തരവ് സമ്പാദി ച്ചിട്ടുണ്ടെങ്കിൽ, തീർച്ചയായും കാലഹരണ കാലയളവ് കണക്കാക്കുമ്പോൾ നിരോധനം നൽകിയിരുന്ന കാലയളവ് ഒഴിവാക്കേണ്ട താണ്. ഇത് ഈ കോടതിയുടെ ജോലിയല്ല. വിധി നടത്ത് കോടതിക്കാണ്. പുന:സ്ഥാപന അപേക്ഷ, ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ, കാലഹരണത്തിനകത്താണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടതാണ്. അസ്സൽ ഡിക്രി പാസ്സാക്കിയ കോടതിക്കു മാത്രമേ പുന:സ്ഥാപനത്തിന് ഉത്തരവിടാൻ പറ്റൂ. സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്ര അഭി ചിത്തരഞ്ജൻ രംഗനാഥ് (1980) 4 എസ്സിസി 518 എന്ന കേസിൽ തീരുമാനിച്ച മാതിരി പരമോന്നത കോടതിക്ക് പുന:സ്ഥാപനം നൽകുവാനൊക്കില്ല. അപ്പീൽ നിരസിച്ചി രിക്കുന്നു.**

### വിധിന്യായം

ജസ്റ്റിസ് ദീപക് ഗുപ്ത

1. അഗ്രക്രയാവകാശത്തിനുള്ള ഒരു കേസിൽ ഒരു എക്സ്പാർട്ടി ഡിക്രി അത് പിന്നീട് അസ്ഥിരപ്പെടുത്തിയത് ആദ്യകോടതി നടപടിയിലെ ഡിക്രിയായി കണക്കാക്കാമോ എന്നതാണ് ഈ അപ്പീലിലെ തീരുമാനത്തി നായി ഉയരുന്ന ചോദ്യം.

2. അവിതർക്കിതമായ വസ്തുതകളാണ് രൂപ് ചന്ദ് എന്നൊരാൾ കേസിലെ വസ്തു ശാന്തിദേവിയുടെ പേർക്ക്, ഇതിലെ എതിർകക്ഷി നം. 1-ന്, വിറ്റു എന്നത്. വിജയ് സിംഗ്, അപ്പീൽവാദി രൂപ് ചന്ദുമായി ഒരു കൂട്ട് ഓഹരിക്കാരൻ 1913-ലെ പഞ്ചാബ്

അഗ്രക്രയാവകാശത്തിനുള്ള ആക്റ്റ് (ചുരുക്കത്തിൽ 1913 ആക്റ്റ്') പ്രകാരം ഒരു കൂട്ടോഹരിക്കാരന് നൽകിയിട്ടുള്ള അഗ്രക്രയാവകാശത്തിന്റെ അടിസ്ഥാനത്തിൽ കൈവശാവകാശത്തിനുവേണ്ടി ഒരു വ്യവഹാരം, 1989 നവംബർ 6-ന് ഫയൽ ചെയ്തു. പ്രതി ശാന്താദേവി 1990 ഏപ്രിൽ 6-ന് എക്സ്പാർട്ടിക്കെതിരെ നടപടിയെടുത്തു. അതിനുശേഷം, അവർക്കെതിരെ 1990 ഏപ്രിൽ 10-ന് ഒരു എക്സ്പാർട്ടി ഡിക്രി പാസ്സാക്കി. ഡിക്രിക്കു അനുബന്ധമായി വിധി നടത്ത് അപേക്ഷ ഫയൽ ചെയ്യുകയും അപ്പീൽവാദി വിജയ് കുമാർ വ്യവഹാരത്തിലെ വസ്തുവിലെ ലുമുള്ള കൈവശാവകാശം 1990 ജൂൺ 7-ന് എടുക്കുകയും ചെയ്തു.

3. അതേ ദിവസം തന്നെ, അതായത് 1990 ജൂൺ 7-ന് ശാന്തിദേവി സിവിൽ നടപടി നിയമസംഹിതയിലെ (ചുരുക്കത്തിൽ സിപിസി') ആർഡർ കത ചട്ടം 13 പ്രകാരം 1990 ഏപ്രിൽ 10-ലെ ഡിക്രി റദ്ദാക്കുവാൻ ഒരപേക്ഷ അവർക്ക് സമൻസ് കിട്ടുകയോ നടപടിയെക്കുറിച്ച് അറിവോ ഉണ്ടായിരുന്നില്ലായെന്നവകാശപ്പെട്ട് ഫയൽ ചെയ്തു. 1990 ജൂൺ 7-ന് കൈവശം എടുത്തപ്പോൾ മാത്രമാണ് അപ്പീൽവാദി വിജയ് കുമാർ അവർക്കെതിരെ ചില നിയമ നടപടികൾ എടുത്തിട്ടുള്ളതായി അവർ അറിയുന്നത് എന്ന് ആരോപിക്കുന്നു. വിചാരണ കോടതി 1993 ഒക്ടോബർ 4-ന് എക്സ്പാർട്ടി ഡിക്രി റദ്ദാക്കുവാൻ ശാന്തിദേവി ഫയൽ ചെയ്ത അപേക്ഷ തള്ളിക്കളഞ്ഞു. അതിനുശേഷം, അപ്പീൽ കോടതി മുമ്പാകെ ശാന്തിദേവി ഒരു അപ്പീൽ ഫയൽ ചെയ്തു.

4. ഈ സമയത്തിനിടയിൽ, ഹരിയാന സർക്കാർ 1995 മേയ് 17-ന് 1913-ലെ ആക്റ്റിലെ വകുപ്പ് 15 ഭേദഗതി വരുത്തി. ഈ ഭേദഗതിയുടെ ആകെ ഫലം ഒരു കൂട്ടോഹരിക്കാരന്റെ അഗ്രക്രയാവകാശം ഈ ഭേദഗതിയെടുത്തു കളഞ്ഞുകൊണ്ടും അഗ്രക്രയാവകാശം വാടകക്കാരനിൽ മാത്രമായി നിലനിർത്തിക്കൊണ്ടും ഉള്ളതാണ്.

5. അപ്പീൽ കോടതി ശാന്തിദേവി ഫയൽ ചെയ്ത അപേക്ഷ അനുവദിക്കുകയും 1998 ആഗസ്റ്റ് 28-നു എക്സ്പാർട്ടി ഡിക്രി റദ്ദാക്കുകയും ചെയ്തു. ഇതിലെ അപ്പീൽവാദി അപ്പീൽ കോടതിയുടെ ഉത്തരവിനെ തർക്കിച്ചുകൊണ്ട് പഞ്ചാബ് ഹരിയാന ഹൈക്കോടതിയിൽ സിവിൽ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്യുകയും അത് 1999 നവംബർ 5-ന് തള്ളിക്കളയുകയും ചെയ്തു. റിവിഷൻ പെറ്റീഷൻ റദ്ദാക്കവേ, പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി, 1913-ലെ ആക്റ്റിനുള്ള ഭേദഗതി കൊണ്ട് ഇതിലെ അപ്പീൽവാദിക്ക് വ്യവഹാര വസ്തുവിന്റെ വില്പന സംബന്ധിച്ച് അഗ്രക്രയാവകാശം ഇല്ലായെന്ന കാഴ്ചപ്പാട് നിരീക്ഷിച്ചിട്ടുള്ളതും സൂചിപ്പിക്കേണ്ടത് പ്രസക്തമായേക്കുന്നതാണ്. അപ്പീൽവാദി അപ്പോൾ ഈ കോടതി മുമ്പാകെ അപ്പീൽ (സിവിൽ) നം. 3488/2000-ന് ആയുള്ള പ്രത്യേകാനുമതി ഹർജി ഫയൽ ചെയ്യുകയും അത് 2000 മാർച്ച് 10-ന് തീരുമാനിക്കുകയും ചെയ്തു. ഈ കോടതി ഹർജി തള്ളുക മാത്രമല്ല ഹൈക്കോടതിയിലെ പാണ്ഡിത്യമുള്ള ജഡ്ജിയുടെ നിരീക്ഷണങ്ങളിൽ സ്വാധീനിക്കപ്പെട്ടു പോകാതെ മേൻമയിൻമേൽ ഒരിക്കൽ കൂടി ഈ വ്യവഹാരം വിചാരണ കോടതി തീരുമാനിക്കാനും ഉത്തരവിടുകയും ചെയ്തു.

6. അതിനുശേഷം ഈ വ്യവഹാരം വീണ്ടും വിചാരണ ചെയ്യുകയും 1913-ലെ ആക്റ്റിൽ ഭേദഗതി വരുത്തിയതിനെത്തുടർന്ന് അഗ്രക്രയാവകാശം അപ്പീൽ വാദിക്ക് ലഭ്യമായിട്ടുള്ളതല്ലയെന്ന പ്രധാന കാരണം ശാന്തിദേവി ഉന്നയിക്കുകയും ചെയ്തു. മറ്റേതലത്തിൽ, ആദ്യ കോടതിയുടെ ഡിക്രിയുടെ തീയതി 1990 ഏപ്രിൽ 10 ആകുന്നതും അന്നാണ് എക്സ്പാർട്ടി ഡിക്രി

പാസ്സാക്കിയിട്ടുള്ളതും അതുകൊണ്ട് കക്ഷികളുടെ അവകാശങ്ങൾ, നിയമം ആ തീയതിയിൽ എങ്ങനെയായിരുന്നു എന്നതിനാൽ നിയന്ത്രിതമാണ് എന്നുമാണ് അപ്പീൽവാദി തർക്കിച്ചത്.

7. റിമാന്റ് ചെയ്തതിനുശേഷം, പാണ്ഡിത്യമുള്ള വിചാരണ കോടതി അപ്പീൽവാദിയുടെ വ്യവഹാരം 1999 നവംബർ 27-ന് 1913-ലെ ആക്റ്റിൽ ഭേദഗതി വരുത്തിയതിനാൽ അഗ്രക്രയാവകാശം അസ്തമിച്ചിട്ടുള്ളതാണ് എന്ന കാരണത്താൽ തള്ളിയിട്ടുള്ളതാണ്. അപ്പീൽവാദി, അതിനു ശേഷം വിചാരണ കോടതി മുമ്പാകെ ആദ്യ അപ്പീൽ ഫയൽ ചെയ്യുകയും അതും തള്ളിക്കളഞ്ഞിട്ടുള്ളതാണ്. റഗുലർ രണ്ടാം അപ്പീലിനും ഇതേ വിധി ആണ് ഉണ്ടായത്.

8. തീരുമാനിക്കേണ്ട തർക്കം ഒരു ഇടുങ്ങിയ വ്യാപ്തിയിൽ നിലനിൽക്കുന്ന ഒരു നിയമതർക്കമാണ്. തർക്കത്തെക്കുറിച്ച് തന്നെ കൈകാര്യം ചെയ്യുന്നതിന് മുമ്പ് ഈ കോടതിയുടെ ഭരണഘടന ബെഞ്ചിന്റെ ശ്യാം സുന്ദറും മറ്റുള്ളവരും അഭി രാം കുമാറും മറ്റൊരാളും (2001) 8 എസ്സ്‌സിസി 24 എന്ന കേസിലെ വിധിന്യായം പരാമർശിക്കുന്നത് പ്രസക്തമായേക്കാവുന്നതാണ്. അതിൽ ഈ കോടതി 1913-ലെ ആക്റ്റിൽ ഭേദഗതി വരുത്തിയതിന്റെ ഫലമാണ് പരിഗണിച്ചിട്ടുള്ളത്. പരമോന്നത കോടതി മുമ്പാകെ അപ്പീൽ നിലവിലിരിക്കുന്ന സമയത്താണ് 1913-ലെ ആക്റ്റിലെ വകുപ്പ് 15-ൽ ഭേദഗതി വരുത്തിയതെങ്കിൽ അങ്ങനെയുള്ള ഭേദഗതി പ്രകാരം അഗ്രക്കയാവകാശത്തിനുള്ള ഡിക്രിക്ക് കോട്ടം തട്ടുകയില്ല എന്ന് ഈ കോടതി വിധിച്ചു. മുഴുവൻ നിയമവും ചർച്ച ചെയ്തശേഷം, താഴെ കൊടുത്തിരിക്കുന്ന നിയമ തത്ത്വങ്ങൾ ഭരണഘടന ബഞ്ച് വേർതിരിച്ചെടുത്തു.

'10. ആദ്യ വിഭാഗം തീരുമാനങ്ങളിൽ പരാമർശിച്ച മേൽപ്പറഞ്ഞ തീരുമാനങ്ങൾ പരിശോധിക്കുമ്പോൾ ഉരുത്തിരിയുന്ന നിയമ തത്ത്വങ്ങൾ ഇവയാണ്.

1. മുൻഗണനാ ക്രയാവകാശ മുള്ളയാൾക്ക് വില്പന തീയതി യിലും, വ്യവഹാരം ഫയൽ ചെയ്യുന്ന തീയതി യിലും പ്രഥമ ഘട്ടത്തിലെ കോടതിയുടെ ഡിക്രി പാസ്സാക്കിയ തീയതിയിലും പ്രഥമ ക്രമത്തിൽ വസ്തു വാങ്ങുവാനുള്ള അവകാശ മുണ്ടായിരിക്കണം.

2. പ്രഥമ ക്രയാവകാശം അവകാശ പ്പെടുന്നവർ വില്പന തീയതിയിൽ അങ്ങനെയുള്ള അവകാശം ആദ്യ കോടതി ഡിക്രി പാസ്സാക്കുന്നത് വരെയും നിലനിൽക്കുന്നത് തുടരുന്ന താണെന്ന് തെളിയിക്കേണ്ടതാണ്. ആ അവകാശം അവകാശിക്ക് നഷ്ട പ്പെടുമ്പോഴോ വസ്തു വാങ്ങിയ ആൾ അയാളുടെ അവകാശം കേസ് തീരുമാനി ക്കുന്നതിനു മുമ്പ് അവകാശ വാദം ഉന്നയിക്കുന്ന ആളിന്റെ അവകാശത്തിനു സമ മായോ അതിനും മുകളിലായോ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രഥമക്രയാ വകാശത്തിനുള്ള വ്യവഹാരം പരാജയപ്പെടുന്നതാണ്.

3. വ്യവഹാരം ഫയൽ ചെയ്യുന്ന തീയതിയിലും ഡിക്രി പാസ്സാക്കുന്ന തീയതിയിലും പ്രഥമ ക്രയാവകാ ശത്തിൽ വസ്തു വാങ്ങാൻ അവകാശമുള്ള യാൾക്ക് ആദ്യ കോടതിയുടെ ഡിക്രിക്ക് ശേഷം അങ്ങനെയുള്ള അവകാശം നഷ്ട പ്പെടുന്നത്, അയാളുടെ അവകാശ ത്തേയോ പ്രഥമ ക്രയാവകാശത്തിനു വേണ്ടിയുള്ള വ്യവഹാരം ന്യായീ കരി ക്കത്തക്കതാണെന്നുള്ള നിലയേയും ബാധിക്കുകയില്ല.

4. ഒരു പ്രഥമ ക്രയാവകാശി, അയാൾ അയാളുടെ അവകാശം വില്പന തീയതിയിലോ വ്യവഹാരം ഫയൽ ചെയ്യുന്ന തീയതിയിലും ആദ്യ കോടതി ഡിക്രി പാസ്സാക്കുന്ന തീയതിയിലും, ആദ്യ സന്ദർഭത്തിലെ കോടതിയിൽ നിന്ന് പ്രഥമ ക്രയാവകാശത്തിനുള്ള ഒരു ഡിക്രി സമ്പാദിച്ചിട്ടുള്ളതു മാണെങ്കിൽ, അങ്ങനെയുള്ള അവകാശം ആ ഡിക്രിക്കെതിരായിട്ട് ഫയൽ ചെയ്തിട്ടുള്ള അപ്പീൽ നിലവിലിരിക്കുന്ന സമയത്ത്, പിന്നീടുള്ള ഒരു നിയമ നിർമ്മാണം വഴി, ആ നിയമനിർമ്മാണത്തിന് മുൻകാല പ്രാബല്യമില്ലാതെ എടുത്തു കളയുവാൻ കഴിയാത്തതാണ്.

9. ഭരണഘടനാ ബഞ്ചിന്റെ തീരുമാനം കണക്കിലെടുക്കു മ്പോൾ, ഞങ്ങളുടെ മുന്നിൽ ഉദ്ധരിച്ച വിവിധ മറ്റു വിധിന്യായങ്ങൾ പരാമർശിക്കേണ്ട ആവശ്യമില്ലാത്തതാണ്. ഭരണഘടനാ ബഞ്ച് വച്ചിട്ടുള്ള തത്ത്വങ്ങൾ പരിശോധിക്കുമ്പോൾ വ്യക്തമായും സൂചിപ്പിക്കുന്നത് എന്തെന്നാൽ പ്രഥമ ക്രയാവകാശമുള്ളയാൾ മൂന്ന് തീയതികളിൽ പ്രഥമ ക്രയാവകാശം സ്വന്തമാക്കേണ്ടതുണ്ട് എന്നതാണ്.".

(i) വില്പനത്തീയതിയിൽ;

(ii) കേസ് ഫയൽ ചെയ്യുന്ന തീയതിയിൽ; കൂടാതെ

(iii) ആദ്യ സന്ദർഭത്തിലെ കോടതിയുടെ ഡിക്രി പാസ്സാക്കുന്ന തീയതിയിൽ.

ആദ്യത്തെ രണ്ട് ഉപാധികളെ സംബന്ധിച്ചിടത്തോളം, അപ്പീൽവാദി വില്പന തീയതിയിലും കേസ് ഫയൽ ചെയ്യുന്ന തീയതിയിലും പ്രഥമ ക്രയാവകാശം സ്വന്തമാക്കിയിരുന്നു എന്നതിൽ യാതൊരു തർക്കവുമില്ലാത്തതാണ്. എന്തുകൊണ്ടെന്നാൽ അയാൾ ചോദ്യത്തിലുള്ള വസ്തുവിൽ ഒരു കൂട്ടോഹരിക്കാരനാണ്. 1990 ഏപ്രിൽ 10-ന് അപ്പീൽവാദിക്കനുകൂലമായി എക്സ്പാർട്ടി ഡിക്രി പാസ്സാക്കുന്ന സമയത്ത് അയാൾക്ക് അയാൾക്കനുകൂലമായി ഒരു സാധുതയുള്ള നിയമാവകാശമുണ്ടായി രുന്നുവെന്നതും അവിതർക്കിതമാണ്.

10. തീരുമാനിക്കപ്പെടേണ്ട ചോദ്യമിതാണ്, എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടു ത്തുകയും 27 നവംബർ 1999-ന് ആദ്യ സന്ദർഭത്തിലെ കോടതി പുതിയ ഡിക്രി പാസ്സാക്കുകയും, ആ തീയതിയിൽ, തീർച്ചയായും, 1913-ലെ ആക്റ്റിലെ ഭേദഗതി കണക്കിലെടുക്കുമ്പോൾ അപ്പീൽവാദിക്ക് വില്പനയിൽ പ്രഥമ ക്രയാവകാശത്തിനുള്ള സാധുതയുള്ള ഒരവകാശമില്ല, ചെയ്യുമ്പോൾ അതിന് എന്ത് ഫലമാണുള്ളത് എന്നതാണ്.

11. സിപിസി ആർഡർ കത ചട്ടം 6 താഴെ പറയും പ്രകാരമാണ്.

**ആർഡർ IX കക്ഷികളുടെ ഹാജരാകലും ഹാജരാകാതിരിക്കലിന്റെ അനന്തര ഫലവും**

XXX XXX XXX

6. വാദി മാത്രം ഹാജരാകുമ്പോഴുള്ള നടപടി ക്രമം- (1) വ്യവഹാരം ഹിയറിങ്ങിന് വിളിക്കുമ്പോൾ വാദി ഹാജരാകുകയും പ്രതി ഹാജരാകാതിരിക്കുകയും ചെയ്യുന്നിടത്ത്,-

(ക) **സമൺസ് മുറപ്രകാരം നടത്തിയിരിക്കുമ്പോൾ**- സമൺസ് മുറപ്രകാരം നടത്തിയിരുന്നു എന്ന് തെളിയിക്കുന്നുവെങ്കിൽ, കോടതിക്ക്, വ്യവഹാരം എക്സ് പാർട്ടി ആയി കേൾക്കുന്നതാണെന്ന് ഉത്തരവ് ചെയ്യാവുന്ന താണെന്നും ;

(ഖ) **സമൺസ് മുറപ്രകാരം നടത്താത്തപ്പോൾ**.-സമൺസ് മുറപ്രകാരം നടത്തിയിരുന്നു എന്ന് തെളിയാതിരിക്കുന്നുവെങ്കിൽ രണ്ടാമത് ഒരു സമൺസ് പുറപ്പെടുവിക്കാനും പ്രതിക്ക് നടത്താനും കോടതി നിർദ്ദേശി ക്കേണ്ടതും



5/529/17 -5

(ഗ) **സമൺസ് നടത്തിയിട്ടുണ്‍, എന്നാൽ യഥാസമയം അല്ല എന്നുള്ളപ്പോൾ,-** സമൺസ് പ്രതിക്ക് നടത്തിയിരുന്നു എന്നും, എന്നാൽ അത് സമൺസിൽ നിജപ്പെടുത്തിയിട്ടുള്ള ദിവസം കോടതിയിൽ ഹാജരാകുകയും ഉത്തരം പറയുകയും ചെയ്യാൻ അയാൾക്ക് കഴിവുണ്ടാക്കുന്നതിന് മതിയായ സമയത്തിന് ആയിരുന്നി ല്ലെന്നും തെളിയിക്കുന്നു എങ്കിൽ, കോടതി, വ്യവഹാരത്തിന്റെ ഹിയറിങ്ങ് കോടതി നിജപ്പെടുത്തുന്ന ഒരു ഭാവി ദിവസത്തേക്ക് നീട്ടുകയും, അങ്ങനെയുള്ള ദിവസത്തേക്കുറിച്ച് പ്രതിക്ക് നോട്ടീസ് നൽകാൻ നിർദ്ദേശിക്കുകയും ചെയ്യേണ്ടതും, ആകുന്നു.

(2) വാദിയുടെ വീഴ്ച കാരണമാണ് സമൺസ് മുറപ്രകാരം നടത്താതിരിക്കുകയോ മതിയായ സമയത്തിന് നടത്താതിരിക്കുകയോ ചെയ്തതെന്നുള്ളിടത്ത്, കോടതി വാദിയോട്, നീട്ടിയതു മൂലം ഉൺണ്ടായ കോടതി ചെലവ് കൊടുക്കാൻ ഉത്തരവ് ചെയ്യേണ്ടതാകുന്നു.

12. ഞങ്ങൾക്ക് ബന്ധപ്പെടേണ്ടതും ഖണ്ഡം (എ) മാത്രം, അത് വ്യവസ്ഥ ചെയ്യുന്നത് എന്തെന്നാൽ സമൺസ് മുറപ്രകാരം നടത്തിയിരിക്കുകയും പ്രതി ഹാജരാകാതിരിക്കുകയും ചെയ്യുന്നിടത്ത് കോടതിക്ക് വ്യവഹാരം എക്സ്പാർട്ടി ആയി കേൾക്കുന്നതിന് ഉത്തരവ് ചെയ്യാവുന്നതാണ് എന്നാണ്. ഈ കേസിൽ, ഈ നടപടി ക്രമമാണ് പിന്തുടർന്നിട്ടുള്ളത്, ഒരു എക്സ്പാർട്ടി ഡിക്രി പാസ്സാക്കിയതും. ഒരു എക്സ്പാർട്ടി ഡിക്രി ഒരു സാധുതയുള്ള ഡിക്രിയാണെന്നുള്ളതിൽ യാതൊരു രീതിയിലുമുള്ള സംശയവുമില്ല. ഇതിന് എതിർവാദത്തിേ ൽ പാസ്സാക്കിയ ഒരു ഡിക്രിയുടെ അതേ കരുത്ത് ഉണ്ട്. എക്സ്പാർട്ടി ഡിക്രി തിരിച്ചു വിളിക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യാത്തിടത്തോളം അതു നിയമാനുസൃതവും കക്ഷികളെ ബന്ധിക്കുന്നതുമാണ്.

13. സിപിസി ആർഡർ IX ചട്ടം 13 താഴെ കൊടുത്തിരിക്കും പ്രകാരമാണ്:

**"ആർഡർ IX കക്ഷികളുടെ ഹാജരാകലും ഹാജരാകാതിരിക്കലിന്റെ അനന്തര ഫലവും**

XXX XXX XXX

13. പ്രതിക്കെതിരായ എക്സ് പാർട്ടി വിധി അസ്ഥിരപ്പെടു ത്തുന്നത്.- ഒരു പ്രതിക്ക് എതിരായ ഒരു എക്സ് പാർട്ടി വിധി പാസ്സാക്കുന്ന ഏതെങ്കിലും സംഗതിയിൽ, അയാൾക്ക്, ആ വിധി പാസ്സാക്കിയ കോടതിയോട്, അത് അസ്ഥിരപ്പെടുത്താൻ അപേക്ഷിക്കാവുന്നതും; സമൺസ് മുറ പ്രകാരം നടത്തിയി ല്ലെന്നോ, അല്ലെങ്കിൽ ഹിയറിങ്ങിന് വ്യവഹാരം വിളിച്ചപ്പോൾ, ഹാജരാകുന്നതിൽ നിന്ന് താൻ മതിയായ കാരണത്താൽ തടയപ്പെട്ടു എന്നോ അയാൾ കോടതിയെ ബോദ്ധ്യപ്പെടുത്തുന്നു എങ്കിൽ, കോടതി, കോടതിച്ചെലവുകൾ സംബന്ധിച്ചോ കോടതിയിൽ പണം ഒടുക്കുന്നതു സംബന്ധിച്ചോ മറ്റുവിധത്തിലോ ഉള്ള യുക്തമെന്നു തോന്നുന്ന നിബന്ധനകളിേ ൽ വിധി അയാൾക്ക് എതിരായി അസ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് ചെയ്യേണ്ടൺതും വ്യവഹാരം തുടരുന്നതിന് ദിവസം നിശ്ചയിക്കേണ്ടതും ആകുന്നു:

എന്നാൽ, വിധി, അങ്ങനെയുള്ള പ്രതിക്കെതിരായി മാത്രം അസ്ഥിര പ്പെടുത്താൻ കഴിയാത്ത പ്രകൃതത്തിലുള്ളതായിരിക്കുന്നിടത്ത്, അത്, മറ്റ് എല്ലാ പ്രതികൾക്കും എതിരായോ അവരിൽ ആർക്കെങ്കിലും എതിരായോ അസ്ഥിരപ്പെടുത്താ വുന്നതാണ് :

എന്നുമാത്രമല്ല, പ്രതിക്ക് ഹിയറിങ്ങ് ദിവസത്തേക്കുറിച്ച് നോട്ടീസ് ഉണ്ടായിരുന്നു എന്നും, ഹാജരാകാനും വാദിയുടെ

അവകാശവാദത്തിന് ഉത്തരം പറയാനും മതിയായ സമയം ഉണ്ടായിരുന്നു എന്നും ബോദ്ധ്യപ്പെടുന്നു എങ്കിൽ, യാതൊരു എക്സ് പാർട്ടിയായി പാസ്സാക്കിയ ഒരു വിധി സമൺസിന്റെ നടത്തലിൽ ക്രമക്കേട് ഉൺണ്ടായിട്ടുണ്ടെൺന്ന കാരണത്തിേ ൽ മാത്രം അസ്ഥിരപ്പെടുത്താൻ പാടുള്ളതല്ല.

വിശദീകരണം:- ഈ ചട്ടത്തിൻ കീഴിൽ എക്സ് പാർട്ടി ആയി പാസ്സാക്കിയ ഒരു വിധിക്കെതിരായി അപ്പീൽ ഉണ്ടായിരുന്നിരിക്കുകയും, അപ്പീൽ, അപ്പീൽവാദി അപ്പീൽ പിൻവലിച്ചിട്ടുണ്ടെന്നുള്ള കാരണം അല്ലാതെ ഏതെങ്കിലും കാരണത്തിന്മേൽ തീർച്ച ചെയ്തിരിക്കുകയും ചെയ്യുന്നിടത്ത്, ആ എക്സ് പാർട്ടി വിധി അസ്ഥിരപ്പെടുത്തുന്നതിന് ഈ ചട്ടത്തിൻ കീഴിൽ യാതൊരു അപേക്ഷയും നിലനിൽക്കുന്നതല്ല.

14. എക്സ്പാർട്ടിയായി പാസ്സാക്കിയ ഒരു ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന്റെ നടപടി ക്രമങ്ങൾ മേൽപ്പറഞ്ഞ വ്യവസ്ഥ പ്രതിപാദിക്കുന്നു. കോടതിക്ക് എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്താൻ കഴിയുന്നത് രണ്ട് കാരണങ്ങളിൽ മാത്രമാണ്. ഒന്നാമതായി, കോടതിയിൽ ഹാജരാവുന്നതിനുള്ള സമൺസ് യഥാവിധി കൊടുത്തിട്ടില്ലാത്തിടത്തും; രണ്ടാമതായി, പ്രതി ഉചിതമായ കാരണങ്ങളിേ ൽ വ്യവഹാരം വിളിച്ച സമയത്ത് ഹാജരാവുന്നതിൽ നിന്നും തടയപ്പെട്ടിരുന്നിടത്തും ഒരിക്കൽ ഒരു എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തിയാൽ, അടിസ്ഥാനപരമായി അത് അർത്ഥമാക്കുന്നത് എക്സ്പാർട്ടി ഡിക്രി പാസ്സാക്കുന്നതിനു മുൻപ് കക്ഷികൾ എങ്ങനെ നിലനിന്നിരുന്നു അതേ അവസ്ഥയി ലേയ്ക്കു അവരെ തിരിച്ചുകൊണ്ട് വന്നു വെന്നാണ്.

15. ഇപ്പോഴത്തെ കേസിൽ, എതിർകക്ഷി നം. 1-ന്റെ നിലപാട് അവർക്ക് ഒരിക്കലും വ്യവഹാര നോട്ടീസ് നൽകിയിരുന്നില്ലായെന്നും നടപടിയെക്കുറിച്ച് അവരറിയുന്നത് ഡിക്രിയിേ ൽ വിധി നടത്തിയപ്പോഴും വസ്തുവിന്മേലുള്ള കൈവശം അവരിൽ നിന്ന് എടുത്തപ്പോഴുമാണെന്നാണ്. അതേ ദിവസം തന്നെ അവർ എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്താൻ ഒരപേക്ഷ ഫയൽ ചെയ്തു. ഈ അപേക്ഷ വിചാരണ കോടതി തള്ളിക്കളഞ്ഞു. കീഴ്- അപ്പീൽ കോടതി, ഇതിലെ എതിർകക്ഷി നം. 1 ഫയൽ ചെയ്ത അപ്പീൽ അനുവദിക്കുകയും അവരെ വ്യവഹാര നോട്ടീസ് ഔപചാരികമായി ഏൽപ്പിച്ചുകൊടുത്തിട്ടില്ലായെന്നും അതുകൊണ്ട് കേസ് വിളിച്ച തീയതിയിൽ ഹാജരാവാതിരുന്നതിന് ഉചിതമായ കാരണം അവർക്കുണ്ടെന്നും ഉള്ള അടിസ്ഥാനത്തിൽ എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തി.

16. ഇപ്പോഴത്തെ കേസിൽ ഫലമിതായിരുന്നേനേ, എതിർകക്ഷി നം. 1 ശാന്തിദേവിയെ അവർ എക്സ്പാർട്ടിക്ക് എതിരെ നടപടി സ്വീകരിച്ചപ്പോൾ അത് കാര്യവിവര പത്രിക ഫയൽ ചെയ്യേണ്ട തീയതിയായിരുന്നതിലേക്ക് തിരിച്ചയക്കപ്പെടുമായിരുന്നു. സ്ഥിതിയിലേയ്ക്കു തിരിച്ചയച്ചേനേ എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന്റെ ഫലം കക്ഷികളെ ഡിക്രി പാസ്സാക്കുന്നതിനു മുമ്പുള്ള അവരുടെ പൂർവ്വ സ്ഥിതിയിലാക്കുകയും പ്രതി എക്സ്പാർട്ടിക്കെതിരെ നടപടി യെടുത്തപ്പോൾ അവർ ഏതു സ്ഥിതിയിലായിരുന്നു അതിലേയ്ക്ക് അവരെ തിരിച്ചുകൊണ്ടു വരുന്നതുമാണെന്നുള്ളതിൽ ഒരു രീതിയിലുള്ള സംശയ വുമില്ലാത്തതാണ്. കക്ഷികളെ, പ്രതിക്കെതിരെ എക്സ്പാർട്ടിയായി നീങ്ങുന്നതിനുള്ള ഉത്തരവിന്റെ തീയതിക്കു മുൻപ് നിലവിലുണ്ടായിരുന്ന സ്ഥിതിയിലേയ്ക്കു, വീണ്ടും കൊണ്ടുവരുന്നതാണ്. ഇതേ സംബന്ധിച്ച് ഈ കോടതിയുടെ ആധികാരിതയുള്ള പ്രഖ്യാപനങ്ങളൊന്നും ഞങ്ങളുടെ മുമ്പാകെ കൊണ്ടുവന്നിട്ടില്ല എന്നിരുന്നാലും, വിവിധ

ഹൈക്കോടതികൾ പാസ്സാക്കിയ വിധി ന്യായങ്ങൾ *കുമാരരു നാരായണരു* അഭി *പത്മനാഭക്കുറുപ്പ് ഗോപാലക്കുറുപ്പ്* എഐആർ 1953 (ടിസി) 426, *ബീരാൻ കോയ ഹാജി* അഭി *പി.പി. മുഹമ്മദ്കുട്ടി* എഐആർ 1986 കേരള 10, *ഷാ ഭരത് കുമാർ* അഭി *മെ. മോട്ടിലാലും ഭാരുലാലും* എഐആർ 1980 ഗുജറാത്ത് 50, *അസീസ് അഹമ്മദ് പട്ടേൽ* അഭി ഐ.എ. *പട്ടേൽ എഐആർ 1974 (എപി) 1, കുമാരി ലക്ഷ്മി ദേവി അഭി റൂങ്റ്റാ & കമ്പനി* എഐആർ 1962 (അലഹബാദ്) 381, *വെങ്കിട്ട സുബ്ബയ്യ* അഭി *ലക്ഷ്മിനാരായണ സിംഹൻ* 49 മദ്രാസ് ലാ ജേർണൽ 273 എന്നീ കേസുകളിൽ ഈ കാഴ്ചപ്പാട് എടുത്തിട്ടുണ്ട്.

17. എക്സ്പാർട്ടി ഡിക്രി വിധി നടത്ത് നടപ്പാക്കി എന്നതുകൊണ്ട് മാത്രം പ്രതി സിപിസി ആർഡർ കത 13 ചട്ടം 13 പ്രകാരം അത് അസ്ഥിരപ്പെടുത്തി കിട്ടുവാൻ അപേക്ഷ നൽകുന്നതിന് അനർഹനാകുന്നില്ല വെറും വസ്തുത എന്ന സൂചിപ്പിക്കേണ്ടത് പ്രസക്ത മായേക്കാവുന്നതാണ്. *ശ്രീ. ശങ്കരിബാല ദത്ത* അഭി *ശ്രീമതി അസിദ ഭരണി ദാസിയും മറ്റുള്ളവരും* എഐആർ 1977 കൽക്കത്ത 289, *കുമാരി ഫാത്തിമ ഖാറ്റൂൺ* അഭി *സ്വരൂപ് സിംഗ്* എഐആർ 1984 കൽക്കത്ത 257 എന്നിവയിലേയ്ക്ക് പരാമർശം നൽകാ വുന്നതാണ്. ഒരിക്കൽ ഡിക്രി അസ്ഥിരപ്പെടു ത്തിയാൽ പൂർവ്വസ്ഥിതിയിലാക്കുന്നതിനോ പുന:സ്ഥാപിക്കലിനോ ഉത്തരവിടുവാൻ കഴിയുന്നതാണ്.

18. അപ്പീൽവാദിക്കുവേണ്ടി സമർപ്പിച്ചതെ ന്തെന്നാൽ ശ്യാം സുന്ദറിന്റെ (മുകളിലത്തെ) കേസിൽ ഇവിടെ മുകളിൽ ഉദ്ധരിച്ച തത്ത്വങ്ങൾ പ്രതിപാദിച്ചപ്പോൾ ഈ കോടതി എക്സ്പാർട്ടി ഡിക്രികൾക്ക് ഒരു ഒഴിവാ ക്കലും നൽകിയിട്ടില്ലാത്തതും എക്സ്പാർട്ടി ഡിക്രി ആദ്യ സന്ദർഭത്തിലേ കോടതിയുടെ ഡിക്രിയായി പരിഗണിക്കേണ്ടതുമാണ്. അത് ഭരണഘടനാ ബഞ്ചിനു മുമ്പാകെ ഉയർത്തിയ ഒരു തർക്കമല്ലാത്തതാണ്. ആദ്യ സന്ദർഭ ത്തിലെ കോടതി ഡിക്രി പാസ്സാക്കിയ ശേഷം അവതരിപ്പിച്ച 1913-ലെ ആക്റ്റിനു വരുത്തിയ ഭേദഗതി കൂട്ടോഹരിക്കാരനിൽ നിക്ഷിപ്ത മായ പ്രഥമ ക്രയാവകാശത്തിനുള്ള അവകാ ശത്തെ എടുത്ത അനന്തര ഫലത്തേയും പറ്റി മാത്രമാണ് ഈ കോടതിക്ക് ഉത്കണ്ഠ യുണ്ടായിരുന്നത്. ഈ കേസിൽ ഉയർത്തിയ തർക്കം പ്രത്യക്ഷമായോ പരോക്ഷമായോ ശ്യാം സുന്ദറിന്റെ (മുകളിലെ) കേസിലെ തീരുമാനത്തിന്റെ വിഷയമായിരുന്നില്ല.

19. ഒരു എക്സ്പാർട്ടി ഡിക്രി പാസ്സാ ക്കുന്നത് പ്രതിക്ക്, കോടതിയിൽ ഹാജരാ കുവാനുള്ള നോട്ടീസ് നൽകിയെങ്കിലും കോടതിയിൽ ഹാജരാവുന്നില്ലായെന്നു കോടതി വിശ്വസിക്കുമ്പോഴാണ്. ഇപ്പോഴത്തെ കേസിൽ, അപ്പീൽ കോടതി എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തവേ, പ്രതി ശാന്തിദേവിക്ക് (ഇതിലെ എതിർകക്ഷി നം. 1) കോടതിയിൽ ഹാജരാവാനുള്ള നോട്ടീസ് ശരിയായി നടപ്പിൽ വരുത്തിയിട്ടില്ലാ ത്തതിനാൽ, അവർക്ക് എതിരായി എക്സ് പാർട്ടിയായി കോടതി മുന്നോട്ട് പോയത് തെറ്റായിട്ടാണ്. ആ തീരുമാനം ഈ കോടതി വരെ ശരിവച്ചു. ഞങ്ങളുടെ കാഴ്ചപ്പാടിൽ, ഇതിന്റെ ഫലം എക്സ്പാർട്ടി ഡിക്രി അത് അസ്ഥിരപ്പെടുത്തിയതിനാൽ നിലനിൽ പ്പില്ലാത്തതുമാണ്. എക്സ്പാർട്ടി ഡിക്രി അസ്ഥിര പ്പെടുത്തിയശേഷം, നിയമത്തിന്റെ കണ്ണിൽ അതൊരു ഡിക്രിയല്ല. വിചാരണ കോടതി, അർഹതയിേ ൽ പാസ്സാക്കിയ ഡിക്രി ആദ്യ കോടതിയുടെ ഡിക്രിയായി കണക്കാക്കേണ്ടതാണ്. ഞങ്ങൾ വ്യക്തമാ ക്കുന്നതെന്തെന്നാൽ ഒരു കേസ് അർഹത യിന്മേൽ ഒരു കേസ് അർഹതയിേ ൽ തീരുമാനിച്ചതും അപ്പീൽ കോടതി ഡിക്രി മറ്റു കാരണങ്ങളിേ ൽ അസ്ഥിരപ്പെടുത്തിയതും പുതിയ തീരുമാനത്തിനായി വിചാരണ

കോടതിയിലേയ്ക്കു സംഗതി തിരികെ നൽകിയിട്ടുള്ളതുമായ കേസുകളിലല്ല ഞങ്ങൾ ഇടപെടുന്നത്.

20. ഇവിടെ ഞങ്ങൾ കൈകാര്യം ചെയ്യുന്നത് ഒരു കേസിൽ പ്രതിക്കെതിരെ എക്സ്പാർട്ടിയായി മുന്നോട്ടു പോയതും ആ ഉത്തരവ് അവർക്ക് നോട്ടീസ് നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ അസ്ഥിരപ്പെടുത്തിയിട്ടുള്ളതും അതുകൊണ്ട് അവർക്കെതിരെ എക്സ്പാർട്ടി ഡിക്രിയായി മുന്നോട്ട് പോയ തീയതിയിൽ അതായത് 1990 ഏപ്രിൽ 6-ന് നിലവിലുണ്ടായിരുന്ന അതേ സ്ഥിതിയിലേയ്ക്കു അവരെ മടക്കി കൊണ്ടുവരപ്പെട്ടു. 1995 മേയ് 17-നു ഭേദഗതി അവതരണത്തിനുശേഷം വാദിയിൽ പ്രഥമ ക്രയാവകാശത്തിനു കേസ് ഫയൽ ചെയ്യുവാൻ യാതൊരവകാശവും നിലനിന്നിരുന്നില്ല. തർക്കത്തിലുള്ള ഡിക്രി പാസ്സാക്കിയത് 1999 നവംബർ 27-ന് ആയതിനാൽ വാദിക്ക് ആ തീയതിയിൽ പ്രഥമ ക്രയാവകാശത്തിന് ഒരവകാശവും നിലവിലില്ലായിരുന്നതും ഈ കേസ് ശരിയായി തള്ളിക്കളഞ്ഞിട്ടുള്ളതുമാണ്. ഈ ഡിക്രി മാത്രമാണ് ആദ്യ കോടതിയുടെ നിലവിലിരിക്കുന്ന ഡിക്രി.

21. ശ്രീ. അമരേന്ദ്ര ശരൺ, അപ്പീൽ വാദിക്കുവേണ്ടി ഹാജരാവുന്ന പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ബോധിപ്പിച്ചതെന്തെന്നാൽ വസ്തുവിന്റെ കൈവശം 1990 ജൂൺ 7-നു അത്ര പുറകോട്ട് എടുത്തിട്ടുള്ളതിനാൽ ഈ വൈകിയ ഘട്ടത്തിൽ തിരിച്ചെടുപ്പിനു ഉത്തരവിറക്കാൻ പറ്റില്ലായെന്നും അതുകൊണ്ട് ഈ ഡിക്രി സ്ഥിരപ്പെടുത്തുന്നതിൽ ഒരർത്ഥവുമില്ല. മറ്റൊരു തരത്തിൽ, ശ്രീ. ശന്തനു സിംഗ്, എതിർകക്ഷി നം. 1-നു വേണ്ടി ഹാജരാവുന്ന പാണ്ഡിത്യമുള്ള അഭിഭാഷകൻ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 142 പ്രകാരമുള്ള അതിന്റെ അധികാരം കോടതി പ്രയോഗിക്കണമെന്നും വസ്തു പുന:സ്ഥാപിച്ച് ധാരാളം വർഷങ്ങളായി വ്യവഹരിക്കപ്പെടുന്ന എതിർകക്ഷി നം. 1-ന് നൽകണമെന്നും ഉദ്ബോധിപ്പിക്കുന്നു.

22. ഞങ്ങൾക്ക് ഈ രണ്ട് സമർപ്പണങ്ങളും സ്വീകരിക്കാൻ പറ്റില്ല. പുന:സ്ഥാപനത്തിനുള്ള കാലഹരണം കാലഹരണ ആക്റ്റ് പ്രകാരം 12 വർഷമാണ്. എക്സ്പാർട്ടി ഡിക്രി 1998 ആഗസ്റ്റ് 28-നു അസ്ഥിരപ്പെടുത്തിയിട്ടുള്ളതും അതിനുശേഷം അപ്പീൽ വാദി വിവിധതലങ്ങളിൽ വ്യവഹരിക്കുകയായിരുന്നു. ഈ കാലയളവിൽ, അപ്പീൽ വാദി നിരോധന ഉത്തരവ് സമ്പാദിച്ചിട്ടുണ്ടെങ്കിൽ, തീർച്ചയായും കാലഹരണ കാലയളവ് കണക്കാക്കുമ്പോൾ നിരോധനം നൽകിയിരുന്ന കാലയളവ് ഒഴിവാക്കേണ്ടതാണ്. ഇത് ഈ കോടതിയുടെ ജോലിയല്ല. വിധി നടത്ത് കോടതിക്കാണ്. പുന:സ്ഥാപന അപേക്ഷ, ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ, കാലഹരണത്തിനകത്താണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടതാണ്. അസ്സൽ ഡിക്രി പാസ്സാക്കിയ കോടതിക്കു മാത്രമേ പുന:സ്ഥാപനത്തിന് ഉത്തരവിടാൻ പറ്റൂ. സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്ര അഭി ചിത്തരഞ്ജൻ രംഗനാഥ് (1980) 4 എസ്സിസി 518 എന്ന കേസിൽ തീരുമാനിച്ച മാതിരി പരമോന്നത കോടതിക്ക് പുന:സ്ഥാപനം നൽകുവാനൊക്കില്ല.

23. മുകളിലുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീലിന് ഒരു അർഹതയും ഞങ്ങൾ കാണുന്നില്ല. അത്, അതുകൊണ്ട് നിരസിക്കുന്നു. നിലവിലുള്ള സ്ഥിതി നിലനിർത്താൻ 27-11-2006-ലെ 27/11/2006-ലെ ഉത്തരവ് പ്രകാരം നൽകിയത് 30-03-2009 തീയതിയിലെ ഉത്തരവു തുടരാൻ നിർദ്ദേശിച്ചത് അസാധുവാക്കിയിരിക്കുന്നു,

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ആദർശ് കുമാർ ഗോയൽ

&

ബഹു. ജസ്റ്റിസ് ഉദയ് ഉമേഷ് ലളിത്

സിവിൽ അപ്പീൽ നമ്പർ. 11158/2017

(പ്രത്യേകാനുമതി ഹർജി (സിവിൽ) നം.20184/2017-ൽ നിന്നുത്ഭവിച്ചത്)

അമർദീപ് സിംഗ്

*അഭി*

ഹർവീൻ കൗർ

2017 സെപ്തംബർ 12-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

1955-ലെ ഹിന്ദു വിവാഹ ആക്റ്റ് - വകുപ്പ് 13 ബി-വകുപ്പ് 13 ബി-യിൽ സൂചിപ്പിച്ചിട്ടുള്ള കാലാവധി ആജ്ഞാപകമല്ല അത് നിർദ്ദേശകമാണ്. കോടതിക്ക് വസ്തുതകളുടെ അടിസ്ഥാനത്തിൽ അതിന്റെ വിവേചനാധികാരം ഉപയോഗിക്കുവാൻ അതിനാൽ കഴിയുന്നതാണ്. അപ്പീൽ അനുവദിച്ചു.

### വിധിന്യായം

**ജസ്റ്റിസ് ആദർശ് കുമാർ ഗോയൽ**

1. 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ (ആക്റ്റ്) വകുപ്പ് 13 ബി (2) പ്രകാരം ഉഭയകക്ഷി സമ്മതത്തിന്റെ അടിസ്ഥാനത്തിൽ വിവാഹമോചന ഡിക്രി പാസ്സാക്കുന്നതിനുള്ള നിർദ്ദേശത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏറ്റവും കുറഞ്ഞ കാലാവധി ആയ ആറുമാസം ആജ്ഞാപകമായോ അല്ലെങ്കിൽ ഏതെങ്കിലും അസാധാരണമായ ചുറ്റുപാടിൽ അയവുവരുത്തുവാൻ കഴിയുന്നതാണോ എന്നതാണ് ഈ അപ്പീലിൽ പരിഗണനയ്ക്കായി ഉദിച്ചിട്ടുള്ള ചോദ്യം.

2. ഡൽഹിയിൽ 1994 ജനുവരി 16-ന് നടന്ന കക്ഷികളുടെ വിവാഹമാണ് ഈ അപ്പിലിലേയ്ക്ക് നയിച്ച വസ്തുതാ ഉല്പത്തിസ്ഥാനം. യഥാക്രമം 1995-ലും 2003-ലും രണ്ടു കുട്ടികൾ ജനിച്ചിട്ടുണ്ട്. 2008 മുതൽ കക്ഷികൾ വേറിട്ട് താമസിച്ചു വരുന്നു. കക്ഷികൾ തമ്മിലുള്ള തർക്കങ്ങൾ സിവിലും ക്രിമിനലുമായ നടപടികൾക്ക് തുടക്കമിട്ടു. അവസാനം, 2017 ഏപ്രിൽ 28-ന് എല്ലാ തർക്കങ്ങളും പരിഹരിക്കുന്നതിനായി ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരുകയും ഉഭയകക്ഷി സമ്മതത്തോടെ വിവാഹമോചനം തേടുകയും ചെയ്തു. എതിർകക്ഷി ഭാര്യക്ക് സ്ഥിരമായ ജീവനാംശമായി 2.75 കോടി രൂപ നൽകേണ്ടതാണ്. അതനുസരിച്ച് ന്യൂഡൽഹി തീസ് ഹസാരി കോടതി കുടുംബ കോടതി (പടിഞ്ഞാറ്) യിൽ എച്ച്എംഎ നമ്പർ 1059/2017-ൽ ഫയൽ ചെയ്യുകയും കക്ഷികളുടെ

സാക്ഷിമൊഴികൾ രേഖപ്പെടുത്തുകയും ചെയ്തു. അപ്പീൽവാദി ഭർത്താവ് രൂ. 50,00,000/- വീതം രണ്ടു ചെക്കുകൾ നൽകുകയും അത് സ്ഥിരമായ ജീവനാംശ ത്തിന്റെ ഭാഗിക പണം നൽകലിലേക്ക് യഥാവിധി വരവ് വെക്കുകയും ചെയ്തു. കുട്ടികളുടെ സൂക്ഷിപ്പ് അപ്പീൽവാദി യോടൊപ്പം ആണ്. അവർ കഴിഞ്ഞ എട്ടുവർഷക്കാലത്തിലധികമായി വേറിട്ടാണ് താമസിക്കുന്നതെന്നും അവർ വീണ്ടും കൂടിചേരുന്നതിന് യാതൊരു സാധ്യതയു മില്ലെന്നും ഉള്ള കാരണത്താൽ ആറുമാസ കാലാവധിയുടെ ഒഴിവാക്കലിനായിട്ടുള്ള രണ്ടാമത്തെ ഉപക്ഷേപം അവർ സമർപ്പിച്ചു. ഏതെങ്കിലും വിധത്തിലുള്ള കാലതാമസം അവരുടെ പുനരധിവാസത്തിനുള്ള അവസ രങ്ങളെ ബാധിച്ചേക്കാം. ഈ കോടതിയുടെ വിധിന്യായങ്ങൾ അനുസരിച്ച് ഈ കോടതിക്കു മാത്രമേ ആറുമാസ കാലാവധി യിൽ അയവു വരുത്തുവാൻ കഴിയൂ എന്ന കാരണത്താൽ കക്ഷികൾ ഈ കോടതി യിലേക്ക് നീങ്ങി.

3. ഈ കോടതി ഭരണഘടനയുടെ അനുച്ഛേദം 142 പ്രകാരം നിയമാനു സൃത കാലാവധിയായ ആറുമാസക്കാലം വേണ്ടെന്നു വെക്കുകയും വിവാഹമോചനം നൽകിയതുമായ **നിഖിൽ കുമാർ അഭി രൂപാലി കുമാർ (2016) 13 എസ്സ്സിസി 383** എന്ന ഈ കോടതിയുടെ വിധിന്യായത്തെ മറ്റു പലതിന്റേയും കൂട്ടത്തിൽ ആശ്രയി ക്കുകയും ചെയ്യുന്നു.

**വകുപ്പ് 13 ബിയുടെ മൂലവാക്യം താഴെ കൊടുക്കും പോലെയാണ്:**

"13. **ബി. പരസ്പര സമ്മത പ്രകാരമുള്ള വിവാഹ മോചനം.**——(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി അവർ ഒരു വർഷമോ അതിലധികമോ ആയ ഒരു കാലയളവിൽ വേറിട്ട് താമസിക്കുക യാണെന്നും അവർക്ക് ഒരുമിച്ച് താമസിക്കുവാൻ കഴിയാത്ത താണെന്നും ഈ വിവാഹം വിഘടിപ്പിക്കുന്നതിന് അവർ പരസ്പരം സമ്മതിച്ചിട്ടുള്ളതുമാണെന്ന കാരണത്തിൽ വിവാഹമോചനത്തിനുള്ള ഒരു ഉത്തരവിനു വേണ്ടി 1976-ലെ വിവാഹ നിയമങ്ങൾ (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പോ അതിനുശേഷമോ ആചാരമനുസരിച്ച് നടന്ന അത്തരം വിവാഹം വിഘടിപ്പിക്കുന്നതിനുള്ള ഒരു അപേക്ഷ വിവാഹത്തിലുള്ള രണ്ടു കക്ഷികളും ഒരുമിച്ച് ജില്ലാ കോടതിയിൽ സമർപ്പിക്കാവുന്നതാണ്.

(2) രണ്ടു കക്ഷികളുടേയും ഉപക്ഷേപം (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഹർജിയുടെ ബോധിപ്പിക്കൽ തീയതിക്കു ശേഷം ആറു മാസങ്ങൾക്ക്, മുമ്പല്ലാതെയും അത്തരം തീയതിക്കുശേഷം പതിനെട്ടു മാസങ്ങൾക്കു ശേഷമല്ലാതെയും നടത്തു കയും, അതിനിടയിൽ ആ ഹർജി പിൻവലി ക്കാതിരിക്കുമ്പോൾ, കോടതിക്ക്, കക്ഷി കൾക്ക് പറയുവാനുള്ളത് കേട്ടതിനു ശേഷവും, അതിന് യുക്തമെന്ന് കരുതുന്ന അത്തരം അന്വേഷണത്തിനു ശേഷവും, ഒരു വിവാഹം ചട്ടങ്ങൾ അനുസരിച്ച് നടത്തപ്പെട്ടി ട്ടുണ്ടെന്നും, ഹർജിയിലെ പ്രസ്താവനകൾ സത്യമാണെന്നും ബോദ്ധ്യപ്പെട്ടതിൻമേൽ വിധി തീയതി മുതൽ വിവാഹം വിഘടിപ്പി ച്ചതായി പ്രഖ്യാപിച്ചുകൊണ്ട് ഒരു വിവാഹ മോചന വിധി പാസ്സാക്കാവുന്നതാണ്.

4. ആക്റ്റിലെ വകുപ്പ് 13 ബി പ്രകാരമുള്ള നിയമാനുസൃത കാലാവധിയിൽ അയവു വരുത്തുന്നതിന് അനുച്ഛേദം 142 പ്രകാരമുള്ള അധികാരവിനിയോഗം ഉചിതമാണോ എന്ന ചോദ്യത്തിന് ഈ കോടതിയുടെ വിധികളിൽ അഭിപ്രായ വ്യത്യാസം ഉണ്ട്. മനിഷ്ഗോയൽ അഭി രോഹിണി ഗോയൽ (2010) 4 എസ്സിസി 393 എന്ന കേസിൽ രണ്ട് ജഡ്ജിമാരുടെ ഒരു ബെഞ്ച് അനുച്ഛേദം 142

പ്രകാരമുള്ള ഈ കോടതിയുടെ അധികാരിത വകുപ്പ് 13 ബി പ്രകാരം രണ്ടാം ഉപക്ഷേപം ഫയൽ ചെയ്യുന്നതിനുളള ആറു മാസ കാലാവധിയിൽ അയവുവരുത്തുന്നതിന് ഉപയോഗിക്കുവാൻ കഴിയുന്നതല്ലെന്നും അപ്രകാരം ചെയ്യുന്നത് ഒരു നിയമ വ്യവസ്ഥയെ ലംഘിച്ചുകൊണ്ട് പാസ്സാക്കുന്ന ഉത്തരവായേക്കാമെന്ന് വിധി കല്പിച്ചിരുന്നു. അതിൽ നിരീക്ഷിച്ചത്:

"14. പൊതുവിൽ, നിയമത്തിന് വിരുദ്ധ മായി ഒരു നിർദ്ദേശം പുറപ്പെടുവിക്കുന്നതിന് യാതൊരു കോടതിക്കും ക്ഷമത ഇല്ലാത്തതും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതിന് ഒരു അധികാരിയോട് നിർദ്ദേശിക്കുവാൻ കോടതിക്ക് കഴിയുന്ന തല്ലാത്തതുമാണ്. നിയമവാഴ്ച നടപ്പിലാക്കു വാനും, എന്താണോ നിയമമൂലം സന്നിവേശി പ്പിച്ചിട്ടുളളത് അതിന് എതിരായിട്ടുളള ഉത്തരവുകളോ നിർദ്ദേശങ്ങളോ പാസ്സാക്കാ തിരിക്കുന്നതിനും ആണ് കോടതികളെ കൊണ്ട് അർത്ഥമാക്കുന്നത് (പഞ്ചാബ് സർക്കാർ അഭി രേണുക സിംഗ്ള) [(1994)1 എസ്സിസി 175], **യു.പി സർക്കാർ അഭി ഹരിഷ് ചന്ദ്ര** [(1996) 9 എസ്സിസി 309], **ഭാരത സർക്കാർ അഭി കിർലോസ്ക്കർ ന്യൂമാറ്റിക്ക് കമ്പനി ലിമിറ്റഡ്** [(1996)4 എസ്സിസി 453], **അലഹബാദ് സർവ്വകലാ ശാല അഭി ഡോ ആനന്ദ് പ്രകാശ്മിശ്ര** [(1997) 10 എസ്സിസി 264] **കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അഭി അഷറഫുള്ള ഖാൻ** [(2002) 2 എസ്സിസി 560] എന്നീ കേസ്സുകളിൽ).

15. ഈ കോടതിയുടെ ഒരു ഭരണഘടന ബെഞ്ച് പ്രേം ചന്ദ് ഗാർഗ് അഭി എക്സൈസ് കമ്മീഷണർ (എഐആർ 1963 എസ്സിസി 996) എന്ന കേസ്സിൽ വിധിച്ചിട്ടുള്ളത് താഴെ കൊടുക്കുന്നു: [എഐആർ പുറം 1002 ഖണ്ഡിക 12].

12...................... ഈ കോടതിയുടെ ഒരു ഉത്തരവ് കക്ഷികൾക്ക് തമ്മിൽ ന്യായപൂർത്തീകരണത്തിനായി ഉണ്ടാക്കുവാൻ കഴിയുന്നതാണ്, അവ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങൾക്ക് പൊരുത്തപ്പെടുന്നവ മാത്രമല്ല അവ പ്രസക്തമായ ലിഖിത നിയമങ്ങളിലെ മുഖ്യ വ്യവസ്ഥകൾക്ക് പൊരുത്തമല്ലാത്തതാകാൻ പോലും കഴിയാത്തതുമാണ്. (ഊന്നൽ നൽകുന്നു)

ഈ കോടതിയുടെ ഭരണഘടനാ ബഞ്ചുകൾ **സുപ്രീംകോടതി ബാർ അസോസ്സിയേഷൻ അഭി ഭാരത സർക്കാർ** [(1988) 4 എസ്സ്സിസി 409]-ഉം ഇ.എസ്. പി രാജാറാം അഭി ഭാരത സർക്കാർ ധ(2001) 2 എസ്സ്സിസി 186പ-ഉം ഭരണഘടനയുടെ അനുച്ഛേദം 142 പ്രകാരം വിധികല്പിച്ചിട്ടുളളത് എന്തെന്നാൽ ഈ കോടതിക്ക് ഒരു ലിഖിത നിയമത്തിന്റെ സാരവത്തായ വ്യവസ്ഥകൾ അശേഷമായി അവഗണിച്ച് മറ്റൊരു ലിഖിത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുളള ഒരു സംവിധാനത്തിലൂടെ തീർപ്പാക്കാൻ കഴിയുന്ന ഒരു വിവാദ്യകത്തെ സംബന്ധിച്ചുളള ഉത്തരവ് പാസ്സാക്കുവാൻ കഴിയാത്തതാണ് എന്നതാണ്. ഒരു മേലെടുപ്പ് പടുത്തുയർത്തുന്ന ഒരു സൗധ രൂപമാകാൻ കഴിയുന്ന നിയമത്തിൽ യാതൊരു അടിസ്ഥാനവും ഇല്ലാത്ത ഒരു കേസ്സിൽ അത് വിനിയോഗിക്കപ്പെടരുത് എന്നാണ്.

5. ഈ കോടതി അനുച്ഛേദം 142 പ്രകാരമുളള അധികാരം, ഒരു വിവാഹം, പൂർണ്ണമായും പ്രാവർത്തികമല്ലെന്നും, വൈകാരികമായി നിർജ്ജീവമാണെന്നും, രക്ഷപ്പെടുത്തലിൽ നിന്നും വിദൂരത്തിലാണെന്നും വീണ്ടെടുക്കുവാൻ കഴിയാതെ അകന്നതാണെന്നും കോടതി കണ്ടെത്തുമ്പോൾ വിനിയോഗിക്കാമെന്ന് ശ്രദ്ധിച്ചു. ഈ അധികാരം എല്ലാ വ്യവഹാരങ്ങൾക്കും ശാശ്വതപരിഹാരമായും കക്ഷികൾക്ക് വീണ്ടും സങ്കടം

ഉണ്ടാകുന്നതിൽ നിന്നും രക്ഷിക്കുന്നതും കൂടി വിനിയോഗിക്കാവുന്നതാണ്. ഖണ്ഡിക 11 അതേ സ്ഥലത്ത്, മുമ്പുള്ള വിധിന്യായങ്ങൾ കുറിച്ചിട്ടുള്ള **റൊമേഷ് ചന്ദർ അഭി സാവിത്രി** (1995) 2 എസ്സിസി 7; **കാഞ്ചൻ ദേവി അഭി പ്രമോദ് കുമാർ മിത്തൽ** (1996) 8 എസ്സിസി 90; **അനിതാ സബ്രർവാൾ അഭി അനി സബ്രർവാൾ** (1977) 11 എസ്സിസി 490; **അശോക് ഹുറ അഭി രൂപ ബിപിൻ സാവേരി** (1997) 4 എസ്സിസി 226; **കിരൺ അഭി ശരത്ത് ദത്ത്** (2000) 10 എസ്സിസി 243; **സ്വാതി വർമ്മ അഭി രാജൻ വർമ്മ** (2004) 1 എസ്സിസി 123; **ഹർപിത് സിംഗ് ആനന്ദ് അഭി പശ്ചിമ ബംഗാൾ സർക്കാർ** (2004) 10 എസ്സിസി 505, **ജിമ്മി സുദർശൻ പുരോഹിത് അഭി സുദർശൻ ശരത് പുരോഹിത്** (2005) 13 എസ്സിസി 410; **ദുർഗ്ഗ പ്രസന്ന ത്രിപാതി അഭി അരുന്ധതി ത്രിപാതി** (2005) 7 എസ്സിസി 353; **നവിൻ കോഹ്ലി** അഭി നീലു കോഹ്ലി (2006) 4 എസ്സിസി 558; **സംഗമിത്ര ഘോഷ് അഭി കാജൾ കുമാർ ഘോഷ്** (2007) 2 എസ്സിസി 220; **ഋഷികേഷ് ശർമ്മ അഭി സരോജ് ശർമ്മ** (2007) 2 എസ്സിസി 263; **സമർഘോഷ് അഭി ജയഘോഷ്** (2007) 4 എസ്സിസി 511-ഉം **സതീഷ് ശിതോൾ അഭി ഗംഗ** (2008) 7 എസ്സിസി 734. ഈ കാഴ്ചപ്പാട് **പൂനം അഭി സുമിത് തൻവാർ** (2010) 4 എസ്സിസി 460-ൽ ആവർത്തിച്ചിരിക്കുന്നു.

6. **നീതി മാൽവിയ അഭി രാകേഷ് മാൽവിയ** (2010) 6 എസ്സിസി 413 എന്ന കേസ്സിൽ, ഈ കോടതി, **മനീഷ് ഗോയൽ** (മുകളിലത്തെ)-ഉം അഞ്ചന **കിഷോർ അഭി പുനീത് കിഷോർ** (2002) 10 എസ്സിസി 194-ഉം ഉള്ള വിധിന്യായങ്ങൾ പരസ്പര വിരുദ്ധമാകുന്ന വിധിന്യായങ്ങളാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്. ആ കേസ്സ് ഒരു മൂന്നംഗ ബഞ്ചിലേക്ക് റഫർ ചെയ്തു. എന്നാൽ ഇതിനിടയിൽ വിവാഹ മോചനം അനുവദിച്ചതിന്റെ (മാറ്റപ്പെട്ട ഹർജി (സിവിൽ) നമ്പർ 899/2007 എന്നതിലെ 23.08.2011-ലെ ഉത്തരവ് പ്രകാരം) അടിസ്ഥാനത്തിൽ ഈ സംഗതി നിഷ്ഫലമായിത്തീർന്നു.

7. ഈ വിധിക്ക് ശേഷവും **മനീഷ് ഗോയൽ** (മുകളിലത്തെ) എന്ന കേസ്സിലെ വിധിയെ യാതൊരു വിധത്തിലും പരാമർശിക്കാതെ ഭരണഘടനയിലെ അനുച്ഛേദം 142 പ്രകാരമുള്ള അധികാരം ഈ കോടതി വളരെയധികം കേസ്സുകളിൽ വിനിയോഗിച്ചിരിക്കുന്നു. (**പ്രിയങ്കസിംഗ് അഭി ജയന്ത്സിംഗ്** (2010) 15 എസ്സിസി 390; **സരിത സിംഗ് അഭി രാജേശ്വർ സിംഗ്** (2010) 15 എസ്സിസി 374; **ഹർപ്രീത് സിംഗ് പോപ്‌ലി അഭി മൻമീത് കൗർ പോപിലി** (2010) 15 എസ്സിസി 316; **ഹിതേഷ് ഭട്നഗർ അഭി ദീപ ഭട്നഗർ** (2011)5 എസ്സിസി 234; **വീണ അഭി ഡൽഹി സർക്കാർ** (2011) 14 എസ്സിസി 614, **പ്രിയങ്ക ഖന്ന അഭി അമിത് ഖന്ന** (2011) 15 **എസ്സിസി 613; ദേവിന്ദർ സിംഗ് നരൂല അഭി മീനാക്ഷി നൻഗ്യ** (2012) 8 എസ്സിസി 580; **വിമി വിനോദ് ചോപ്ര അഭി വിനോദ് ഗുൽഷൻ ചോപ്ര** (2013) 15 എസ്സിസി 547; **പ്രിയങ്ക ചവ്‌ല അഭി അമിത് ചവ്‌ല** (2016) 3 എസ്സിസി 126; **നിഖിൽ കുമാർ അഭി രൂപാലി കുമാർ** (2016) 13 എസ്സിസി 383.)

8. **അഞ്ചന കിഷോർ (മുകളിലത്തെ),** കേസ്സിൽ ഈ കോടതി കൈ മാറ്റിക്കിട്ടിയ ഒരു ഹർജി കൈകാര്യം ചെയ്യുകയും കക്ഷികൾ ഒരു ഒത്തുതീർപ്പിൽ എത്തിയിരുന്നതായും ഞങ്ങൾ കാണുന്നു. ആ കേസ്സിലെ വസ്തുതകളിലും ചുറ്റുപാടുകളിലും ഈ കോടതി അനുച്ഛേദം 142 പ്രകാരം ആറുമാസ കാലയളവ് അയവുവരുത്തി നൽകി. അനിൽ കുമാർ ജെയിൻ അഭി മായ ജെയിൻ (2009) 10 എസ്സിസി 415 എന്ന കേസ്സിൽ കക്ഷികളിൽ ഒരാൾ അയാളുടെ സമ്മതം പിൻവലിച്ചു. ഈ



5/529/17 -6

കോടതി വിവാഹം വീണ്ടും ഒരുമിപ്പിക്കുവാൻ സാധിക്കാത്തവിധം അറ്റുപോയതാണെന്നും സിവിൽ കോടതികൾക്കോ ഹൈക്കോടതിക്കോ ലിഖിത നിയമങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അധികാരം വിനിയോഗിക്കുന്നതിന് കഴിയാത്തതിനാൽ, ഈ കോടതി നീതിയുടെ താല്പര്യത്തിൽ അനുച്ഛേദം 142 പ്രകാരം അത്തരം അധികാരം വിനിയോഗിക്കുകയാണ് എന്ന് വിധി കല്പിച്ചു. തദനുസൃതമായി വിവാഹമോചന ഉത്തരവ് അനുവദിച്ചു.

9. മേല്പറഞ്ഞ വിധിന്യായങ്ങൾ പരിഗണിച്ചശേഷം, ഞങ്ങളുടെ കാഴ്ചപ്പാടെന്തെന്നാൽ **മനീഷ് ഗോയൽ** (മുകളിലത്തെ) എന്ന കേസ്സിലെ വിധിന്യായം ഉള്ളതിനാൽ, ലിഖിത നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമയി അനുച്ഛേദം 142 പ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിന്, പ്രത്യേകിച്ചും ഈ കോടതി മുമ്പാകെ നടപടികൾ തീരുമാനമാകപ്പെടാതെ കിടക്കുന്നില്ല എന്നതിനാലും ലിഖിതമായ നിയമ വ്യവസ്ഥയിൽ അയവുവരുത്തുന്ന ആവശ്യത്തിനായിട്ടാണ് ഈ കോടതിയെ സമീപിച്ചിരിക്കുന്നത് എന്നതുകൊണ്ടും വിരുദ്ധവിധികളുടെ മേൽ ഒരു വലിയ ബഞ്ചിന്റെ വിധിയുടെ അഭാവത്താൽ, കഴിയുന്നതല്ല എന്നതാണ്.

10. എന്നിരുന്നാലും, ഞങ്ങൾ കണ്ടെത്തിയ ഒരു ചോദ്യം എന്തെന്നാൽ വകുപ്പ് 13 ബി (2) നിർബന്ധിതമായതാണോ അഥവാ വിവേചനപരമായതാണോ വായിക്കപ്പെടേണ്ടത് എന്നതിലേക്ക് പോകേണ്ട ആവശ്യമുണ്ടോ എന്നതാണ്. **മനീഷ് ഗോയൽ** (മുകളിലത്തെ) കേസിൽ ഈ ചോദ്യം ഉയർത്തിയിട്ടില്ലാത്തതിനാൽ അതിലേക്ക് പോയിട്ടില്ല. ഈ കോടതി നിരീക്ഷിച്ചത്:

"23. ഹർജിക്കാർക്കുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന് ആക്റ്റിലെ വകുപ്പ് 13 ബി (1) പ്രകാരം നിർണ്ണയിച്ചിട്ടുള്ള ലിഖിതനിയമ കാലാവധി വ്യവസ്ഥ നിർബന്ധിതമാണോ അതോ വിവേചനപരമായതാണോ എന്നും വിവേചനപരമാണെങ്കിൽ, ഹൈക്കോടതിക്ക് അതിന്റെ റിട്ട്/ അപ്പീൽ അധികാരത വിനിയോഗിക്കുമ്പോൾ ഒഴിവാക്കാൻ കഴിയുമോ എന്നും ഉള്ള വിവാദ്യകത്തിലേക്ക് വാദഗതികൾ മുന്നോട്ടുവെക്കാൻ കഴിഞ്ഞിട്ടില്ല. "

11. തദനുസൃതമായി, 2017 ആഗസ്റ്റ് 18-ലെ ഉത്തരവ് വഴി ഞങ്ങൾ താഴെപ്പറയുന്ന ഉത്തരവ് പാസ്സാക്കി:

"1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ വകുപ്പ് 13 ബി-ലെ വ്യവസ്ഥയായ മാനസാന്തരം വരുമോ എന്നു നോക്കുന്നതിനുള്ള കാലയളവായ ആറുമാസം ഒരു നിർബന്ധിത ആവശ്യകതയാണോ അതോ ഓരോ പ്രത്യേക കേസ്സിലും ഉള്ള നീതിയുടെ താല്പര്യത്തെ സംബന്ധിച്ച് ആയത് അയവുവരുത്തുന്നതിന് കുടുംബ കോടതിക്ക് കഴിയുമോ എന്ന ചോദ്യം പരിഗണിക്കുന്നതിനായി 2017 ആഗസ്റ്റ് 23-ന് ഈ കേസ് ലിസ്റ്റ് ചെയ്യുക."

ശ്രീ.കെ.വി. വിശ്വനാഥൻ, മുതിർന്ന അഭിഭാഷകനെ കോടതിയെ സഹായിക്കുന്നതിനുള്ള അമിക്കസ് ആയി നിയമിക്കുന്നു. രജിസ്ട്രി ആവശ്യമുള്ള കടലാസ്സുകളുടെ പകർപ്പ് പാണ്ഡിത്യമുള്ള അമിക്കസ്സിന് നൽകുക.

12. തദനുസൃതമായി, പാണ്ഡിത്യമുളള അമിക്കസ് ക്യൂറി ഈ കോടതിയെ സഹായിച്ചു. ഞങ്ങൾ പാണ്ഡിത്യമുളള അമിക്കസ് നൽകിയ വിലപ്പെട്ട സഹായത്തിനും അദ്ദേഹത്തെ സഹായിച്ച സർവ്വശ്രീ.അഭിഷേക് കൗശിക്, വൃന്ദബണ്ഡാരി, മുകുന്ദറാവു അങ്കാര തുടങ്ങിയ അഭിഭാഷകർക്കും ഞങ്ങളുടെ കടപ്പാട് രേഖപ്പെടുത്തുന്നു.

13. പാണ്ഡിത്യമുളള അമിക്കസ് ആക്റ്റിലെ വകുപ്പ് 13 (ബി) 2 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുളള മാനസാന്തരം വരുമോ എന്ന് നോക്കുന്നതിനുളള കാലാവധി നിർദ്ദേശകമാണെന്നും ഏതു കോടതിയിലാണോ നടപടികൾ തുടരുന്നത് അവിടെ അസാധാരണമായ ചുറ്റുപാടുകളിൽ അത് അയവുവരുത്തിക്കൊടുക്കുവാൻ കഴിയുന്നതാണെന്നും ബോധിപ്പിച്ചു. ഈ അഭിപ്രായത്തെ ആന്ധ്രപ്രദേശ് ഹൈക്കോടതിയുടെ **കെ. ഓംപ്രകാശ് അഭി കെ. നളിനി** (എഐആർ 1986 എപി 167 (ഡിബി), കർണ്ണാടക ഹൈക്കോടതിയുടെ **രൂപ റെഡ്ഡി അഭി പ്രഭാകർ റെഡ്ഡി** (എഐആർ 1994 കർണ്ണാടക 12 (ഡിബി), ഡൽഹി ഹൈക്കോടതിയുടെ **ധൻജിത് വദ്ര അഭി ശ്രീമതി ബീന വദ്ര** (എഐആർ 1990 ഡൽഹി 146) മദ്ധ്യപ്രദേശ് ഹൈക്കോടതിയുടെ **ദിനേഷ് കുമാർ ശുക്ല അഭി ശ്രീമതി നീത** (എഐആർ 2005 എംപി 106 (ഡിബി) എന്നീ വിധിന്യായങ്ങൾ പിന്താങ്ങുന്നു. വിരുദ്ധമായ അഭിപ്രായമാണ് **എം കൃഷ്ണ പ്രീത അഭി ഡോ.ജയൻ മൂർക്കനാട്ട്** (എഐആർ 2010 കേരള 157) എന്ന കേസിൽ കേരള ഹൈക്കോടതി സ്വീകരിച്ചിട്ടുളളത്. വകുപ്പ് 13 ബി (1) കോടതിയുടെ അധികാരിതയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും ഒന്നോ അതിലധികമോ വർഷങ്ങ ളായി കക്ഷികൾ പ്രത്യേകമായി താമസിക്കുന്നവരാണെന്നും അവർക്ക് ഒരുമിച്ച് താമസിക്കുവാൻ കഴിയുന്നതല്ലെന്നും വിവാഹം മോചിപ്പിക്കുന്നതിനായി സമ്മതിച്ചിട്ടുളളതാണെങ്കിൽ മാത്രമേ ഹർജി നിലനിൽക്കുകയുളളു എന്ന് ബോധിപ്പിച്ചിരിക്കുന്നു. വകുപ്പ് 13 ബി (2) നടപടിക്രമമാണ്. മാനസാന്തരത്തിന് യാതൊരു അവസരവുമില്ലാത്തിടത്തും കക്ഷികൾ തന്നെ ഒരു നീണ്ട കാലാവധിയായി വേർപിരിഞ്ഞ് താമസിക്കുന്നിടത്തും വകുപ്പ് 13 ബി (2)-ൽ സൂചിപ്പിച്ചിട്ടുളള കാലാവധിയിലും അധികമായ ഒരു കാലാവധിയിൽ നടപടിക്കായി വാദിക്കുന്നിടത്തും കാലാവധിയിൽ അയവു വരുത്തി ക്കൊടുക്കുവാനുളള വിവേചനാധികാരം നീതിയുടെ താല്പര്യത്തിന് പരിഗണന നൽകി നയിക്കപ്പെടേണ്ട വിവേചനാധികാരമാണെന്ന് അയാൾ സമർപ്പിച്ചു. അപ്രകാരം, ഈ കോടതി ഈ ചോദ്യങ്ങൾ പരിഗണിച്ചു.

(i) കക്ഷികൾ വിവാഹിതരായിട്ട് എത്ര കാലമായി?

(ii) എത്ര കാലമായിട്ട് വ്യവഹാരം നടക്കുന്നു ?

(iii) എത്ര കാലയളവായിട്ട് അവർ വേർപിരിഞ്ഞു ജീവിക്കുന്നു?

(iv) കക്ഷികൾ തമ്മിൽ മറ്റേതെങ്കിലും നടപടി ക്രമങ്ങൾ ഉണ്ടോ?

(v) കക്ഷികൾ മദ്ധ്യസ്ഥതക്ക്/ അനുരഞ്ജനത്തിന് ഹാജരായിട്ടുണ്ടോ?

(vi) ജീവനാംശം, കുട്ടിയുടെ സൂക്ഷിപ്പ്, കക്ഷികൾ തമ്മിലുളള ഏതെങ്കിലും മറ്റ് തീർപ്പാകാതെയുളള കാര്യങ്ങൾ എന്നിവ പരിഗണിച്ച് കക്ഷികൾ യഥാർത്ഥത്തിൽ ഒത്തുതീർപ്പിൽ എത്തിച്ചേർന്നിട്ടുണ്ടോ?

14. കക്ഷികൾ നിയമ വ്യവസ്ഥയിലെ കാലാവധിയിലധികമായി വേർപിരിഞ്ഞ് താമസിക്കുകയാണെന്നും മദ്ധ്യസ്ഥതയിലൂടെയോ അനുരഞ്ജനത്തിലൂടെയോ മാനസാ ന്തരത്തിന് എല്ലാ മാർഗ്ഗങ്ങളും പരീക്ഷിച്ചെന്നും അവയെല്ലാം പരാജയപ്പെട്ടെന്നും പുനസമാ

ഗമത്തിന് യാതൊരു അവസരവും ഇല്ലെന്നും കൂടുതൽ താമസത്തിനുള്ള കാലാവധി അവരുടെ സങ്കടം നീട്ടുകയേ ഉള്ളൂ എന്നും ഈ കോടതി തീർച്ചയായും ബോധ്യ പ്പെടേണ്ടതുണ്ട്.

15. ഉൾപ്പെട്ടിട്ടുള്ള കാര്യത്തിന് ഞങ്ങൾ യഥാവിധി പരിഗണന നൽകി പരമ്പരാ ഗതമായ ഹിന്ദു നിയമപ്രകാരം ലിഖിതമായ നിയമത്തിനു മുമ്പുള്ള കാലത്തു തന്നെ, വിവാഹം ഒരു വിശുദ്ധ കർമ്മവും സമ്മത ത്തോടെ വിഘടിപ്പിക്കുവാൻ കഴിയാത്തതു മാണ്. ആക്റ്റ് ലിഖിതമായ നിയമത്തിലുള്ള കാരണങ്ങളാൽ വിവാഹം വിഘടിപ്പിക്കു വാൻ കോടതിയെ പ്രാപ്തമാക്കുന്നു. 1976-ലെ ഭേദഗതിയിലൂടെ, പരസ്പര സമ്മതത്തോടുകൂടിയ വിവാഹ മോചന ത്തിന്റെ സങ്കല്പം അവതരിക്കപ്പെട്ടു. എന്നാൽ, വകുപ്പ് 13 ബി(2) പ്രകാരം, പരസ്പര സമ്മതത്തോടുകൂടി വിവാഹ മോചന ഹർജി ഫയൽ ചെയ്തു ആറുമാസ കാലയളവ് കഴിയാതെ വിവാഹമോചനം അനുവദിക്കുന്നതിൽ ഒരു നിയമ തടസ്സം ഉൾപ്പെട്ടിട്ടുണ്ട്. കക്ഷികളെ ഒരു പുനർ വിചാരത്തിന് പ്രാപ്തമാക്കുന്നതിനും അതുവഴി അനുരജ്ഞനത്തിന് യാതൊരു അവസരവും ഇല്ലാത്തിടത്ത് മാത്രമേ കോടതി വിവാഹ മോചനം അനുവദിക്കാവൂ എന്നതിലേക്കാണ് പ്രസ്തുത കാലയളവ് വച്ചിട്ടുള്ളത്.

16. വിവാഹം കൂട്ടി ചേർക്കാനാകാത്ത വിധം അകന്നു പോയവരെ സമ്മതം വഴി വിവാഹം വിഘടിപ്പിക്കുന്നതിന് കക്ഷികളെ പ്രാപ്തമാക്കുന്നതിനും ലഭ്യമായ അവസര ങ്ങൾ പ്രകാരം അവരെ പുനരധിവസിപ്പി ക്കുന്നതിന് പ്രാപ്തമാക്കു ന്നതിനും ഈ വ്യവസ്ഥ കൊണ്ട് ഉദ്ദേശിക്കുന്നു. അനിഷ്ട ക്കാരായ പങ്കാളികൾ തമ്മിൽ നിർബന്ധ പൂർവ്വം ഒരു വിവാഹ സ്ഥിതി നിലനിർത്തു ന്നത് കൊണ്ട് യാതൊരു ആവശ്യവും നിറവേറ്റുന്നില്ല എന്ന ചിന്തയിൽ നിന്നും ഉരുത്തിരിഞ്ഞതാണ് ഈ ഭേദഗതി. മനം മാറ്റത്തിനുള്ള കാലാവധിയുടെ ലക്ഷ്യം തന്നെ ഒരു ധൃതിപിടിച്ചുള്ള തീരുമാനത്തെ തടയിടുന്നതിനും വ്യത്യാസങ്ങൾ മദ്ധ്യസ്ഥത യിലൂടെ തീർക്കുവാനുള്ള അവസരം ഉണ്ടാക്കുന്നതിനുമാണ്. ആ ഉദ്ദേശ്യം തന്നെ, ആവശ്യമില്ലാത്ത ഒരു വിവാഹം നിലനിറുത്തു ന്നതിനോ മദ്ധ്യസ്ഥത്തിന് യാതൊരു അവസരവും ഇല്ലാത്തിടത്ത് കക്ഷികളുടെ സങ്കടം നീട്ടുന്നതിനോ, അല്ലാത്തതാണ്. ഒരു വിവാഹത്തെ രക്ഷിക്കുന്നതിന് എല്ലാ മാർഗ്ഗങ്ങളും ചെയ്തിട്ടും പുനസമാഗമത്തിന് യാതൊരവസരം ഇല്ലാത്തിടത്തും പുതിയ പുരധിവസിപ്പി ക്കലിന് അവസരമുള്ളപ്പോൾ കക്ഷികൾക്ക് ഒരു നല്ല അവസരം ലഭിക്കു ന്നതിന് പ്രാപ്തമാകുന്നതിന് കോടതി അധികാരമില്ലാത്തതാകരുത്.

17. വ്യവസ്ഥ നിർബന്ധിതമോ അതോ നിർദ്ദേശകമോ എന്ന ചോദ്യം തീരുമാനി ക്കുന്നതിന്, ഭാഷമാത്രം എല്ലായ്പ്പോഴും നിർണ്ണായകമായതല്ല. കോടതി സന്ദർഭവും, വിഷയസ്ഥിതിയും, വ്യവസ്ഥയുടെ ഉദ്ദേശവും പരിഗണിക്കേണ്ടതുണ്ട്. ഈ തത്വം ജസ്റ്റിസ് ജി.പി.സിംഗ് രൂപപ്പെടുത്തിയതുപോലെ "പ്രിൻസിപ്പിൾസ് ഓഫ് സ്റ്റാറ്റ്യൂട്ടറി ഇന്റർപ്രിട്ടേഷൻ" (9-ാം എഡിഷൻ, 2004)-ൽ എടുത്തു കാണിച്ചിട്ടുള്ളതും **കൈലാസ് അഭി നൻഹ്കുവും മറ്റുള്ളവരും** (2005) 4 എസ്സിസി 480 എന്ന കേസിൽ അംഗീകാരത്തോടെ കാണിച്ചിട്ടുള്ളത് താഴെ കൊടുക്കുന്നതു പോലെയാണ്:-

"ഈ വിഷയത്തെ സംബന്ധിച്ചിട്ടുള്ള നിരവധി കേസുകളുടെ പഠനം ഭാഷ മാത്രം പലപ്പോഴും നിർണ്ണായമായേക്കില്ല എന്നത് ഒഴിച്ചുള്ള ഏതെങ്കിലും ആഗോള ചട്ടത്തിന്റെ രൂപീകരണത്തിലേക്ക് നയിക്കാത്തതും, കൂടാതെ ചോദ്യത്തിലുള്ള നിയമ വ്യവസ്ഥ യുടെ ഉള്ളടക്കത്തിനും, വിഷയസ്ഥിതിക്കും,

ഉദ്ദേശ്യത്തിനും ശ്രദ്ധ നൽകികൊണ്ട് വേണം ആയത് നിർബന്ധിതമാണോ നിർദ്ദേശക മാണോ എന്ന് തീരുമാനിക്കേണ്ടത് എടുത്തു പറയുന്ന ഒരു ഖണ്ഡികയിൽ ലോഡ് കാമ്പ്ബെൽ പറഞ്ഞത്: നിർബന്ധിത നിയമങ്ങൾ നിർദ്ദേശകങ്ങളായി പരിഗണിക്ക പ്പെടേണ്ടതാണെന്നോ അല്ലെങ്കിൽ അനുസരണക്കേടിനായി ദുർബലപ്പെടുത്തുന്ന അന്തരാർത്ഥത്തിലേക്കുള്ളതായ ബാദ്ധ്യതയുള്ള യാതൊരു ആഗോളച്ചട്ടവും വക്കുവാൻ കഴിയുന്നതല്ല. മുഴുവൻ ലിഖിത നിയമത്തിനെയും പരിഗണിച്ച് അതിന്റെ ലക്ഷ്യം പൂർണ്ണമായും ശ്രദ്ധിച്ച് നിയമ നിർമ്മാണത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം ഗ്രഹിക്കേണ്ടത് നീതിന്യായ കോടതികളുടെ കർത്തവ്യമാണ്".

" 'നിയമനിർമ്മാണത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം തീർച്ചപ്പെടുത്തു ന്നതിനായി ജ. സുബ്ബറാവു ചൂണ്ടിക്കാട്ടുന്നത്, 'കോടതികൾ ലിഖിത നിയമങ്ങളുടെ സ്വഭാവവും പദ്ധതിയും മറ്റു പലതിന്റേയും കൂട്ടത്തിൽ പരിഗണിക്കേണ്ടതും അത് ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ വ്യാഖ്യാനിക്കുമ്പോൾ ഉള്ള പരിണിത ഫലം കൂടി പിന്തുടരേണ്ടതും; ചോദ്യത്തിലുള്ള വ്യവസ്ഥകൾ അനുസരിക്കുന്നത് ആവശ്യമായിട്ടുള്ളിടത്ത് മറ്റുവ്യവസ്ഥകളുടെ ആഘാതം ഒഴിവാക്കേണ്ടതും, അതിന്റെ ചുറ്റുപാടുകൾ, അതായത്, ലിഖിതനിയമം അതിന്റെ വ്യവസ്ഥകൾ നടപ്പാക്കാതിരിക്കുന്ന തിനുള്ള ഒരു അടിയന്തിരഘട്ടം വ്യവസ്ഥ ചെയ്യുമ്പോൾ, ആ വ്യവസ്ഥയുടെ നടപ്പാക്ക ലിൽ അല്ലെങ്കിൽ നടപ്പാക്കാതിരിക്കലിൽ കുറച്ച് പിഴശിക്ഷ കാണിക്കുന്നു എന്ന വസ്തുതയിൽ; അതിൽ നിന്നും ആരംഭിക്കുന്ന ഗൗരവമുള്ളതോ നിസ്സാരമായതോ ആയ പരിണിതഫലം, എല്ലാറ്റിനും മുകളിൽ, നിയമനിർമ്മാണത്തിന്റെ ലക്ഷ്യം പരാജയ പ്പെടുത്തുകയോ ദീർഘിപ്പിക്കുകയോ ചെയ്യുക എന്നതാണ് അത് നിർദ്ദേശക മാണെന്ന് തീർച്ചപ്പെടുത്തുന്നത്, നിയമ നിർമ്മാണത്തിന്റെ ലക്ഷ്യത്തെ പരാജയപ്പെടു ത്തുന്നുവെങ്കിൽ അതിനെ നിർബന്ധിത മാണെന്ന് വ്യാഖ്യാനിക്കേണ്ടതും എന്നാൽ അത് നിർബന്ധിതമാണെന്ന് തീർച്ചപ്പെടു ത്തുന്നത്, നിർദോഷികളായ ആളുകൾക്ക് പൊതുവിൽ അസൗകര്യം സൃഷ്ടിക്കു മ്പോൾ, നിയമനിർമ്മാണ ലക്ഷ്യം കൂടുത ലായി ദീർഘിപ്പിക്കാതെ ആയതിനെ നിർദ്ദേശ കമായി വ്യഖ്യാനിക്കേണ്ടതുമാണ്.

18. മേൽ പറഞ്ഞത് നിലവിലത്തെ സാഹചര്യത്തിലേക്ക് പ്രയോഗിക്കുമ്പോൾ, ഞങ്ങളുടെ അഭിപ്രായത്തിൽ, ഒരു സംഗതി പരിഗണിക്കുന്ന കോടതി ബോധ്യപ്പെടേണ്ട തെന്തെന്നാൽ, വകുപ്പ് 13 ബി (2) പ്രകാരമുള്ള ലിഖിതമായ കാലാവധിയിൽ അയവുവരു ത്തുന്നതിലേക്ക് ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു കേസ്സിൽ, താഴെപ്പറയുന്നത് പരിഗണിച്ച ശേഷം അതിന് അപ്രകാരം ചെയ്യാവു ന്നതാണ് എന്നതാണ്.

(i) ആദ്യമായി ഉപക്ഷേപം സമർപ്പിക്കു മ്പോൾ തന്നെ കക്ഷികളുടെ വേർപിരിയലിന് വകുപ്പ് 13 ബി (1) പ്രകാരമുള്ള ലിഖിത നിയമ കാലാവധിയായ ഒരു വർഷത്തിന് അധിക മായി വകുപ്പ് 13 ബി (2) പ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള ലിഖിത നിയമ കാലാവധിയായ ആറു മാസം കഴിഞ്ഞിട്ടുണ്ട് എന്നും;

(ii) കക്ഷികളെ വീണ്ടും ഒരുമിപ്പിക്കു ന്നതിന് സിപിസി ആർഡർ XXXII എ ചട്ടം 3/ആക്റ്റിലെ വകുപ്പ് 23 (2)/കുടുംബ കോടതികൾ ആക്റ്റിലെ വകുപ്പ് 9 എന്നിവ യുടെ അടിസ്ഥാനത്തിലുള്ള പ്രയത്നങ്ങൾ ഉൾപ്പെടെ മദ്ധ്യസ്ഥത/അനുരഞ്ജനത്തിനാ യിട്ടുള്ള എല്ലാ പ്രയത്നവും പരാജയപ്പെട്ടി ട്ടുള്ളതും ഏതെങ്കിലും അധികമായ പ്രയത്ന ത്തിനുള്ള നിർദ്ദേശത്തിന് വിജയത്തിനുള്ള യാതൊരു സാധ്യതയും ഇല്ല എന്നും;

(iii) കക്ഷികൾ യഥാർത്ഥത്തിൽ, അവരുടെ അഭിപ്രായ വ്യത്യാസങ്ങളായ ജീവനാംശം, കുട്ടിയുടെ സംരക്ഷണം, കക്ഷികൾ തമ്മിലുളള തീർപ്പാക്കാത്ത മറ്റു വിഷയങ്ങൾ എന്നിവ ഒത്തുത്തീർപ്പാക്കിയിട്ടുണ്ട് എന്നും;

(iv) കാത്തിരിപ്പ് കാലയളവ് അവരുടെ സങ്കടം ദീർഘിപ്പിച്ചേക്കാം എന്നും ആണ്.

19. അയവുവരുത്തുന്നതിനുളള അപേക്ഷ ഒന്നാം ഉപക്ഷേപം നൽകിയതിന് ഒരാഴ്ചയ്ക്കുശേഷം അയവുവരുത്തുന്നതിനുളള പ്രാർത്ഥനക്കുളള കാരണങ്ങൾ സഹിതം ഫയൽ ചെയ്യുവാൻ കഴിയുന്നതാണ്.

20. മേൽപറഞ്ഞ ഉപാധികൾ തൃപ്തിപ്പെടുന്നു വെങ്കിൽ, കാത്തിരിപ്പ് കാലാവധിയിൽ അയവുവരുത്തുന്നതിനുളള രണ്ടാമത്തെ ഉപക്ഷേപം ബന്ധപ്പെട്ട കോടതിയുടെ വിവേചനത്തിൽ വരുന്നതാണ്.

21. തന്നിമിത്തം ഞങ്ങളുടെ കാഴ്ചപ്പാടിൽ വകുപ്പ് 13 ബി(2)-ൽ പരാമർശിച്ചിട്ടുളള കാലാവധി നിർബന്ധിതമല്ലാത്തതും നിർദ്ദേശകമാകുന്നതു മാണ്. ഓരോ കേസ്സിന്റേയും വസ്തുതകളുടേയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ കക്ഷികൾ തമ്മിൽ വീണ്ടും ഒരുമിച്ച് താമസിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലാത്തിടത്തും മറ്റു രീതിയിലുളള പുനരധിവാസത്തിന് അവസരം ഉളളിടത്തും കോടതിക്ക് അതിന്റെ വിവേചനാധികാരം വിനിയോഗിക്കുവാൻ തുറന്നിടാവുന്നതാണ് എന്നതാണ്.

22. അത്തരം നടപടികൾ നടത്തുന്നതിന് കോടതിക്ക് വീഡിയോ കോൺഫറൻസിംഗ് മാദ്ധ്യമവും ഉപയോഗിക്കാവുന്നതും കോടതിക്ക് ബോദ്ധ്യം വരുന്ന ഏതെങ്കിലും ന്യായവും സാധുവുമായ കാരണത്താൽ കക്ഷികൾക്ക് നേരിട്ട് ഹാജരാകുവാൻ കഴിയാത്തിടത്ത് കക്ഷികളുടെ യഥാർത്ഥത്തിലുളള പ്രാതിനിധ്യം അടുത്ത ബന്ധുക്കളായ മാതാപിതാക്കളോ അല്ലെങ്കിൽ കുട്ടികളോ മുഖാന്തിരം നടത്തുന്നതിന്, നീതിയുടെ താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതുമാണെന്ന് പറയേണ്ട ആവശ്യമില്ലാത്തതാണ്.

23. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ പുതിയതായി പരിഗണിക്ക പ്പെടുന്നതിന് ബന്ധപ്പെട്ട കോടതിയെ സമീപിക്കുന്നതിന് കക്ഷികൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

തദനുസൃതമായി അപ്പീൽ തീർപ്പാക്കുന്നു.

*——————*

# ഹൈക്കോടതി വിധിന്യായങ്ങൾ

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് നവനിതി പ്രസാദ് സിംഗ്

&

ബഹു. ജസ്റ്റിസ് രാജാ വിജയരാഘവൻ. വി.

സബോർഡിനേറ്റ് ജൂഡീഷറിയുടെ രജിസ്ട്രാർ

*അഭി*

ഭാരത സർക്കാരും മറ്റുള്ളവരും

റിട്ട് ഹർജി നമ്പർ 1616/2017

2017 ജൂൺ 14-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**2016 ഡിസംബർ 30-ന് മുമ്പ് കോടതികളിൽ സൂക്ഷിച്ചിട്ടുള്ള രൂ.500/-, രൂ.1000/- എന്നീ ബാങ്ക് നോട്ടുകളുടെ വിനിമയം 12.05.2017-ലെ കേന്ദ്രസർക്കാരിന്റെ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം കീഴ് കോടതികൾ പ്രവർത്തിക്കണമെ നിർദ്ദേശത്തോടെ ഈ സ്വമേധയാ നടപടി തീർപ്പാക്കുന്നു.**

വിധിന്യായം

**ജസ്റ്റിസ് രാജാ വിജയരാഘവൻ**

ചില പ്രത്യേക ബാങ്ക് നോട്ടുകളുടെ നാണയമൂല്യം ഇല്ലാതാക്കിയതിനെ തുടർന്ന് കേരള സംസ്ഥാനത്തിലെ കീഴ് കോടതികൾ അഭിമുഖീകരിച്ച മുൻകൂട്ടി കാണാൻ കഴിയാത്ത സ്ഥിതി വിശേഷം കൈകാര്യം ചെയ്യുന്നതിനുള്ള നടപടി ക്രമം ഉറപ്പിക്കുന്നതിന് ആരംഭിച്ചതാണ് നിലവിലത്തെ സ്വമേധയാ നടപടി ക്രമം.

2. 8.11.2016-ലെ വിജ്ഞാപനമനുസരിച്ച് 1934-ലെ ഭാരതീയ റിസർവ്വ് ബാങ്ക് ആക്റ്റിലെ വകുപ്പ് 26 ഉപവകുപ്പ് (2) പ്രകാരം നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് കേന്ദ്രസർക്കാർ നിഷേധിക്കപ്പെടാനാകാത്ത നാണ്യങ്ങള ല്ലാതായി നിലവിലത്തെ ശ്രേണിയിലെ രൂ.500-ഉം രൂ. 1000-ഉം മൂല്യമുള്ള ബാങ്ക് നോട്ടുകളെ 9.11.2006-ൽ പ്രഖ്യാപിച്ചു. എന്നിരുന്നാലും, വിവിധ ഉപാധികൾക്ക് വിധേയമായി 30 ഡിസംബർ 2016 ഉൾപ്പെടെയുള്ള ഒരു കാലയളവിലേക്ക് വിനിർദ്ദേശിച്ച ബാങ്ക് നോട്ടുകൾ നിഷേധിക്കപ്പെടാനാകാത്ത നോട്ടുകളുമായി അന്യോന്യം മാറ്റി വാങ്ങുന്നതിന് അവസരം അനുവദിച്ചിരുന്നു

3. അതിനുശേഷം അടിയന്തിരമായി, മേൽപറഞ്ഞ നാണ്യങ്ങളുടെ രൂപത്തിൽ ഉള്ള പണം പോലീസും മറ്റ് നിയമ നടപ്പാക്കൽ അധികാരികളും പിടിച്ചെടുത്തത് കീഴ്കോടതിയുടെ സൂക്ഷിപ്പിൽ വസ്തുക്കളായി ഹാജരാക്കിയിട്ടു ഉള്ളത് ഈ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. വിനിർദ്ദേശിക്കപ്പെട്ട വേർതിരിച്ച തീയതിക്കു ഉളിൽ മാറ്റി വാങ്ങാത്ത പക്ഷം അവ നിഷേധിക്കപ്പെടാനാകാത്ത നാണ്യങ്ങൾ അല്ലാത്തതായി മാറിയേക്കാം. മുൻകൂട്ടി കാണാൻ കഴിയാത്ത സ്ഥിതി വിശേഷം കൈകാര്യം ചെയ്യുന്നതിന് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടു.



5/529/17 -7

4. ഒരു താൽക്കാലിക മാർഗ്ഗമെന്ന നിലയിൽ വിനിർദ്ദേശിച്ചിട്ടുളള ബാങ്ക് നോട്ടുകൾ വളരെ പെട്ടെന്ന് വിനിമയം നടത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിഗണനയിൽ എടുക്കുകയും തീരുമാനിക്കുകയും ചെയ്യുന്നതിന് ഭരണഭാഗത്തു നിന്നുളള നിർദ്ദേശം അതിനുശേഷം നൽകി. വിനിർദ്ദേശിച്ച ബാങ്ക് നോട്ടുകൾ കേസ്സുകളുടെ അന്തിമ തീർപ്പുവരെ കൈവശം വെക്കേണ്ടതിന്റെ ആവശ്യമുളള അത്തരം കേസ്സു കളിൽ, ജൂഡീഷ്യൽ ഉദ്യോഗസ്ഥരോട് ബാങ്ക് നോട്ടുകളുടെ വിശദ വിവരങ്ങൾ, നമ്പരും മൂല്യവും സൂചിപ്പിച്ചുകൊണ്ട് തയ്യാറാക്കുകയും അതിന്റെ ഒരു പകർപ്പ് ജില്ലാ ജഡ്ജിക്ക് അയച്ചുകൊടുക്കുവാൻ നിർദ്ദേശിക്കുകയും അദ്ദേഹത്തോട് അതിന്റെ സമാഹൃത പട്ടിക തയ്യാറാക്കി ഈ കോടതിക്ക് അയച്ചുതരുവാൻ നിർദ്ദേശി ക്കുകയും ചെയ്തു.

5. അതിനുശേഷമാണ് മൂല്യമില്ലാ താക്കിയ കറൻസി നോട്ടുകളുടെ നീക്കം ചെയ്യലും/ കൈമാറ്റവും സംബന്ധിച്ച കാര്യത്തിന്റെ നിയമവശം പരിഗണിക്കു ന്നതിനും ഉചിതമായ ഉത്തരവുകൾ പാസ്സാക്കു ന്നതിനും വേണ്ടി ഈ നടപടി ആരംഭിച്ചത്.

6. എതിർകക്ഷികൾ നമ്പർ 1-നും 2-നും വേണ്ടി ഹാജരായ പാണ്ഡിത്യമുളള അസിസ്റ്റന്റ് സോളിസിറ്റർ ജനറലിനേയും എതിർകക്ഷികൾ നമ്പർ 3-നും 4-നും വേണ്ടി ഹാജരായ സ്റ്റാന്റിംഗ് കൗൺസി ലിനെയും എതിർകക്ഷികൾ 5 മുതൽ 7 വരെയുളളവർക്കായുളള പാണ്ഡിത്യമുളള സർക്കാർ അഭിഭാഷകനെയും ഹൈക്കോടതിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുളള അഭിഭാഷകനെയും ഞങ്ങൾ കേൾക്കുക ഉണ്ടായി.

7. പാണ്ഡിത്യമുളള അസിസ്റ്റന്റ് സോളിസിറ്റർ ജനറൽ രേഖയിലേക്ക് വച്ച 2017-ലെ സ്പെസിഫൈഡ് ബാങ്ക് നോട്ട്സ് (സെസ്സേഷൻ ഓഫ് ലയബിലിറ്റീസ്) ആക്റ്റിലെ വകുപ്പ് 5-ലെ ക്ലിപ്തനിബന്ധന ഖണ്ഡം (സി), വകുപ്പ് 11 ഉപവകുപ്പ് (1)-ഉം ആയി കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കേന്ദ്ര സർക്കാർ 12.5.2017-ൽ പുറപ്പെടുവിച്ച വിജ്ഞാപനം, ഞങ്ങളുടെ അഭിപ്രായത്തിൽ, സംസ്ഥാന ത്തിലെ കോടതികൾ അഭിമുഖീകരിച്ച സ്ഥിതി വിശേഷത്തിനെ രക്ഷിച്ചേക്കാം എന്നതാണ്.

8. 12.5.2017-ലെ വിജ്ഞാപനത്തിലെ ചട്ടം 2-ഉം 3-ഉം എളുപ്പത്തിൽ സംശയനിവൃത്തി വരുത്തുന്നതിന് താഴെ ഉദ്ധരിക്കുന്നു.

'2. കണ്ടുകെട്ടിയ വിനിർദ്ദേശിക്കപ്പെട്ട ബാങ്ക് നോട്ടുകളുടെ നിക്ഷേപം: 2016 ഡിസംബർ 30-നോ അതിന് മുമ്പോ ഒരു നിയമം നടപ്പാക്കുന്ന ഏജൻസികൾ കണ്ടുകെട്ടി അല്ലെങ്കിൽ പിടിച്ചെടുത്ത അല്ലെങ്കിൽ കോടതിയിൽ ഹാജരാക്കിയ വിനിർദ്ദേശിക്കപ്പെട്ട ബാങ്ക് നോട്ടുകളുള്ളിടത്ത് അത്തരം വിനിർദ്ദേശിക്കപ്പെട്ട ബാങ്ക് നോട്ടുകൾ ആക്റ്റിലെ വകുപ്പ് 4 ഉപവകുപ്പ് (1) പ്രകാരം വിനിർദ്ദേശിച്ച റിസർവ്വ് ബാങ്കിന്റെ ഏതെങ്കിലും ആഫിസിലോ, ഈ ആവശ്യത്തിലേക്കായി റിസർവ്വ് ബാങ്ക് പ്രാധികാരം ചെയ്ത ഒരു ദേശസാൽകൃത ബാങ്കിലോ ബാങ്ക് അക്കൗണ്ടിലെ നിക്ഷേപത്തിനോ നിഷേധിക്കപ്പെടാനാകാത്ത നാണ്യങ്ങ ളുമായി, താഴെപ്പറയുന്ന ഉപാധികൾക്ക് വിധേയമായി, അതിന്റെ മൂല്യത്തിന് തുല്യ മായി കൈമാറുവുന്നതാണ്, അതായത്:-

(എ) വിനിർദ്ദേശിക്കപ്പെട്ട ബാങ്ക് നോട്ടുകൾ കണ്ടുകെട്ടിയ കേസ്സിൽ ആ കോടതിയിൽ പരിഗണനയിലിരിക്കുന്ന കേസ്സിലെ ഒരു കക്ഷിയായ ഒരാൾക്ക് കോടതി അത് തിരിച്ചു നൽകുമ്പോൾ, അപ്പോൾ, ആ ആൾ, കോടതിയുടെ നിർദ്ദേശം ഹാജരാക്കുകയും അത്തരം വിനിർദ്ദേശിക്കപ്പെട്ട ബാങ്ക് നോട്ടുകൾ നിക്ഷേപിക്കുകയോ മാറ്റി വാങ്ങുകയോ ചെയ്യുന്നതിന് അർഹത നേടുമ്പോൾ, അതിന്റെ ക്രമ നമ്പരുകൾ-

(i) കോടതി മുമ്പാകെ നിയമം നടപ്പാക്കുന്ന ഏജൻസി കണ്ടുകെട്ടിയതും ഹാജരാക്കിയതും ആയി കുറിച്ചു വെച്ചിട്ടുള്ളതും; കൂടാതെ

(ii) കോടതിയുടെ നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുള്ളതും ആകണം.

(ബി) വിനിർദ്ദേശിച്ച ബാങ്ക് നോട്ടുകൾ കേന്ദ്ര സർക്കാരിലേക്കോ സംസ്ഥാന സർക്കാരിലേക്കോ കോടതിയുടെ ഒരു ഉത്തരവു പ്രകാരം മുതൽ കൂട്ടിയ സംഗതിയിൽ, കോടതിയുടെ ഉത്തരവ് ഹാജരാക്കുന്ന അത്തരം സർക്കാരിന് അത്തരം വിനിർദ്ദേശിക്കപ്പെട്ട ബാങ്ക് നോട്ടുകൾ നിക്ഷേപിക്കുവാനോ മാറ്റി വാങ്ങുവാനോ അർഹത ഉണ്ടായിരിക്കുന്നതാണ്; അല്ലെങ്കിൽ

(സി) 2016 ഡിസംബർ 30-നോ അതിനു മുമ്പോ, കോടതിയുടെ ഒരു ഉത്തരവ് പ്രകാരം ഏതെങ്കിലും ആളുടെ സൂക്ഷിപ്പിൽ വിനിർദ്ദേശിച്ച ബാങ്ക് നോട്ടുകൾ വച്ചിട്ടുള്ള സംഗതിയിൽ, അപ്പോൾ, ആ ആൾ കോടതിയുടെ നിർദ്ദേശത്തിന്റെ ഹാജരാക്കൽ വഴി അത്തരം വിനിർദ്ദേശിച്ച ബാങ്ക് നോട്ടുകൾ നിക്ഷേപിക്കുകയോ മാറ്റി വാങ്ങുകയോ ചെയ്യുന്നതിന് അർഹത നേടുമ്പോൾ, അതിന്റെ ക്രമ നമ്പരുകൾ.

(i) കോടതി മുമ്പാകെ നിയമം നടപ്പാക്കുന്ന ഏജൻസി കണ്ടുകെട്ടിയതും ഹാജരാക്കിയതും ആയി കുറിച്ചു വെച്ചിട്ടുള്ളതും; കൂടാതെ

(ii) കോടതിയുടെ നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുള്ളതും ആകണം

3. ഈ ചട്ടങ്ങൾ ചില സംഗതികളിൽ ബാധകമാകുന്നതല്ല.- 2016 ഡിസംബർ 30-ന് ശേഷം കണ്ടുകെട്ടിയതോ പിടിച്ചെടുത്തതോ ആയ വിനിർദ്ദേശിക്കപ്പെട്ട ബാങ്ക് നോട്ടുകൾക്ക് ഈ ചട്ടങ്ങൾ ബാധകമാകുന്നതല്ല.'

9. മേൽപ്പറഞ്ഞ ചട്ടങ്ങൾ പോലെ, വ്യവഹാരിയെ, സർക്കാർ അല്ലെങ്കിൽ ആളുടെ സൂക്ഷിപ്പിൽ ഉള്ള വിനിർദ്ദേശിച്ച ബാങ്ക് നോട്ടുകൾ, നിയമം നടപ്പാക്കുന്ന ഏജൻസി കണ്ടുകെട്ടിയതോ കോടതി മുമ്പാകെ അവയെ ഹാജരാക്കുമ്പോഴും അവയുടെ ക്രമനമ്പർ കുറിച്ചെടുത്തിട്ടു ള്ളതും കോടതി ആയത് പരാമർശിച്ചു കൊണ്ട് റിസർവ്വ് ബാങ്കിന്റെ ഏതെങ്കിലും ആഫിസിലോ ഈ ആവശ്യത്തിലേയ്ക്കായി റിസർവ്വ് ബാങ്ക് പ്രാധികാരം ചെയ്ത ഒരു ദേശസാൽകൃത ബാങ്കിലോ അവ ഹാജരാക്കുവാൻ നിർദ്ദേശമോ ഉത്തരവോ പുറപ്പെടുവിക്കുമ്പോൾ നിക്ഷേപിക്കു വാനോ മാറ്റി വാങ്ങുവാനോ പ്രാപ്ത മാക്കുന്നു. നിർദ്ദിഷ്ട ബാങ്ക് നോട്ടുകളുടെ വിനിമയത്തിന്റെ സംഗതിയിൽ മേൽ കുറിച്ച നടപടി കോടതികൾ പിന്തുടരേണ്ടതാണ്.

10. ഈ ഉത്തരവിന്റെ പകർപ്പുകൾ രണ്ടാഴ്ചക്കകം എല്ലാ കീഴ് കോടതികളിലേക്കും അയച്ചുകൊടുക്കു വാൻ രജിസ്ട്രിയോട് നിർദ്ദേശിക്കുന്നു. കൂടാതെ എല്ലാ കീഴ്കോടതികളും മേൽ വിജ്ഞാപനത്തിനനുസൃതമായി പ്രവർത്തിക്കുവാൻ കൂടിയും നിർദ്ദേശിക്കുന്നു.

തദനുസൃതമായി ഈ സ്വമേധയാ നടപടി തീർപ്പാക്കുന്നു.

# ബഹു. ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് സുനിൽ തോമസ്

## ദിലീപ് എന്നും പേരുള്ള പി. ഗോപാലകൃഷ്ണൻ

## അഭി

## കേരള സർക്കാരും മറ്റൊരാളും

## ജാമ്യാപേക്ഷ നം. 5098/2017

## എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ

## ക്രൈം നമ്പർ 297/2017

## 2017 ജൂലൈ 24-ന് വിധി കല്പിച്ചത്

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

പ്രശസ്തനായ ഒരു സിനിമാ നടനും, വിതരണത്തിലും സിനിമാ നിർമ്മാണത്തിലും ഇടപെട്ടിട്ടുള്ളതുമായ ഒരു തിയേറ്റർ ഉടമയുമാണ് ഹർജിക്കാരൻ. തീർച്ചയായും, അയാൾക്ക് ആ വ്യവസായത്തിൽ എടുത്തു പറയത്തക്ക സ്വാധീനം ഉണ്ട്. ആ സ്ഥിതിക്ക്, അതേ വ്യവസായത്തിൽ നിന്നു തന്നെയുള്ള ധാരാളം സാക്ഷികളെ ഹർജിക്കാരൻ, സ്വാധീനിക്കുവാനോ ഭീഷണിപ്പെടുത്തുവാനോയുള്ള സാധ്യത തള്ളിക്കളയുവാൻ കഴിയുതല്ല.

### ഉത്തരവ്

ശിക്ഷാ നിയമ സംഹിതയിലെ 120 (ബി), 342, 366, 376 (ഡി), 411, 506 (1), 201, 212, 34 എന്നീ വകുപ്പുകളിലും 2008-ലെ വിവര സാങ്കേതിക വിദ്യാ ആക്റ്റിലെ 66 (ഇ) യും 67 (എ) യും വകുപ്പുകളിലും കീഴിലുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 297/2017-ലെ 11-ാം പ്രതിയാണ് ഇതിലെ ഹർജിക്കാരൻ.

2. പ്രോസിക്യൂഷൻ കേസിന്റെ കാതലായ ഭാഗം ലഭ്യമായിട്ടുള്ള രേഖകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് താഴെ പറയും പ്രകാരമാണ്:

3. ധാരാളം സിനിമകളിൽ പ്രധാന കഥാപാത്രമായി അഭിനയിച്ചിട്ടുള്ള ഒരു പ്രമുഖ മലയാള ചലച്ചിത്ര കലാകാരനാണ് ഇതിലെ ഹർജിക്കാരൻ. ഇര ഒരു അവിവാഹിതയും അവരുടെ പ്രശസ്തിയ്ക്ക് ധാരാളം സിനിമകൾ ഉള്ളതുമായ അറിയപ്പെടുന്ന ചലച്ചിത്ര നടിയാണ്. ഇതിലെ ഹർജിക്കാരൻ ഒരു പ്രമുഖ നടിയെ വിവാഹം ചെയ്തിരുന്നതും ആ വിവാഹ ബന്ധത്തിൽ ഒരു കുട്ടി ജനിച്ചിട്ടുള്ളതുമണ്. അതിനുശേഷം, അവരുടെ കുടുംബത്തിൽ ദാമ്പത്യപരമായ തർക്കങ്ങൾ ഉണ്ടാവുകയും അന്തിമമായി ഒരു കോടതി വഴിയുള്ള വേർപിരിയലിലേക്കു നയിക്കുകയും ചെയ്തു. ഇതിലെ ഹർജിക്കാരൻ സംശയിക്കുന്നത്, ഇതിലെ ഇര, ഹർജിക്കാരന്റെ മുൻഭാര്യയുടെ അടുത്ത ഒരു സുഹൃത്തും അയാളുടെ ദാമ്പത്യബന്ധത്തിൽ വിള്ളൽ ഉണ്ടാക്കിയതിനു കാരണഭൂതയുമാണ് എന്നാണ്. പ്രതികാരം വീട്ടുന്നതിനായി, ഇരയെ തട്ടിക്കൊണ്ടു പോകാനും അവളുടെ നഗ്നചിത്രങ്ങൾ എടുക്കുവാനും ഒന്നാം പ്രതിയ്ക്ക് ഒന്നരക്കോടി രൂപ കൊടുക്കാമെന്ന വാഗ്ദാനത്തിൽ, അയാൾ ഒന്നാം പ്രതിയുമായി ഗൂഢാലോചന നടത്തിയതായി ആരോപിച്ചിരിക്കുന്നു. ചലച്ചിത്ര നിർമ്മാണ യൂണിറ്റുകളുമായി നിരന്തര ബന്ധം പുലർത്തിയിരുന്നതും, ഒരു ക്രിമിനൽ പശ്ചാത്തലമുള്ള ഒരു ഡ്രൈവറാണ് ഒന്നാം പ്രതി.

4. 17-02-2017-ന് ഏകദേശം രാത്രി 7 മണിയോടു കൂടി ഇര അവരുടെ തൃശ്ശൂരിലെ വീട്ടിൽ നിന്നും ചലച്ചിത്ര നിർമ്മാണ യൂണിറ്റിൽ നിന്നും ഒരു സിനിമയുടെ ജോലിക്ക് എത്തിച്ചേരുന്നതിനായി അവർക്ക് അയച്ചുകൊടുത്ത ഒരു മഹീന്ദ്ര എക്സ്‌യുവി വാഹനത്തിൽ കൊച്ചിയിലേക്ക് യാത്ര തിരിച്ചു. ഈ വാഹനം ദേശീയപാത യിലൂടെയാണ് സഞ്ചരിച്ചിരുന്നത്. രണ്ടാം പ്രതി ആ വാഹനത്തിന്റെ ഡ്രൈവർ ആയിരുന്നു. അയാൾ ഇരയ്ക്ക് ഒരു അപരിചിതനാണ്. ആരോപിക്കപ്പെടുന്നത് എന്തെന്നാൽ ഒന്നാം പ്രതിയും അയാളുടെ കൂട്ടുപ്രതികളും ഒരു വാനുമായി എയർ പോർട്ട് ജംഗ്ഷനു സമീപം കാത്തു നിൽക്കുകയും ഇരയുടെ വാഹനം സ്ഥലത്ത് എത്തിയപ്പോൾ, എക്സ്‌യുവി യുടെ പിൻ ഭാഗത്ത് വാൻ ഇടിക്കുകയും ഒരു കൃത്രിമ അപകടത്തിന്റെ വേദി ഒന്നാം പ്രതി സൃഷ്ടിക്കുകയും ചെയ്തു എന്നാണ്. അതിനു ശേഷം, മൂന്ന്, നാല്, ആറ് പ്രതികൾ ബലമായി വാഹനത്തിൽ പ്രവേശിക്കുകയും ഇരയെ പുറകുവശത്തെ ഇരിപ്പിടത്തിൽ അന്യായമായി തടഞ്ഞു വയ്ക്കുകയും ചെയ്തു. അവർ വാഹനം കൊച്ചി നഗരത്തിലേക്ക് ഓടിക്കുകയും ഒന്നാം പ്രതി വാൻ ഓടിച്ച് പിന്തുടരുകയും ചെയ്തു. അതിനുശേഷം, ഒന്നാം പ്രതി വാഹനത്തിൽ പ്രവേശിക്കുകയും സഞ്ചരിച്ചുകൊണ്ടിരുന്ന വാഹനത്തിൽ വച്ച് അവരെ ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്തു. അവർ ലൈംഗികമായി പീഡിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുമ്പോൾ തന്നെ ഒന്നാം പ്രതി നിസ്സഹായയായ ഇരയുടെ ശരീരഭാഗങ്ങൾ വളരെ അടുത്തു കാണത്തക്ക വിധത്തിൽ മുഴുവൻ സംഭവവും അയാളുടെ മൊബൈൽ ഫോണിൽ വീഡിയോഗ്രാഫ് നടത്തി. ലൈംഗികാതിക്രമം നടക്കുന്നതിനിടയിൽ അവർ അയാളോട് സഹകരിക്കണമെന്ന് നിർദ്ദേശിക്കുകയും ഇത് മറ്റൊരാൾ അയാളെ ഏല്പിച്ച ഒരു ക്വട്ടേഷൻ പ്രകാരം ആണ് അത് ചെയ്യുന്നതെന്ന് വെളിപ്പെടുത്തുകയും ചെയ്തു. മോചിപ്പിക്കാൻ വേണ്ടിയുള്ള ഇരയുടെ നിരന്തരമായ യാചന പരിഗണിക്കാതെ അവരുടെ മേലുള്ള അതിക്രമം രാത്രി 11 വരെ തുടർന്നു. ഇതിനുശേഷം മുഖ്യപ്രതി അവരെ വിട്ടയച്ചു. രണ്ടാം പ്രതി ഡ്രൈവർ മാനസികമായി തകർന്ന ഇരയെ ഒരു സിനിമാ സംവിധായകന്റെ വീട്ടിലെത്തിക്കുകയും അയാളോട് അവർ മുഴുവൻ കാര്യങ്ങളും വെളിപ്പെടുത്തുകയും ചെയ്തു. പെട്ടെന്നുതന്നെ, സംഭവം പോലീസിനെ അറിയിക്കുകയും ചെയ്തു.

5. 18-02-2017-ന് രാവിലെ 3 മണിയ്ക്ക് ഇരയുടെ പ്രഥമ വിവര മൊഴി രേഖപ്പെടുത്തുകയും അവരെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയയാക്കുകയും ചെയ്തു. അന്വേഷണം ആരംഭിച്ചു. ക്രിമിനൽ നടപടി നിയമ സംഹിതയിലെ 164-ാം വകുപ്പ് പ്രകാരം അവരുടെ മൊഴി മജിസ്ട്രേറ്റ് മുമ്പാകെ രേഖപ്പെടുത്തുകയും ചെയ്തു. ഇത് വെളിപ്പെടുത്തുന്നത് എന്തെന്നാൽ, സംഭവത്തിനിടയിൽ, ഗോവയിലെ ഒരു സിനിമാ ചിത്രീകരണത്തി നിടയിൽ അവരുടെ കാർ മുൻപ് ഓടിച്ചിരുന്ന ആളാണ് ഒന്നാം പ്രതിയെന്ന് ഇര തിരിച്ചറിഞ്ഞിട്ടുള്ളതുമാണ്. അന്വേഷണം നടക്കുന്നതിനിടയിൽ, ഡ്രൈവർ അറസ്റ്റിലാകുകയും ആത്യന്തികമായി ഇത് മറ്റ് ഏഴുപേരുടെ അറസ്റ്റിലേക്കു നയിക്കുകയും ചെയ്തു. ഇവരെ പ്രതി ചേർത്തുകൊണ്ട്, 17-04-2017-ൽ അന്തിമ റിപ്പോർട്ട് നൽകി. പ്രതികൾ 1 മുതൽ 6 വരെയുള്ള ആളുകൾ പ്രധാന കുറ്റ കൃത്യത്തിൽ ഉൾപ്പെട്ടവരായും ഏഴാം പ്രതി, പ്രതിക്ക് അഭയം നൽകിയ കുറ്റകൃത്യത്തിന് ചുമത്തപ്പെടുകയും ചെയ്തു.

6. അന്തിമ റിപ്പോർട്ടിൽ, വ്യക്തമാക്കുന്നതെന്തെന്നാൽ, ഒരു അഭിഭാഷകനും കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളതായും അയാൾക്കെതിരെ ഒരു പ്രത്യേക കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ് എന്നതാണ്. വലിയ ഗൂഢാലോചനയെപ്പറ്റി

അന്വേഷിക്കുവാനുള്ള അന്വേഷണ സംഘ ത്തിന്റെ അവകാശവും ഏർപ്പാടാക്കി യിട്ടുണ്ട്. വിഷയം ഇപ്പോൾ അങ്കമാലി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ സി.പി.നം. 17/2017 ആയി തീർപ്പാകാതെ ഇരിക്കുന്നു. എങ്ങനെയാ യിരുന്നാലും, ഗൂഢാലോചന യിലുള്ള അന്വേഷണം തുടർന്നു. ആ സമയത്ത് ഇതിലെ ഹർജി ക്കാരന്റെ ഇടപെടൽ വെളിവായിട്ടില്ലാ ത്തതാണ്.

7. ഇതിനിടയിൽ, ഇതിലെ ഹർജിക്കാരൻ പോലീസ് ഡയറക്ടർ ജനറൽ മുമ്പാകെ കുറച്ചു സാമൂഹ്യ മാദ്ധ്യമ സംഘങ്ങളും അജ്ഞാതവൃത്തങ്ങളും സിനിമാ നടി ഉൾപ്പെട്ട മേൽ സംഭവുമായി ബന്ധപ്പെട്ട് അയാളെ മാനഹാനിപ്പെടുത്തുവാനും പീഡിപ്പിക്കു വാനും ശ്രമിക്കുന്നതായി ആരോപിച്ചുകൊണ്ട് 20-04-2017-ന് തീയതി വച്ച് 22-04-2017-ൽ ഒരു ലിഖിത പരാതി നൽകി. ഒന്നാം പ്രതിക്കു വേണ്ടി എന്ന വകാശപ്പെട്ടുകൊണ്ട്, ഉപേക്ഷ ഉണ്ടാകുന്ന പക്ഷം ഇതിലെ ഹർജിക്കാരനെ മുകളിലത്തെ കേസുമായി ബന്ധിപ്പിക്കുമെന്ന ഒരു ഭീഷണി സഹിതം ധനസഹായം തേടിക്കൊണ്ട് ഒരു വിഷ്ണുവിൽ നിന്നും അയാളുടെ സുഹൃത്ത് നാദിർഷായ്ക്ക് ഒരു ഫോൺ വിളി ലഭിച്ചിട്ടുണ്ടെന്ന് അതിൽ പ്രസ്താവിച്ചി രിക്കുന്നു. എന്നുതന്നെയുമല്ല, 18-4-2017-ൽ ഹർജിക്കാരനെ അഭിസംബോധന ചെയ്തു കൊണ്ട്, അയാളിൽ നിന്നും രണ്ടുകോടി രൂപ ആവശ്യപ്പെട്ടുകൊണ്ടും, ഉപേക്ഷ ഉണ്ടാ കുന്ന സംഗതിയിൽ ഹർജിക്കാരന്റെ ജോലി നശിപ്പിക്കുന്നതാ ണെന്നും ഉള്ള, ഒന്നാം പ്രതി എഴുതിയെ ന്നാരോപിക്കുന്ന ഒരു കത്ത് അയാളുടെ ഡ്രൈവർ അപ്പുണ്ണിയ്ക്ക് വാട്ട്സ് ആപ്പ് വഴി കിട്ടിയിട്ടും ഉള്ളതാണ്.

8. അന്വേഷണത്തിനിടയിൽ, ഇതിലെ ഹർജിക്കാരനേയും നാദിർഷായേയും അപ്പുണ്ണിയേയും വിശദമായി ചോദ്യം ചെയ്യുക ഉണ്ടായി. അതിനുശേഷം, ഒന്നരക്കോടി രൂപാ നൽകാമെന്ന ഒരു വാഗ്ദാനത്തിൽ ഇരയുടെ നഗ്നചിത്രങ്ങൾ എടുക്കുന്നതിനു വേണ്ടി ഒന്നാം പ്രതിയെ ഏർപ്പാടാക്കി എന്നാരോപി ച്ചുകൊണ്ട് ഹർജിക്കാരനെ 10-07-2017-ൽ അറസ്റ്റു ചെയ്യുകയും ചെയ്തു. 2015 ഡിസംബറിൽ മുൻകൂറായി ഒരു തുകയായ രൂപാ 10,000/- ഹർജിക്കാരൻ കൊടുത്തതായി ആരോപിക്കുന്നു. അറസ്റ്റുചെയ്ത തീയതിക്കു ശേഷം ഹർജിക്കാരൻ കസ്റ്റഡിയിലാണ്. ഹർജി ക്കാരൻ തീർത്തും നിരപരാധിയാ ണെന്നും ഒരു വേരുറച്ച ഗൂഢാലോചനയുടെ ഫല മായി, കുറ്റകൃത്യത്തിൽ തിരഞ്ഞു കെട്ടപ്പെട്ട താണെന്നും വാദിച്ചുകൊണ്ട് ഹർജിക്കാരൻ ജാമ്യം തേടുന്നു.

9. റിമാൻഡ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള 19 സാഹചര്യങ്ങളിൽ യാതൊന്നും ഹർജിക്കാരനുമായി ബന്ധമില്ലെന്നു ഹർജി ക്കാരനു വേണ്ടിയുള്ള പാണ്ഡിത്യ മുള്ള മുതിർന്ന അഭിഭാഷകൻ വാദിച്ചു. അയാളെ സംഭവവുമായി ബന്ധപ്പെടുത്തു ന്നതിനോ ഗൂഢാലോചനയുടെ ഏതെങ്കിലും അംശവു മായി ബന്ധപ്പെടുത്തുന്നതിനോ തെളിവിന്റെ ഒരു കണികപോലും തീർച്ചയായും ഇല്ലാത്ത താണ്. ഇത് കൂടാതെ വാദിച്ചിട്ടുള്ള തെന്തെന്നാൽ, പ്രസിദ്ധനായ കലാകാരനായ ഹർജിക്കാരൻ ഉണ്ടായിരു ന്നിടത്തെല്ലാം ഒന്നാം പ്രതിയും ഉണ്ടായിരുന്നു എന്ന് അനുമാനിക്കുന്നതു കൊണ്ടു മാത്രം ഗൂഢാലോചന തെളി യിക്കാൻ പര്യാപ്തമാകു ന്നില്ല എന്നതാണ്. അയാളുടെ അറസ്റ്റിനു മുമ്പായി ആരംഭത്തിൽ പതിമൂന്ന് മണിക്കൂറും തുടർന്ന് പത്ത് മണിക്കൂറും ഹർജിക്കാരനെ ചോദ്യം ചെയ്തതായി ഇവിടെ കൂടുതലായി വാദിക്കപ്പെട്ടിട്ടുണ്ട്. അതിനുശേഷം, മൂന്നു ദിവസത്തേക്ക് അയാളെ പോലീസ് കസ്റ്റ ഡിയിൽ വിട്ടിട്ടുള്ളതാണ്. ആ സ്ഥിതിയ്ക്ക്, അന്വേഷണത്തിന്റെ കൂടുതലായിട്ടുള്ള ആവശ്യത്തിലേക്കായി ഹർജിക്കാരന്റെ

ആവശ്യമില്ലാത്തതും തത്ഫലമായിട്ടുള്ള അയാളുടെ കൂടുതൽ തടവ് നീതീകരി ക്കാനാ വാത്തതുമാണ്, പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ വാദിച്ചു.

10. നേരെ മറിച്ച്, ഹർജിക്കാരനാണ് കുറ്റകൃത്യത്തിന്റെ സൂത്രധാരനെന്ന് പാണ്ഡിത്യമുള്ള പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ വാദിച്ചു. അയാളാണ് ഒന്നാം പ്രതിയായ അറിയപ്പെടുന്ന കുറ്റവാളിക്ക് ഹീനമായ കുറ്റം നടത്തു ന്നതിന് ക്വട്ടേഷൻ കൊടുത്തത്. പ്രതികാരം വീട്ടുന്നതിനായി ഒരു ഇരയെ ലൈംഗിക ചൂഷണം ചെയ്യുന്നതി നായി ക്വട്ടേഷൻ കൊടുക്കുന്നത് കേട്ടിട്ടു പോലു ില്ലെന്നു കൂടുതലായി വാദിച്ചിട്ടുണ്ട്. ഹർജിക്കാരൻ ഒന്നാം പ്രതിയുമായി ഗൂഢാലോചന നടത്തിയതായി സ്ഥാപിക്കു ന്നതിന് ഇവിടെ ശക്തിയേറിയതും, മുറുകെ പ്പിടിക്കുന്നതും, നേരിട്ടും, നേരിട്ടല്ലാതെയും, സാഹചര്യവും ശാസ്ത്രീയവുമായ തെളിവ് ഉള്ളതായി ഇവിടെ കൂടുതലായി വാദിച്ചിട്ടുണ്ട്.

11. ഗൂഢാലോചന രഹസ്യമായി ആസൂത്രണം ചെയ്തിട്ടുള്ളതുകൊണ്ട് നേരിട്ടുള്ള തെളിവ് ദുർലഭമായേ ലഭ്യമാകു കയുള്ളൂ എന്നതിൽ സംശയമില്ല. പ്രോസി ക്യൂഷൻ ഗൂഢാലോചന ആരോപിക്കുവാൻ ശ്രമിക്കുകയും ഇതിലെ ഹർജിക്കാരനെ സാഹചര്യത്തെളിവുകളുടെ അടിസ്ഥാ നത്തിൽ കേസുമായി ബന്ധിപ്പി ക്കുവാൻ ശ്രമിക്കുകയുമാണ്. ഇതിലെ ഹർജിക്കാരന് ഒന്നാം പ്രതിയെ അറിയുക യില്ലെന്നും അയാളെ കാണുന്നതിനു അയാൾക്ക് യാതൊരു അവസരമുണ്ടാ യിട്ടില്ലെന്നുമുള്ള ഒരു ഉറച്ച നിലപാട് ഹർജിക്കാരന് ഉണ്ട് എന്ന ഒരു നിഗമന ത്തിലാണ് അന്വേഷണസംഘം മുന്നോട്ടു പോകുന്നതെന്നതാണ്. ഇത് വെളിപ്പെടു ത്തുന്നത്, ഹർജിക്കാരൻ 20-04-2017 പോലീസ് ഡയറക്ടർ ജനറൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പരാതി, ഒന്നാം പ്രതിയാൽ ഹർജിക്കാരന്റെ കുറ്റകൃത്യ ത്തിലുള്ള ഇട പെടൽ വെളിപ്പെടുത്തുന്നത് മാറ്റിവയ്ക്കു ന്നതിനുള്ള ഒരു ബുദ്ധിപരമായ നീക്കമാണ് എന്ന മറ്റൊരു നിഗമനത്തിലുമാണ് അന്വേ ഷണം മുമ്പോട്ട് കൊണ്ടുപോകുന്നത്. പാണ്ഡിത്യമുള്ള പോലീസ് ഡയറക്ടർ ജനറൽ രേഖകളിലൂടെ ലഭ്യമായ വസ്തുത കളെ ആശ്രയിക്കുകയും ഹർജി ക്കാരന്റെ ഗൂഢാലോചനയിലുള്ള പങ്ക് സ്ഥാപിക്കുന്ന തിനുവേണ്ടി ആവശ്യമായ വസ്തുക്കൾ അന്വേഷണത്തിലൂടെ ശേഖരിച്ചിട്ടുള്ളതായി വാദിക്കുകയും ചെയ്തു. അവ രണ്ടു വിഭാഗങ്ങളിൽ പ്പെടുന്നു. ആ വസ്തുക്കൾ യഥാർത്ഥ കുറ്റകൃത്യം നടക്കുന്നതിനു മുമ്പുള്ള വസ്തുക്കളും കുറ്റം നടന്നതിനു ശേഷമുള്ള പ്രതിയുടെ സ്വഭാവവുമാണ്.

12. തീർച്ചയായും, 17-02-2017-ൽ നടന്ന സംഭവം വളരെ ഗൗരവ മുള്ളതാണ്. ഒരു യുവനടിയെ തിരക്കേറിയ ദേശീയപാതയിൽ വച്ച് തട്ടിക്കൊണ്ടുപോകുകയും, ഏകദേശം രണ്ടര മണിക്കൂറോളം സിറ്റിയിലൂടെ കൊണ്ടുപോകുകയും, ഓടിക്കൊണ്ടിരി ക്കുന്ന ഒരു കാറിനകത്ത് വച്ച് ഞെട്ടിക്കുന്ന ഹീനമായ ലൈംഗിക ചൂഷണത്തിന് വിധേയയാ ക്കുകയും വീഡിയോഗ്രാഫ് നടത്തുകയും ചെയ്തിട്ടുണ്ട്. കാറിൽ വച്ചു തന്നെ ഇര ഒന്നാം പ്രതിയെ തിരിച്ചറി ഞ്ഞിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽത്തന്നെ, സംഭവം പോലീസിനെ അറിയിക്കുകയും, സ്വഭാവത്തിൽ സംശയ കരമായി കാണപ്പെട്ട രണ്ടാം പ്രതി ഡ്രൈവറെ സംഭവത്തിനു ശേഷം ഉടൻ തന്നെ അറസ്റ്റ് ചെയ്യുകയും ചെയ്തു. വളരെ ക്രൂരവും പൈശാചികവും സമൂഹ മന:സാക്ഷിയെ ഇളക്കുന്ന രീതിയിലുമാണ് കുറ്റകൃത്യം നടത്തിയി ട്ടുള്ളത്.

13. അന്വേഷണ സംഘം ആരോപിക്കു ന്നതെന്തെന്നാൽ ഇതിലെ ഹർജിക്കാരനു കുറ്റം ചെയ്യണമെന്നുള്ളതിന് ഒരു വ്യക്തമായ ഉദ്ദേശ്യം ഉണ്ട് എന്നതാണ്. ഇവിടെ ആരോപിക്കുന്നതെന്തെന്നാൽ, ഇതിലെ ഹർജിക്കാരൻ സംശയിക്കുന്നത് ഇരയാണ്

അയാളുടെ വിവാഹബന്ധം തകരുന്നതിന് കാരണഭൂതയായതെന്നതാണ്. ഹർജിക്കാര നെക്കുറിച്ചുള്ള വിവരങ്ങൾ ഹർജിക്കാരന്റെ മുൻഭാര്യയോട് കൈമാറ്റം ചെയ്ത് ഇര അയാളുടെ കുടുംബജിവിതം തകർത്തതായി ഹർജിക്കാരൻ വിശ്വസിക്കുന്നു. ഹർജി ക്കാരനും ഇരയും തമ്മിലുള്ള ബന്ധം വഷളായി എന്നു കാണിക്കുന്നതിന് രേഖകളിൽ ആവശ്യമുള്ളത്ര വസ്തുതകൾ ലഭ്യമാണ്. അതിനുശേഷം ഇരയ്ക്ക് സിനിമകളിൽ അഭിനയിക്കുന്നതിനു കുറെ അവസരങ്ങൾ നഷ്ടപ്പെട്ടതായും അത് അവളുടെ ഉപജീവനമാർഗ്ഗമായ തൊഴിലിനെ ബാധിച്ചതായും കുറച്ചു ആളുകളുടെ പ്രസ്താവനകളും ഇവിടെ ഉണ്ട്.

14. ഗൂഢാലോചനയുടെ മൂലം സ്ഥാപിക്കുവാൻ വേണ്ടി ആരോപിക്ക പ്പെടുന്നതെന്തെന്നാൽ ഇതിലെ ഹർജി ക്കാരൻ അഞ്ച് വ്യത്യസ്ത നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഒന്നാം പ്രതിയെ കണ്ടുമുട്ടി യിട്ടുണ്ടെന്നും അവിടെ വച്ച് ഗൂഢാലോചന ആസൂത്രണം ചെയ്തിട്ടുള്ളതുമാണ് എന്നതാണ്. ഹർജി ക്കാരൻ പറഞ്ഞതു പോലെയുള്ള പ്രവർത്തി ചെയ്യു ന്നതിന് ഒന്നാം പ്രതിക്ക് വലിയ തുക നൽകാമെന്നു വാഗ്ദാനം ചെയ്യുകയും ചെയതതായി ആരോപിച്ചിട്ടുള്ള ഒരു ഹോട്ടൽ ആണ്. ഇതിലെ ഹർജിക്കാരന്റെ പേരിലാണ് മുറി ബുക്ക് ചെയ്തത് എന്ന് സ്ഥാപിക്കുവാൻ വേണ്ടി പ്രോസിക്യൂഷൻ ഹോട്ടൽ രേഖകളെ ആശ്രയിക്കുന്നു.

ഒരേ സമയത്ത് പ്രതിയുടേയും ഹർജി ക്കാരന്റേയും സാന്നിദ്ധ്യം അഞ്ചു സ്ഥല ങ്ങളിലുമുള്ളത് സ്ഥാപിക്കുന്നതിനായി ഫോൺ വിളികളുടെ രേഖാവിശദാംശങ്ങൾ, മൊബൈൽ ടവറുകളുടെ സ്ഥാനം, നേരിട്ടുള്ള വാചിക തെളിവുകൾ എന്നിവ അന്വേഷണ സംഘം ശേഖരിച്ചിട്ടുള്ളതാണ്. ഹർജിക്കാ രനു മായിട്ടുള്ള ഗൂഢാലോ ചനയെപ്പറ്റി ഒന്നാം പ്രതി അന്വേഷണ ത്തിലും മറ്റുള്ളവരോടും നടത്തിയിട്ടുള്ള വെളിപ്പെടുത്തലുകൾ ധാരാളം നിർണ്ണായക വസ്തുക്കളും വസ്തുതകളും കണ്ടെത്തു ന്നതിലേക്ക് നയിച്ചിട്ടുള്ളതാണ്.

15. പ്രോസിക്യൂഷന് ഒരു കേസ് ഉള്ളതെന്തെന്നാൽ, ഒന്നാം പ്രതി അയച്ചി ട്ടുള്ളതെന്ന് ആരോപിക്കുന്ന കത്ത് അതൊരു ഭീഷണിക്കത്തിന്റെ രൂപത്തിലോ അല്ലെങ്കിൽ ഹർജിക്കാരനെ ഭീഷണിപ്പെടുത്തി പണം വാങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ തെളിവാകുന്നില്ല എന്നതാണ്. ആരോടാണോ ഒന്നാം പ്രതി ഗൂഢാലോചനയെപ്പറ്റിയുള്ള വെളിപ്പെടുത്തലുകൾ നടത്തിയതായി ആരോപിച്ചിട്ടുള്ളത് അങ്ങനെയുള്ള ചില ആളുകളുടെ പ്രസ്താവനകളും ലഭ്യമാണ്. രേഖയിലുള്ളതെന്തെന്നാൽ, ഒന്നാം പ്രതിയുടെ അറസ്റ്റിനുശേഷം, ഒന്നാം പ്രതി ജയിലിനകത്തേക്ക് രഹസ്യമായി ഒരു മൊബൈൽ ഫോൺ കൊണ്ടുപോകുകയും അയാൾ ധാരാളം ആളുകളുമായി ബന്ധപ്പെ ടുകയും ചെയ്തു എന്നതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന മൊബൈൽ ഫോണി ലേയും ജയിലിൽ സൗകര്യപ്പെടു ത്തിയിട്ടുള്ള കോയിൻബോക്സ് ലാന്റ് ലെയിൻ ടെലിഫോണിലേയും ഫോൺ വിളി വിശദാംശ ങ്ങൾ, ഒന്നാം പ്രതി സംശയിക്കപ്പെടുന്ന ചില ആൾക്കാരുമായിട്ടും ഹർജിക്കാരനുമായി ബന്ധപ്പെട്ട ചില ആളുകളുമായിട്ടും നടത്തിയിട്ടുള്ള തുടർച്ചയായ ഫോൺ വിളികളും അവർക്കിടയിലുള്ളതുമായ ഫോൺ വിളികളാണെന്ന് കാണുന്നു. ഓരോ ആളുകളുടേയും ടവർ സ്ഥാനങ്ങളി ലൂടെയുള്ള തമ്മിൽ ബന്ധപ്പെട്ടുകൊണ്ടുള്ള നിരവധി ഫോൺ വിളികളുടെ വിശദാംശ ങ്ങൾ അന്വേഷണ ഏജൻസി പുറത്തു കൊണ്ടുവന്നു. ഹർജിക്കാരനുമായി ബന്ധ പ്പെടുന്നതിനുവേണ്ടി കുറച്ചു സ്രോതസ്സു കളിലൂടെ വിഷ്ണു നടത്തിയിട്ടുള്ള ശ്രമങ്ങ ളുടെ വിശദാംശങ്ങളും രേഖയിലുണ്ട്. ജയിൽ നിന്നു തന്നെയാണ് ഒന്നാം പ്രതി കത്തെഴുതി

യിട്ടുള്ളതെന്ന് രേഖകൾ സൂചിപ്പിക്കുന്നു. കുറ്റകൃത്യം നടന്നശേഷം പെട്ടെന്നു തന്നെ പ്രതി ഒരു കൂട്ടു പ്രതിയോടൊപ്പം മൊബൈലും മെമ്മറി കാർഡും ഹർജിക്കാരന്റെ കൂട്ടാളികൾക്ക് കൈമാറാൻ ശ്രമിച്ചതായി വസ്തുതകൾ സൂചിപ്പിക്കുന്നു.

16. മുകളിലെ വസ്തുതകൾ ഹർജിക്കാരന്റെ കുറ്റകൃത്യത്തിലുള്ള ഇടപെടൽ സംശയിക്കുന്നതിന് പ്രഥമ ദൃഷ്ട്യാ വസ്തുതകൾ ഉള്ളതായാണ കാണിക്കുന്നത്. അന്വേഷണം ഇപ്പോഴും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇത് ഇപ്പോഴും ഒരു നിർണ്ണായക ഘട്ടത്തിലാണ്. മാനേജർ അപ്പുണ്ണി ഒളിവിലാണെന്നും ഇടപെട്ടിട്ടുള്ള അഭിഭാഷകനെ ഫലപ്രദമായി ചോദ്യം ചെയ്യേണ്ടതുണ്ടെന്നും പാണ്ഡിത്യമുള്ള പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ബോധിപ്പിച്ചിരിക്കുന്നു. പാണ്ഡിത്യമുള്ള ഡി.ജി.പി മറ്റുള്ള ആളുകളെയും കൂടി കുറ്റകൃത്യത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള സാദ്ധ്യതയും തള്ളിക്കളയുന്നില്ല. അന്വേഷണം പുരോഗമിക്കുന്നതായി കാണുന്നു.

17. ഇതിന്റെ ഗൗരവം പരിഗണിക്കു മ്പോൾ, അതിശ്രദ്ധയോടുള്ള ആസൂത്രണ വും ഇതിന്റെ നടപ്പാക്കലിലുള്ള ക്രൂര സ്വഭാവവും ക്രിമിനലുകളെ ഏർപ്പെടുത്തി ക്കൊണ്ട് ഒരു സ്ത്രീയോട് പ്രതികാരം വീട്ടുന്നതിനായി അവരെ ലൈംഗികമായി പീഡിപ്പിച്ച് നടത്തിയ ഒരു കുറ്റമുള്ള കേസ് അസാധാരണ മായതാണ്. അങ്ങനെയുള്ള കേസുകളിൽ ജാമ്യം നൽകുന്നതിൽ കോടതികൾ ജാഗ്രത പാലിക്കേണ്ടതുണ്ട്.

18. ജാമ്യാപേക്ഷ നിരസിക്കുവാൻ പ്രചോദിപ്പിച്ചിട്ടുള്ള മറ്റൊരു പ്രധാന കാരണവുമുണ്ട്. ലൈംഗിക ആക്രമണം രേഖപ്പെടുത്തുവാൻ വേണ്ടി ഉപയോഗിച്ചിട്ടുള്ള നിർണ്ണായക ഘടക വസ്തു ആയ മൊബൈൽ ഫോണും വീഡിയോഗ്രാഫ് ചെയ്ത വസ്തുക്കൾ സൂക്ഷിച്ചിട്ടുള്ള മെമ്മറി കാർഡും കണ്ടെത്തിയിട്ടില്ലാത്തതാണ്. മെമ്മറി കാർഡ് ഇരയുടെ ജീവന് ഒരു നിർണ്ണായക ഭീഷണിയുണ്ടാക്കുന്നതും ഏതെങ്കിലും പ്രതികൾ അന്വേഷണത്തിലും മെമ്മറി കാർഡിലേ ലുള്ള പ്രോസിക്യൂഷൻ നടപടികളിലും ഇടപെടാൻ ശ്രമിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതക ളുമുള്ളതാണ്

19. പ്രശസ്തനായ ഒരു സിനിമാ നടനും, വിതരണത്തിലും സിനിമാ നിർമ്മാണത്തിലും ഇടപെട്ടിട്ടുള്ളതുമായ ഒരു തിയേറ്റർ ഉടമയുമാണ് ഹർജിക്കാരൻ. തീർച്ചയായും, അ.യാൾക്ക് ആ വ്യവസായത്തിൽ എടുത്തു പറയത്തക്ക സ്വാധീനം ഉണ്ട്. ആ സ്ഥിതിക്ക്, അതേ വ്യവസായത്തിൽ നിന്നു തന്നെയുള്ള ധാരാളം സാക്ഷികളെ ഹർജിക്കാരൻ, സ്വാധീനിക്കുവാനോ ഭീഷണിപ്പെടുത്തുവാനോയുള്ള സാധ്യത തള്ളിക്കളയുവാൻ കഴിയുന്നതല്ല.

മുകളിലെ വസ്തുതകൾ പരിഗണിക്കുമ്പോൾ, ഹർജിക്കാരന് ഈ ഘട്ടത്തിൽ ജാമ്യം അനുവദിക്കുന്നത് വളരെ നേരത്തെയാണെന്ന് എനിക്ക് തോന്നുന്നു. തദനുസൃതമായി, ജാമ്യാപേക്ഷ പരാജയപ്പെടുകയും തള്ളിക്കളയുകയും ചെയ്യുന്നു

## ഉത്തരവ്

ശിക്ഷാ നിയമ സംഹിതയിലെ 120 (ബി), 342, 366, 376 (ഡി), 411, 506 (1), 201, 212, 34 എങ്കീ വകുപ്പുകളിലും 2008-ലെ വിവര സാങ്കേതിക വിദ്യാ ആക്റ്റിലെ 66 (ഇ) യും 67 (എ) യും വകുപ്പുകളിലും കീഴിലുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 297/2017-ലെ 11-ാം പ്രതിയാണ് ഇതിലെ ഹർജിക്കാരൻ.

2. പ്രോസിക്യൂഷൻ കേസിന്റെ കാതലായ ഭാഗം ലഭ്യമായിട്ടുള്ള രേഖകളിനു നിന്നും മനസ്സിലാക്കാൻ കഴിയുന്നത് താഴെ പറയും പ്രകാരമാണ്:



5/529/17 -8

3. ധാരാളം സിനിമകളിനു പ്രധാന കഥാപാത്രമായി അഭിനയിച്ചിട്ടുള്ള ഒരു പ്രമുഖ മലയാള ചലച്ചിത്ര കലാകാരനാണ് ഇതിലെ ഹർജിക്കാരൻ. ഇര ഒരു അവിവാഹിതയും അവരുടെ പ്രശസ്തിക്ക് ധാരാളം സിനിമകൾ ഉള്ളതുമായ അറിയപ്പെടുന്ന ചലച്ചിത്ര നടിയാണ്. ഇതിലെ ഹർജിക്കാരൻ ഒരു പ്രമുഖ നടിയെ വിവാഹം ചെയ്തിരുന്നതും ആ വിവാഹ ബന്ധത്തിനു ഒരു കുട്ടി ജനിച്ചിട്ടുള്ളതുമണ്. അതിനുശേഷം, അവരുടെ കുടുംബത്തിനു ദാമ്പത്യപരമായ തർക്കങ്ങൾ ഉണ്ടാവുകയും അന്തിമമായി ഒരു കോടതി വഴിയുള്ള വേർപിരിയലിലേക്കു നയിക്കുകയും ചെയ്തു. ഇതിലെ ഹർജി ക്കാരൻ സംശയിക്കുന്നത്, ഇതിലെ ഇര, ഹർജി ക്കാരന്റെ മുൻഭാര്യയുടെ അടുത്ത ഒരു സുഹൃത്തും അയാളുടെ ദാമ്പത്യബന്ധത്തിനു വിള്ളലുണ്ടാക്കി യതിനു കാരണഭൂതയുമാണ് എന്നാണ്. പ്രതികാരം വീട്ടുന്നതിനായി, ഇരയെ തട്ടിക്കൊണ്ടു പോകാനും അവളുടെ നഗ്നചിത്രങ്ങൾ എടുക്കുവാനും ഒന്നാം പ്രതിക്ക് ഒന്നരക്കോടി രൂപ കൊടുറ്റാമെന്ന വാഗ്ദാനത്തിൽ അയാൾ ഒന്നാം പ്രതിയുമായി ഗൂഢാലോചന നടത്തിയതായി ആരോപിച്ചിരി ക്കുന്നു. ചലച്ചിത്ര നിർമ്മാണ യൂണിറ്റു കളുമായി നിരന്തര ബന്ധം പുലർത്തി യിരുന്നതും, ഒരു ക്രിമിനൽ പശ്ചാത്തലമുള്ള ഒരു ഡ്രൈവറാണ് ഒന്നാം പ്രതി.

4. 17-2-2017-ന് ഏകദേശം രാത്രി 7 മണിയോടു കൂടി ഇര അവരുടെ തൃശ്ശൂരിലെ വീട്ടിനു നിന്നും ചലച്ചിത്ര നിർമ്മാണ യൂണിക്കിനു നിന്നും ഒരു സിനിമയുടെ ജോലിക്ക് എത്തിച്ചേരുന്നതിനായി അവർക്ക് അയച്ചുകൊടുത്ത ഒരു മഹീന്ദ്ര എകസ്യുവി വാഹനത്തിനു കൊച്ചിയിലേക്ക് യാത്ര തിരിച്ചു. ഈ വാഹനം ദേശീയപാത യിലൂടെയാണ് സഞ്ചരിച്ചിരുന്നത്. രണ്ടാം പ്രതി ആ വാഹനത്തിന്റെ ഡ്രൈവർ ആയിരുന്നു. അയാൾ ഇരയ്ക്ക് ഒരു അപരിചിതനാണ്. ആരോപിക്കപ്പെടുന്നത് എന്തെന്നാൽ ഒന്നാം പ്രതിയും അയാളുടെ കൂട്ടുപ്രതികളും ഒരു വാനുമായി എയർ പോർട്ട് ജംഗ്ഷനു സമീപം കാത്തു നിൽക്കുകയും ഇരയുടെ വാഹനം സ്ഥലത്ത് എത്തിയപ്പോൾ, എക്സ്യുവി യുടെ പിൻഭാഗത്ത് വാൻ ഇടിക്കുകയും ഒരു കൃത്രിമ അപകടത്തിന്റെ വേദി ഒന്നാം പ്രതി സൃഷ്ടിക്കുകയും ചെയ്തു എന്നാണ്. അതിനുശേഷം, മൂന്ന്, നാല്, ആറ് പ്രതികൾ ബലമായി വാഹനത്തിനു പ്രവേശിക്കുകയും ഇരയെ പുറകുവശത്തെ ഇരിപ്പിടത്തിനു അന്യായമായി തടഞ്ഞു വയ്ക്കുകയും ചെയ്തു. അവർ വാഹനം കൊച്ചി നഗരത്തി ലേക്ക് ഓടിക്കുകയും ഒന്നാം പ്രതി വാൻ ഓടിച്ച് പിന്തുടരുകയും ചെയ്തു. അതിനു ശേഷം, ഒന്നാം പ്രതി വാഹനത്തിനു പ്രവേശിക്കുകയും സഞ്ചരിച്ചുകൊണ്ടിരുന്ന വാഹനത്തിനു വച്ച് അവരെ ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്തു. അവർ ലൈംഗികമായി പീഡിപ്പിക്കപ്പെട്ടു കൊണ്ടിരി ക്കുമ്പോൾ തന്നെ ഒന്നാം പ്രതി നിസ്സഹാ യയായ ഇരയുടെ ശരീരഭാഗഗ്ഗക്ക വളരെ അടുത്തു കാണത്തക്ക വിധത്തിൽ മുഴുവൻ സംഭവവും അയാളുടെ മൊബൈനു ഫോണിനു വീഡിയോഗ്രാഫ് നടത്തി. ലൈംഗികാതിക്രമം നടക്കുന്ന തിനിടയിൽ അവർ അയാളോട് സഹകരിക്ക ണമെന്ന് നിർദ്ദേശിക്കുകയും ഇത് മറ്റൊരാൾ അയാളെ ഏല്പിച്ച ഒരു ക്വട്ടേഷൻ പ്രകാരം ആണ് അത് ചെയ്യുന്നതെന്ന് വെളിപ്പെടു ത്തുകയും ചെയ്തു. മോചിപ്പിക്കാൻ വേണ്ടിയുള്ള ഇരയുടെ നിരന്തരമായ യാചന പരിഗണി ക്കാതെ അവരുടെ മേലുള്ള അതിക്രമം രാത്രി 11 വരെ തുടർന്നു. ഇതിനുശേഷം മുഖ്യപ്രതി അവരെ വിട്ടയച്ചു. രണ്ടാം പ്രതി ഡ്രൈവർ മാനസികമായി തകർന്ന ഇരയെ ഒരു സിനിമാ സംവിധായകന്റെ വീട്ടിലെ ത്തിക്കുകയും അയാളോട് അവർ മുഴുവൻ കാര്യങ്ങളും വെളിപ്പെടുത്തുകയും ചെയ്തു. പെട്ടെന്നു തന്നെ, സംഭവം പോലീസിനെ അറിയിക്കു കയും ചെയ്തു.

15. 18-02-2017-ന് രാവിലെ 3 മണിയ്ക്ക് ഇരയുടെ പ്രഥമ വിവര മൊഴി രേഖപ്പെടുത്തുകയും അവരെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയയാക്കുകയും ചെയ്തു. അന്വേഷണം ആരംഭിച്ചു. ക്രിമിനനു നടപടി നിയമ സംഹിതയിലെ 164-ാം വകുപ്പ് പ്രകാരം അവരുടെ മൊഴി മജിസ്ട്രേക്ക് മുമ്പാകെ രേഖപ്പെടുത്തുകയും ചെയ്തു. ഇത് വെളിപ്പെടുത്തുന്നത് എന്തെന്നാൽ സംഭവത്തിനിടയിൽ, ഗോവയിലെ ഒരു സിനിമാ ചിത്രീകരണ ത്തിനിടയിൽ അവരുടെ കാർ മുൻപ് ഓടിച്ചിരുന്ന ആളാണ് ഒന്നാം പ്രതിയെന്ന് ഇര തിരിച്ചറിഞ്ഞിട്ടുള്ളതുമാണ്. അന്വേഷണം നടക്കുന്നതിനിടയിൽ, ഡ്രൈവർ അറസ്റ്റിലാകുകയും ആത്യന്തികമായി ഇത് മറ്റ് ഏഴുപേരുടെ അറസ്റ്റിലേക്കു നയിക്കു കയും ചെയ്തു. ഇവരെ പ്രതി ചേർത്തു കൊണ്ട്, 17-04-2017-ൽ അന്തിമ റിപ്പോർട്ട് നൽകി. പ്രതികക്ക 1 മുതൽ 6 വരെയുള്ള ആളുകൾ പ്രധാന കുറ്റകൃത്യത്തിനു ഉൾപ്പെട്ടവരായും ഏഴാം പ്രതി, പ്രതിക്ക് അഭയം നൽകിയ കുറ്റകൃത്യത്തിന് ചുമത്തപ്പെടുകയും ചെയ്തു.

6. അന്തിമ റിപ്പോർട്ടിൽ, വ്യക്തമാക്കുന്നതെന്തെന്നാൽ, ഒരു അഭിഭാഷകനും കുറ്റകൃത്യത്തിനു ഉൾപ്പെട്ടിട്ടുള്ളതായും അയാക്കക്കെതിരെ ഒരു പ്രത്യേക കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ് എന്നതാണ്. വലിയ ഗൂഢാലോചനയെപ്പറ്റി അന്വേഷിക്കുവാനുള്ള അന്വേഷണ സംഘത്തിന്റെ അവകാശവും ഏർപ്പാടാക്കിയിട്ടുണ്ട്. വിഷയം ഇപ്പോൾ അങ്കമാലി ജുഡീഷ്യനു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ സി.പി.നം. 17/2017 ആയി തീർപ്പാകാതെ ഇരിക്കുന്നു. എങ്ങനെയായിരുന്നാലും, ഗൂഢാലോചനയിലുള്ള അന്വേഷണം തുടർന്നു. ആ സമയത്ത് ഇതിലെ ഹർജിക്കാരന്റെ ഇടപെടൽ വെളിവായിട്ടില്ലാത്തതാണ്.

7. ഇതിനിടയിൽ, ഇതിലെ ഹർജിക്കാരൻ പോലീസ് ഡയറക്ടർ ജനറനു മുമ്പാകെ കുറച്ചു സാമൂഹ്യ മാദ്ധ്യമ സംഘങ്ങളും അജ്ഞാതവൃത്തങ്ങളും സിനിമാ നടി ഉൾപ്പെട്ട മേൽ സംഭവുമായി ബന്ധപ്പെട്ട് അയാളെ മാനഹാനിപ്പെടുത്തുവാനും പീഡിപ്പിക്കുവാനും ശ്രമിക്കുന്നതായി ആരോപിച്ചുകൊണ്ട് 20-04-2017-ന് തീയതി വച്ച് 22-04-2017-നു ഒരു ലിഖിത പരാതി നൽകി. ഒന്നാം പ്രതിക്കു വേണ്ടി എന്നവകാശപ്പെട്ടുകൊണ്ട്, ഉപേക്ഷ ഉണ്ടാകുന്ന പക്ഷം ഇതിലെ ഹർജിക്കാരനെ മുകളിലത്തെ കേസുമായി ബന്ധിപ്പി ക്കുമെന്ന ഒരു ഭീഷണി സഹിതം ധനസഹായം തേടിക്കൊണ്ട് ഒരു വിഷ്ണുവിനു നിന്നും അയാളുടെ സുഹൃത്ത് നാദിർഷായ്ക്ക് ഒരു ഫോൺ വിളി ലഭിച്ചിട്ടുണ്ടെന്ന് അതിൽ പ്രസ്താവിച്ചിരിക്കുന്നു. എന്നുതന്നെയുമല്ല 18-04-2017-നു ഹർജിക്കാരനെ അഭിസംബോധന ചെയ്തുകൊണ്ട്, അയാളിനു നിന്നും രണ്ടുകോടി രൂപ ആവശ്യപ്പെട്ടുകൊണ്ടും, ഉപേക്ഷ ഉണ്ടാകുന്ന സംഗതിയിൽ ഹർജിക്കാരന്റെ ജോലി നശിപ്പിക്കുന്നതാ ണെന്നും ഉള്ള, ഒന്നാം പ്രതി എഴുതിയെ ന്നാരോപിക്കുന്ന ഒരു കത്ത് അയാളുടെ ഡ്രൈവർ അപ്പുണ്ണിയ്ക്ക് വാട്ട്സ് ആപ്പ് വഴി കിട്ടിയിട്ടും ഉള്ളതാണ്.

8. അന്വേഷണത്തിനിടയിനു, ഇതിലെ ഹർജിക്കാരനേയും നാദിർഷായേയും അപ്പുണ്ണിയേയും വിശദമായി ചോദ്യം ചെയ്യുക ഉണ്ടായി ഉണ്ടായി. അതിനുശേഷം, ഒന്നരക്കോടി രൂപാ നനുകാമെന്ന ഒരു വാഗ്ദാനത്തിനു ഇരയുടെ നഗ്നചിത്രങ്ങൾ എടുക്കുന്നതിനു വേണ്ടി ഒന്നാം പ്രതിയെ ഏർപ്പാടാക്കി എന്നാരോപിച്ചുകൊണ്ട് ഹർജിക്കാരനെ 10-07-2017-നു അറസ്റ്റു ചെയ്യുകയും ചെയ്തു. 2015 ഡിസംബറിനു മുൻകൂറായി ഒരു തുകയായ രൂപാ 10,000/- ഹർജിക്കാരൻ കൊടുത്തതായി ആരോപിക്കുന്നു. അറസ്റ്റുചെയ്ത തീയതിക്കുശേഷം

ഹർജിക്കാരൻ കസ്റ്റഡിയിലാണ്. ഹർജിക്കാരൻ തീർത്തും നിരപരാധിയാണെന്നും ഒരു വേരുറച്ച ഗൂഢാലോചനയുടെ ഫലമായി, കുറ്റകൃത്യത്തിനു തിരഞ്ഞു കെട്ടപ്പെട്ടതാണെന്നും വാദിച്ചുകൊണ്ട് ഹർജിക്കാരൻ ജാമ്യം തേടുന്നു.

9. റിമാൻഡ് റിപ്പോർട്ടിനു സൂചിപ്പി ച്ചിട്ടുള്ള 19 സാഹചര്യങ്ങളിൽ യാതൊന്നും ഹർജിക്കാരനുമായി ബന്ധമില്ലന്നു ഹർജിക്കാരനു വേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ വാദിച്ചു. അയാളെ സംഭവവുമായി ബന്ധപ്പെടുത്തുന്നതിനോ ഗൂഢാലോചനയുടെ ഏതെങ്കിലും അംശവുമായി ബന്ധപ്പെടുത്തുന്നതിനോ തെളിവിന്റെ ഒരു കണികപോലും തീർച്ചയായും ഇല്ലാത്തതാണ്. ഇത് കൂടാതെ വാദിച്ചിട്ടുള്ളതെന്തന്നാൽ, പ്രസിദ്ധനായ കലാകാരനായ ഹർജിക്കാരൻ ഉണ്ടായിരുന്നിടത്തെല്ലാം ഒന്നാം പ്രതിയും ഉണ്ടായിരുന്നു എന്ന് അനുമാനിക്കുന്നതുകൊണ്ടു മാത്രം ഗൂഢാലോചന തെളിയിക്കാൻ പര്യാപ്തമാകുന്നില്ല എന്നതാണ്. അയാളുടെ അറസ്റ്റിനു മുമ്പായി ആരംഭത്തിനു പതിമൂന്ന് മണിക്കൂറും തുടർന്ന് പത്ത് മണിക്കൂറും ഹർജിക്കാരനെ ചോദ്യം ചെയ്തതായി ഇവിടെ കൂടുതലായി വാദിക്കപ്പെട്ടിട്ടുണ്ട്. അതിനുശേഷം, മൂന്നു ദിവസത്തേക്ക് അയാളെ പോലീസ് കസ്റ്റഡിയിൽ വിട്ടിട്ടുള്ളതാണ്. ആ സ്ഥിതിയ്ക്ക്, അന്വേഷണത്തിന്റെ കൂടുതലായിട്ടുള്ള ആവശ്യത്തിലേക്കായി ഹർജിക്കാരന്റെ ആവശ്യമില്ലാത്തതും തത്ഫലമായിട്ടുള്ള അയാളുടെ കൂടുതനു തടവ് നീതീകരിക്കാനാവാത്തതുമാണ്, പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ വാദിച്ചു.

10. നേരെ മറിച്ച്, ഹർജിക്കാരനാണ് കുറ്റകൃത്യത്തിന്റെ സൂത്രധാരനെന്ന് പാണ്ഡിത്യമുള്ള പ്രോസിക്യൂഷൻ ഡയറക്ടർ ജനറനു വാദിച്ചു. അയാളാണ് ഒന്നാം പ്രതിയായ അറിയപ്പെടുന്ന കുറ്റവാളിക്ക് ഹീനമായ കുറ്റം നടത്തുന്നതിന് ക്വട്ടേഷൻ കൊടുത്തത്. പ്രതികാരം വീട്ടുന്നതിനായി ഒരു ഇരയെ ലൈംഗിക ചൂഷണം ചെയ്യുന്നതിനായി ക്വട്ടേഷൻ കൊടുക്കുന്നത് കേട്ടിട്ടു പോലുമില്ലെന്നു കൂടുതലായി വാദിച്ചിട്ടുണ്ട്. ഹർജിക്കാരൻ ഒന്നാം പ്രതിയുമായി ഗൂഢാലോചന നടത്തിയതായി സ്ഥാപിക്കുന്നതിന് ഇവിടെ ശക്തിയേറിയതും, മുറുകെപ്പിടിക്കുന്നതും, നേരിട്ടും, നേരിട്ടല്ലാതെയും, സാഹചര്യവും ശാസ്ത്രീയവുമായ തെളിവ് ഉള്ളതായി ഇവിടെ കൂടുതലായി വാദിച്ചിട്ടുണ്ട്.

11. ഗൂഢാലോചന രഹസ്യമായി ആസൂത്രണം ചെയ്തിട്ടുള്ളതുകൊണ്ട് നേരിട്ടുള്ള തെളിവ് ദുർലഭമായേ ലഭ്യമാകുകയുള്ളൂ എന്നതിനു സംശയമില്ല. പ്രോസിക്യൂഷൻ ഗൂഢാലോചന ആരോപിക്കുവാൻ ശ്രമിക്കുകയും ഇതിലെ ഹർജിക്കാരനെ സാഹചര്യത്തെളിവുകളുടെ അടിത്താനത്തിനു കേസുമായി ബന്ധിപ്പിക്കുവാൻ ശ്രമിക്കുകയുമാണ്. ഇതിലെ ഹർജിക്കാരന് ഒന്നാം പ്രതിയെ അറിയുകയില്ലെന്നും അയാളെ കാണുന്നതിനു അയാൾക്ക് യാതൊരു അവസരമുണ്ടായിട്ടില്ലെന്നുമുള്ള ഒരു ഉറച്ച നിലപാട് ഹർജിക്കാരന് ഉണ്ട് എന്ന ഒരു നിഗമനത്തിലാണ് അന്വേഷണസംഘം മുന്നോട്ടു പോകുന്നതെന്നതാണ്. ഇത് വെളിപ്പെടുത്തുന്നത്, ഹർജിക്കാരൻ 20-04-2017 പോലീസ് ഡയറക്ടർ ജനറനു മുമ്പാകെ സമർപ്പിച്ചിട്ടുള്ള പരാതി, ഒന്നാം പ്രതിയാൽ ഹർജിക്കാരന്റെ കുറ്റകൃത്യത്തിലുള്ള ഇടപെടൽ വെളിപ്പെടുത്തുന്നത് മാറ്റിവയ്ക്കുന്നതിനുള്ള ഒരു ബുദ്ധിപരമായ നീക്കമാണ് എന്ന മറ്റൊരു നിഗമനത്തി ലുമാണ് അന്വേഷണം മുമ്പോട്ട് കൊണ്ടുപോകുന്നത്. പാണ്ഡിത്യമുള്ള പോലീസ് ഡയറക്ടർ ജനറനു രേഖകളിലൂടെ ലഭ്യമായ വസ്തുതകളെ ആശ്രയിക്കുകയും ഹർജിക്കാരന്റെ ഗൂഢാലോചനയിലുള്ള പങ്ക് സ്ഥാപിക്കു ന്നതിനുവേണ്ടി ആവശ്യമായ

വസ്തുക്കൾ അന്വേഷണത്തിലൂടെ ശേഖരിച്ചിട്ടുള്ളതായി വാദിക്കുകയും ചെയ്തു. അവ രണ്ടു വിഭാഗങ്ങളിൽപ്പെടുന്നു. ആ വസ്തുക്കൾ യഥാർക്ക കുറ്റകൃത്യം നടക്കുന്നതിനു മുമ്പുള്ള വസ്തുക്കളും കുറ്റം നടന്നതിനു ശേഷമുള്ള പ്രതിയുടെ സ്വഭാവവുമാണ്.

12. തീർച്ചയായും, 17-02-2017-നു നടന്ന സംഭവം വളരെ ഗൗരവമുള്ളതാണ്. ഒരു യുവനടിയെ തിരക്കേറിയ ദേശീയപാതയിനു വച്ച് തട്ടിക്കൊണ്ടുപോകുകയും, ഏകദേശം രണ്ടര മണിക്കൂറോളം സിറ്റിയിലൂടെ കൊണ്ടുപോകുകയും, ഓടിക്കൊണ്ടി രിക്കുന്ന ഒരു കാറിനകത്ത് വച്ച് ഞെട്ടിക്കുന്ന ഹീനമായ ലൈംഗിക ചൂഷണത്തിന് വിധേയയാക്കുകയും വീഡിയോഗ്രാഫ് നടത്തുകയും ചെയ്തിട്ടുണ്ട്. കാറിനു വച്ചു തന്നെ ഇര ഒന്നാം പ്രതിയെ തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ ത്തന്നെ, സംഭവം പോലീസിനെ അറിയിക്കു കയും, സ്വഭാവത്തിനു സംശയകരമായി കാണപ്പെട്ട രണ്ടാം പ്രതി ഡ്രൈവറെ സംഭവത്തിനുശേഷം ഉടൻ തന്നെ അറസ്റ്റ് ചെയ്യുകയും ചെയ്തു. വളരെ ക്രൂരവും പൈശാചികവും സമൂഹ മന:സാക്ഷിയെ ഇളക്കുന്ന രീതിയിലുമാണ് കുറ്റകൃത്യം നടത്തിയിട്ടുള്ളത്.

13. അന്വേഷണ സംഘം ആരോപിക്കുന്നതെന്തെന്നാൽ ഇതിലെ ഹർജിക്കാരനു കുറ്റം ചെയ്യണമെന്നുള്ളതിന് ഒരു വ്യക്തമായ ഉദ്ദേശ്യം ഉണ്ട് എന്നതാണ്. ഇവിടെ ആരോപിക്കുന്നതെന്തെന്നാൽ, ഇതിലെ ഹർജിക്കാരൻ സംശയിക്കുന്നത് ഇരയാണ് അയാളുടെ വിവാഹബന്ധം തകരുന്നതിന് കാരണഭൂതയായതെന്നതാണ്. ഹർജിക്കാരനെക്കുറിച്ചുള്ള വിവരഗ്ഗക്ക ഹർജിക്കാരന്റെ മുൻഭാര്യയോട് കൈമാറ്റം ചെയ്ത് ഇര അയാളുടെ കുടുംബജിവിതം തകർത്തതായി ഹർജിക്കാരൻ വിശ്വസിക്കുന്നു. ഹർജിക്കാരനും ഇരയും തമ്മിലുള്ള ബന്ധം വഷളായി എന്നു കാണിക്കുന്നതിന് രേഖകളിനു ആവശ്യമുള്ളത്ര വസ്തുതകക്ക ലഭ്യമാണ്. അതിനുശേഷം ഇരയ്ക്ക് സിനിമകളിനു അഭിനയിക്കുന്നതിനു കുറെ അവസരങ്ങൾ നഷ്ടപ്പെട്ടതായും അത് അവളുടെ ഉപജീവനമാർഗ്ഗമായ തൊഴിലിനെ ബാധിച്ചതായും കുറച്ചു ആളുകളുടെ പ്രസ്താവനകളും ഇവിടെ ഉണ്ട്.

14. ഗൂഢാലോചനയുടെ മൂലം സ്ഥാപിക്കുവാൻ വേണ്ടി ആരോപിക്കപ്പെടുന്നതെന്തെന്നാൽ ഇതിലെ ഹർജിക്കാരൻ അഞ്ച് വ്യത്യസ്ത നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഒന്നാം പ്രതിയെ കണ്ടുമുട്ടിയിട്ടുണ്ടെന്നും അവിടെ വച്ച് ഗൂഢാലോചന ആസൂത്രണം ചെയ്തിട്ടുള്ളതുമാണ് എന്നതാണ്. ഹർജിക്കാരൻ പറഞ്ഞതുപോലെയുള്ള പ്രവർത്തി ചെയ്യുന്നതിന് ഒന്നാം പ്രതിക്ക് വലിയ തുക നൽകാമെന്നു വാഗ്ദാനം ചെയ്യുകയും ചെയതതായി ആരോപിച്ചിട്ടുള്ള ഒരു ഹോട്ടൽ ആണ്. ഇതിലെ ഹർജിക്കാരന്റെ പേരിലാണ് മുറി ബുക്ക് ചെയ്തത് എന്ന് സ്ഥാപിക്കുവാൻ വേണ്ടി പ്രോസിക്യൂഷൻ ഹോട്ടൽ രേഖകളെ ആശ്രയിക്കുന്നു. ഒരേസമയത്ത് പ്രതിയുടേയും ഹർജിക്കാരന്റേയും സാന്നിദ്ധ്യം അഞ്ചു സ്ഥലങ്ങളിലുമുളളത് സ്ഥാപിക്കുന്നതിനായി ഫോൺ വിളികളുടെ രേഖാവിശദാംശങ്ങൾ മൊബൈൽ ടവറുകളുടെ സ്ഥാനം, നേരിട്ടുള്ള വാചിക തെളിവുകൾ എന്നിവ അന്വേഷണ സംഘം ശേഖരിച്ചിട്ടുള്ളതാണ്. ഹർജിക്കാരനുമായിട്ടുള്ള ഗൂഢാലോചനയെപ്പറ്റി ഒന്നാം പ്രതി അന്വേഷണത്തിലും മറ്റുള്ളവരോടും നടത്തിയിട്ടുള്ള വെളിപ്പെടുത്തലുകൾ ധാരാളം നിർണ്ണായക വസ്തുക്കളും വസ്തുതകളും കണ്ടെത്തുന്നതിലേക്ക് നയിച്ചിട്ടുള്ളതാണ്.

15. പ്രോസിക്യൂഷന് ഒരു കേസ് ഉള്ളതെന്തെന്നാൽ, ഒന്നാം പ്രതി അയച്ചിട്ടുള്ളതെന്ന് ആരോപിക്കുന്ന കത്ത് അതൊരു ഭീഷണിക്കത്തിന്റെ രൂപത്തിലോ അല്ലങ്കിൽ ഹർജിക്കാരനെ ഭീഷണിപ്പെടുത്തി പണം വാങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ

തെളിവാകുന്നില്ല എന്നതാണ്. ആരോടാണോ ഒന്നാം പ്രതി ഗൂഢാലോചനയെപ്പറ്റിയുള്ള വെളിപ്പെടുത്തലുകൾ നടത്തിയതായി ആരോപിച്ചിട്ടുള്ളത് അങ്ങനെയുള്ള ചില ആളുകളുടെ പ്രസ്താവനകളും ലഭ്യമാണ്. രേഖയിലുള്ളതെന്തെന്നാൽ ഒന്നാം പ്രതിയുടെ അറസ്റ്റിനുശേഷം, ഒന്നാം പ്രതി ജയിലിനകത്തേക്ക് രഹസ്യമായി ഒരു മൊബൈനു ഫോൺ കൊണ്ടുപോകുകയും അയാൾ ധാരാളം ആളുകളുമായി ബന്ധപ്പെടുകയും ചെയ്തു എന്നതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന മൊബൈൽ ഫോണിലേയും ജയിലിനു സൗകര്യപ്പെടു ത്തിയിട്ടുള്ള കോയിൻബോക്സ് ലാന്റ് ലെയിൻ ടെലിഫോണിലേയും ഫോൺ വിളി വിശദാംങ്ങൾ, ഒന്നാം പ്രതി സംശയിക്കപ്പെടുന്ന ചില ആൾക്കാരു മായിട്ടും ഹർജിക്കാരനുമായി ബന്ധപ്പെട്ട ചില ആളുകളുമായിട്ടും നടത്തിയിട്ടുള്ള തുടർച്ചയായ ഫോൺ വിളികളും അവർക്കിടയിലുള്ളതുമായ ഫോൽ വിളികളാണെന്ന് കാണുന്നു. ഓരോ ആളുകളുടേയും ടവർ സ്ഥാനങ്ങളിലൂടെയുള്ള തമ്മിൽ ബന്ധപ്പെട്ടുകൊണ്ടുള്ള നിരവധി ഫോൺ വിളികളുടെ വിശദാംശങ്ങൾ അന്വേഷണ ഏജൻസി പുറത്തുകൊണ്ടുവന്നു. ഹർജിക്കാരനുമായി ബന്ധപ്പെടുന്ന തിനുവേണ്ടി കുറച്ചു സ്രോതസ്സുകളിലൂടെ വിഷ്ണു നടത്തിയിട്ടുള്ള ശ്രമങ്ങളുടെ വിശദാംശഗ്ഗളും രേഖയിലുണ്ട്. ജയിലിൽ നിന്നു തന്നെയാണ് ഒന്നാം പ്രതി കത്തെഴുതിയിട്ടുള്ളതെന്ന് രേഖകൾ സൂചിപ്പിക്കുന്നു. കുറ്റകൃത്യം നടന്നശേഷം പെട്ടെന്നു തന്നെ പ്രതി ഒരു കൂട്ടുപ്രതിയോടൊപ്പം മൊബൈലും മെമ്മറി കാർഡും ഹർജി ക്കാരന്റെ കൂട്ടാളികൾക്ക് കൈമാറാൻ ശ്രമിച്ചതായി വസ്തുതകൾ സൂചിപ്പിക്കുന്നു.

16. മുകളിലെ വസ്തുതകൾ ഹർജിക്കാരന്റെ കുറ്റകൃത്യത്തിലുള്ള ഇടപെടൽ സംശയിക്കുന്നതിന് പ്രഥമ ദൃഷ്ട്യാ വസ്തുതകൾ ഉള്ളതായാണ് കാണിക്കുന്നത്. അന്വേഷണം ഇപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇത് ഇപ്പോഴും ഒരു നിർണ്ണായക ഘട്ടത്തിലാണ്. മാനേജർ അപ്പുണ്ണി ഒളിവിലാണെന്നും ഇടപെട്ടിട്ടുള്ള അഭിഭാഷകനെ ഫലപ്രദമായി ചോദ്യം ചെയ്യേണ്ടതുണ്ടെന്നും പാണ്ഡിത്യ മുള്ള പ്രോസിക്യൂഷൻ ഡയറക്ടർ ജനറനു ബോധിപ്പിച്ചിരിക്കുന്നു. പാണ്ഡിത്യമുള്ള ഡി.ജി.പി മറ്റുള്ള ആളുകളെയും കൂടി കുറ്റകൃത്യത്തിനു ഉക്കപ്പെടുത്തുന്നതിനുള്ള സാദ്ധ്യതയും തള്ളിക്കളയുന്നില്ല. അന്വേഷണം പുരോഗമിക്കുന്നതായി കാണുന്നു.

17. ഇതിന്റെ ഗൗരവം പരിഗണിക്കു മ്പോൾ, അതിശ്രദ്ധയോടുള്ള ആസൂത്ര ണവും ഇതിന്റെ നടപ്പാക്കലിലുള്ള ക്രൂര സ്വഭാവവും ക്രിമിനലുകളെ ഏർപ്പെടുത്തി ക്കൊണ്ട് ഒരു സ്ത്രീയോട് പ്രതികാരം വീട്ടുന്നതിനായി അവരെ ലൈംഗികമായി പീഡിപ്പിച്ച് നടത്തിയ ഒരു കുറ്റമുള്ള കേസ് അസാധാരണമായതാണ്. അങ്ങനെയുള്ള കേസുകളിൽ ജാമ്യം നൽകുന്നതിനു കോടതികക്ക ജാഗ്രത പാലിക്കേണ്ടതുണ്ട്.

18. ജാമ്യാപേക്ഷ നിരസിക്കുവാൻ പ്രചോദിപ്പിച്ചിട്ടുള്ള മറ്റൊരു പ്രധാന കാരണവുമുണ്ട്. ലൈംഗിക ആക്രമണം രേഖപ്പെടുത്തുവാൻ വേണ്ടി ഉപയോഗിച്ചിട്ടുള്ള നിർച്ചായക ഘടക വസ്തു ആയ മൊബൈനു ഫോണും വീഡിയോഗ്രാഫ് ചെയ്ത വസ്തുക്കൾ സൂക്ഷിച്ചിട്ടുള്ള മെമ്മറി കാർഡും കണ്ടെത്തിയിട്ടില്ലാത്തതാണ്. മെമ്മറി കാർഡ് ഇരയുടെ ജീവന് ഒരു നിർച്ചായക ഭീഷണിയുണ്ടാക്കുന്നതും ഏതെങ്കിലും പ്രതികൾ അന്വേഷണത്തിലും മെമ്മറി കാർഡിന്മേലുള്ള പ്രോസിക്യൂഷൻ നടപടികളിലും ഇടപെടാൻ ശ്രമിക്കുന്ന തിനുള്ള എല്ലാ സാദ്ധ്യതകളുമുള്ളതാണ്.

19. പ്രശസ്തനായ ഒരു സിനിമാ നടനും, വിതരണത്തിലും സിനിമാ നിർമ്മാണത്തിലും ഇടപെട്ടിട്ടുള്ളതുമായ ഒരു തിയേറ്റർ ഉടമയുമാണ് ഹർജിക്കാരൻ. തീർച്ചയായും, അയാൾക്ക് ആ വ്യവസായത്തിനു എടുത്തുപറയത്തക്ക സ്വാധീനം ഉണ്ട്. ആ സ്ഥിതിക്ക്, അതേ വ്യവസായത്തിനു നിന്നു തന്നെയുള്ള ധാരാളം സാക്ഷികളെ ഹർജിക്കാരൻ, സ്വാധീനിക്കുവാനോ ഭീഷണിപ്പെടുത്തുവാനോയുള്ള സാധ്യത തള്ളിക്കളയുവാൻ കഴിയുന്നതല്ല.

മുകളിലെ വസ്തുതകക്ക പരിഗണി ക്കുമ്പോൾ, ഹർജിക്കാരന് ഈ ഘട്ടത്തിനു ജാമ്യം അനുവദിക്കുന്നത് വളരെ നേരത്തെ യാണെന്ന് എനിക്ക് തോന്നുന്നു. തദനുസൃത മായി, ജാമ്യാപേക്ഷ പരാജയപ്പെടുകയും തള്ളിക്കളയുകയും ചെയ്യുന്നു.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ചീഫ് ജസ്റ്റിസ് നവനിതി പ്രസാദ് സിംഗ്

&

ബഹു. ജസ്റ്റിസ് വിജയരാഘവൻ. വി.

റിട്ട് അപ്പീൽ നമ്പർ. 2148/2016

തോമസ് സി കുഞ്ഞച്ചൻ

*അഭി*

കൊല്ലം റവന്യു ഡിവിഷണൽ ആഫീസറും മറ്റൊരാളും

2017 ആഗസ്റ്റ് 14-ന്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1959-ലെ കേരള മുദ്രപത്ര ആക്റ്റ് - വകുപ്പുകൾ 17, 18, 33, 34, 39 & 41- ഭാരതത്തിന് പുറമേവച്ച് എഴുതി കൊടുക്കുന്ന കാരണങ്ങൾ കേരള സംസ്ഥാനത്തിൽ ആദ്യം കിട്ടിയതിനുശേഷം മൂന്നുമാസക്കാല യളവിനുള്ളിൽ മുദ്ര വില പതിപ്പിക്കാവുന്നതാണ്. ആക്റ്റിലെ വകുപ്പ് 41 (2) സിംഗിൾ ജഡ്ജിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല. അതുകൊണ്ട് സിംഗിൾ ജഡ്ജിയുടെ വിധിന്യായം ദുർബലപ്പെടുത്തി- അപ്പീൽ അനുവദിച്ചു.

### വിധിന്യായം

**ചീഫ് ജസ്റ്റിസ് നവനിതി പ്രസാദ് സിംഗ്**

റിട്ട് ഹർജിക്കാരൻ/അപ്പീൽവാദി ഐക്യ അമേരിക്കൻ നാടുകളിൽ അയാളുടെ അമ്മയുമൊത്ത് താമസിക്കുന്നു. അവർക്ക് കേരള സംസ്ഥാനത്തിൽ കുറച്ചു വസ്തുക്കളുണ്ട്. അമ്മക്ക് പ്രായം ഏറെ ചെതിനാൽ, അവർ, യുഎസ്എ-യിലെ ടെക്സാസ് സംസ്ഥാനത്തിൽ വെച്ച് ഏതാനും ചില വസ്തുക്കളെ സംബന്ധിച്ച് അപ്പീൽ വാദിക്ക് അനുകൂലമായി ഒരു മുക്ത്യാർ പത്രമെഴുതി ഒപ്പിട്ടിട്ടു പൂർത്തിയാക്കി. യുഎസ്എ-യിൽ ഒപ്പിട്ട ഈ മുക്ത്യാർ പത്രം യു.എസ്സിലെ ഭാരത കോസുലേറ്റിൽ മേലൊപ്പു വയ്ക്കൽ നടത്തി. ഈ മുക്ത്യാർ പത്രത്തിന്റെ ബലത്തിൽ ഭാരതത്തിലുള്ള വസ്തുക്കളെ സംബന്ധിച്ച ധാരാളം കൈമാറ്റ കരണ ങ്ങളിൽ അപ്പീൽവാദി ഒപ്പിട്ടു പൂർത്തീകരിച്ചു. ചില ഇടപാടുകളെ സംബന്ധിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പുനലൂർ ശാഖയിൽ പ്രസ്തുത മുക്ത്യാർ പത്രം ഹാജരാക്കിയപ്പോൾ, അത് യഥാവിധി മുദ്ര വില പതിച്ചതല്ലെും അതിനാൽ അതനുസരിച്ച് പ്രവർത്തി ക്കുതിന് കഴിയുക ഇല്ലെും അപ്പീൽവാദിയെ അറിയി ച്ചിട്ടുണ്ട് എന്ന് ഇവിടെ കാണുന്നു. അത് ഉചിതമായി മുദ്ര വില പതിച്ചതാണോ അല്ലയോ എന്ന തീർപ്പിനായി, 1959-ലെ കേരള മുദ്രപത്ര ആക്റ്റിലെ (ചുരുക്കത്തിൽ ആക്റ്റ്) വകുപ്പ് 2 (സി) പ്രകാരം നിർവ്വചിച്ചിട്ടുള്ള കളക്ടർ ആയ കൊല്ലം റവന്യു ഡിവിഷണൽ ആഫീസറെ അപ്പീൽവാദി സമീപിച്ചു. കാലഹരണ സമയം കഴിഞ്ഞതിനാൽ ആ മുക്ത്യാർ പത്രത്തിന് മുദ്ര വില പതിപ്പിക്കുവാൻ കഴിയുതല്ലെന്ന് ഓാം എതിർകക്ഷി വെറുതെ പ്രസ്താവിച്ചു. ഈ

തീരുമാനമാണ് ഈ കോടതി മുമ്പാകെ എതിർക്ക പ്പെട്ടിട്ടുള്ളത്.

2. നമുക്ക് കേരള മുദ്രപത്ര ആക്റ്റിലെ വകുപ്പ് 18 ആദ്യമായി പരാമർശിക്കാവുതാണ്. അതിലെ ഉപവകുപ്പ് (2)-നെ സൂചിപ്പിച്ചു കൊണ്ട് മൂന്നു മാസ കാലാവധി കഴിഞ്ഞ താണെും യാതൊന്നും ചെയ്യാൻ കഴിയുത ല്ലെന്നും റവന്യു ഡിവിഷണൽ ആഫീസർ തീർപ്പ് കല്പിച്ചിരിക്കുതായി ഇതിൽ കാണുന്നു എന്നതാണ്. ആക്റ്റിലെ വകുപ്പ് 18 ഇപ്രകാരം വായിക്കാവുന്നതാണ്.

> '18 ഭാരതത്തിന് പുറമേവച്ച് എഴുതി കൊടുക്കുന്ന കരണങ്ങൾ (1) മുദ്രവില ചുമത്തത്തക്കതും ഭാരതത്തിന് പുറമേ വച്ചുമാത്രം എഴുതികൊടുക്കുതുമായ എല്ലാ കരണങ്ങൾക്കും അവ കേരള സംസ്ഥാന ത്തിൽ ആദ്യം കിട്ടിയതിനുശേഷം മൂന്നു മാസങ്ങൾക്കുള്ളിൽ മുദ്ര പതിപ്പിക്കാ വുന്നതാണ്.
>
> (2) ആ വക കരണത്തിന് നിർണ്ണയിച്ച മുദ്ര വിലയുടെ വിവരണത്തെ സംബന്ധി ച്ചിടത്തോളം അതിനു സ്വകാര്യ വ്യക്തി മുദ്ര പതിച്ചാൽ ശരിപ്പെടാത്തതായിരിക്കു പക്ഷം ആ മൂന്നു മാസക്കാലത്തിനുള്ളിൽ അതിനെ കളക്ടറുടെ അടുക്കൽ കൊണ്ടുപോകാ വുന്നതും കളക്ടർ ആ കരണം ഹാജരാ ക്കുയാൾ ആവശ്യപ്പെടുതും അടക്കുതുമായ വിലക്കുള്ള ഒരു മുദ്ര കൊണ്ട് ചട്ടങ്ങളിൽ സർക്കാർ നിർണ്ണിക്കാവു ന്ന വിധത്തിൽ അതിന്മേൽ മുദ്ര പതിച്ചു കൊടുക്കേണ്ടതു മാകുന്നു.'

ആക്റ്റിലെ വകുപ്പ് 17-ൽ ഒരു കരണം മുദ്ര വെക്കുന്ന സമയത്തെ സംബന്ധിച്ചിട്ടുള്ള സാധാരണ ചട്ടം വിനിർദ്ദേശിച്ചിട്ടുന്നെണ്ട് ഇവിടെ ഞങ്ങൾ ശ്രദ്ധിച്ചു. ഒപ്പിട്ടു പൂർത്തീകരിക്കു സമയത്തോ അതിന് മുമ്പായിട്ടോ വേണം അതിൽ മുദ്ര പതിക്കേണ്ടതായിട്ടുള്ളത്. വകുപ്പ് 18, ഭാരതത്തിന് വെളിയിൽ ഒപ്പിട്ടു പൂർത്തീകരിച്ച കരണങ്ങളെ സംബന്ധിച്ചിട്ടുള്ള ഒരു ഒഴിവാക്കൽ ആകുന്നു. ഭാരതത്തിൽ ആദ്യം കിട്ടിയതു മുതൽ മൂു മാസത്തിനുള്ളിൽ മുദ്ര പതിപ്പിക്കുതിന് അത് വ്യവസ്ഥ ചെയ്യുന്നു.

3. ആക്റ്റിലെ വകുപ്പ് 33 വ്യക്തമായി വ്യവസ്ഥ ചെയ്യുതെന്തെന്നാൽ, ഒരു പൊതു ആഫീസിന്റെ ചുമതലയിലുള്ള ഒരാളിന്റെ മുമ്പാകെ മുദ്ര വില ചുമത്തപ്പെടേണ്ട ഒരു കരണം അതിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള മുദ്ര വില അടച്ചിട്ടില്ലാത്തത് ഹാജരാക്കപ്പെടു മ്പോൾ, അയാൾ അത് ബന്തവസിൽ വെക്കേണ്ടതും ആയത് കളക്ടർക്ക് അയച്ചു കൊടുക്കേണ്ടതുമാണ് എന്നത് എന്നു വരികിലും ഞങ്ങൾക്ക് ചൂണ്ടിക്കാണി ക്കാവുന്നതാണ്. ആ രേഖ ബന്തവസിൽ വെക്കപ്പെടുമ്പോൾ, ആക്റ്റിലെ വകുപ്പ് 34 വ്യവസ്ഥ ചെയ്യുതതെന്താൽ യഥാവിധി മുദ്ര പതിപ്പിക്കാത്ത ഒരു കരണം തെളിവായി സ്വീകരിക്കുവാൻ കഴിയുതല്ലെതാണ്. എന്നാൽ, ആക്റ്റിലെ വകുപ്പ് 39 ലേക്ക് വരുമ്പോൾ, ബന്തവസിൽവെക്കപ്പെട്ട കരണത്തിനെ കളക്ടർക്ക് മുദ്ര പതിപ്പിക്കു ന്നതിന് വ്യക്തമായി പ്രാധികാരം നൽകുന്നതും, അത് ഒരിക്കൽ പിഴ ഉൾപ്പെടെയുള്ള മുദ്ര പതിച്ചശേഷം, ആക്റ്റിലെ വകുപ്പ് 41 പ്രകാരമുള്ള പരിണിതഫലത്തിനെ പിന്തുടരാവുന്നതും അതിനുശേഷം എല്ലാ ആവശ്യങ്ങൾക്കുമായി അത് സാധുവായ ഒരു കരണമായി തീരുന്നതുമാണ്.

4. ഈ ആക്റ്റു പ്രകാരം ഉള്ള ഒരു കളക്ടർ ആയിരിക്കെ, ഈ വ്യവസ്ഥകൾ തീർച്ചയായും അറിഞ്ഞിരിക്കേണ്ട റവന്യു ഡിവിഷണൽ ആഫീസർ അദ്ദേഹത്തിന്റെ കർത്തവ്യത്തിൽ നിന്നും ഒഴിഞ്ഞുമാറിയതിൽ ഞങ്ങളെ നിശ്ചയമായി ഞെട്ടിച്ചു. അധികമായ സാങ്കേതികത്വത്തിൽ ഉറച്ചു നിൽക്കുന്നതിനു പകരം, അയാൾ, ആ രേഖയിൽ യഥാവിധി മതിയായ മുദ്ര വില പതിപ്പിച്ചിട്ടില്ലെന്നും അതുകൊണ്ട് അത് ബന്തവസിൽ വെക്കുന്നതിന് ആവശ്യമായിരിക്കുകയാണെും



5/529/17 -9

മുദ്ര വിലയിലുള്ള വ്യത്യാസവും, പിഴയും അടക്കുതിന് റിട്ട് ഹർജിക്കാരൻ അപ്പീൽ വാദിയോട് ആവശ്യപ്പെടുന്നതിന് അയാൾക്ക് തീർച്ചയായും സൂചിപ്പിക്കുവാൻ കഴിയുന്നതായിരുന്നു. ഒരിക്കൽ അത് ചെയ്താൽ, ആ കരണത്തിന് വീണ്ടും സാധുത ലഭിക്കും. എന്നാൽ അയാൾ യാതൊന്നും മിണ്ടാതിരിക്കുതിന് തിരഞ്ഞെടുക്കുകയും ഹർജിക്കാരനെ ഈ കോടതി വരാന്തയിലേക്ക് വലിച്ചിഴക്കുകയും ചെയ്തു. ഇതിന്റെ പരിണിതഫലമെന്തെന്നാൽ ഈ കോടതി ഉൾപ്പെടെ എല്ലാപേരുടേയും സമയവും പണവും പാഴാക്കി എന്നതുമാത്രമാണ്. എങ്കിലും, മേൽ പറഞ്ഞ നിയമ പദ്ധതിയുടെ അടിസ്ഥാനത്തിൽ, ഓം എതിർ കക്ഷി കൊല്ലം റവന്യു ഡിവിഷണൽ ആഫീസറോട് അയാളുടെ മുമ്പിൽ ഹാജരാക്കു ആ രേഖ ബന്തവസിൽ വെക്കുന്നതിനും മുദ്ര വിലയിലുള്ള വ്യത്യാസത്തിലും പിഴയിലും ഉള്ള ഒടുക്കൽ ഉറപ്പുവരുത്തുന്നതിനും ആയതു ഉടൻ മേലെഴുത്തു നടത്തി വീണ്ടും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിന് ഇടവരുത്താതെ ആ രേഖ അപ്പീൽവാദിക്ക് മടക്കി നൽകുന്നതിനും ഞങ്ങൾ നിർദ്ദേശിക്കുന്നു. അപ്രകാരം മേലെഴുത്ത് നടത്തിയ ആ രേഖ അപ്പോൾ ആക്റ്റിലെ വകുപ്പ് 41(2)-ന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രാവർത്തികമായ ആവശ്യങ്ങൾക്കും ഒരു സാധുവായ രേഖയായി തീരുന്നതാണ്, ആ വ്യവസ്ഥ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടില്ലാത്തതാണ്. ഞങ്ങൾ അതുകൊണ്ട്, സിംഗിൾ ജഡ്ജിയുടെ വിധിന്യായം ദുർബലപ്പെടുത്തുവാൻ നിർബന്ധിതരാകുതും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സഹിതം അപ്രകാരം ഈ അപ്പീൽ അനുവദിക്കുകയും ചെയ്യുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ചീഫ് ജസ്റ്റിസ് നവനിതി പ്രസാദ് സിംഗ്**

**&**

**ബഹു. ജസ്റ്റിസ് വിജയരാഘവൻ. വി.**

**ഷാഹൂൽ ഹമീദ്**

*അഭി*

**ഷാജി ജോസഫും മറ്റുള്ളവരും**

**കോടതി അലക്ഷ്യ (സിവിൽ) കേസ് നമ്പർ. 1488/2017**

**2017 സെപ്തംബർ 25-ന് വിധി കല്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ക്രെയിൻ ഉപയോഗിച്ച് തടികളുടെ കയറ്റിറക്കം നടത്തുത് ഒരു യാന്ത്രിക പ്രക്രിയയാണ് ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. ആ പ്രക്രിയയിൽ യാതൊരു തൊഴിലാളിയും തടി കയറ്റുകയോ ഇറക്കുകയോ ചെയ്യുന്നില്ല, എന്നാൽ ആ ജോലി ക്രെയിൻ ഫല പ്രദമായി നടത്തുന്നു. ഹർജിക്കാരനെ ക്രെയിൻ ഉപ യോഗിക്കുന്നതിൽ നിന്നും പൊതുവിൽ തടസ്സപ്പെടുത്തുന്നതിലൂടെ സംഘടനകൾ ആഗ്രഹിക്കുന്നത് എന്താണെന്നാൽ ഹർജിക്കാരൻ ആ തൊഴിലാളികൾ ജോലി ചെയ്തോ ഇല്ലയോ എന്ന് നോക്കാതെ വേതനം നൽകണമെന്നാണ്, മറ്റൊരു വിധത്തിൽ, 'നോക്കുകൂലി' നൽകുക എന്നതാണ്. അത് ഈ കോടതി ദശാബ്ദങ്ങളായി വീണ്ടും വീണ്ടും അപലപിച്ചു കൊണ്ടിരിക്കുന്ന എന്താണോ അതാണ്, എങ്കിലും, അത് ഇപ്പോഴും തുടരുന്നു. വിവിധ കേസുകളിൽ പാസ്സാക്കിയ ഉത്തരവുകളിൽ പോലീസ് പ്രവർത്തിക്കുതിൽ നിന്നും വിസമ്മതിക്കുകയാണെങ്കിൽ ഈ വിധിന്യായം ഒരു തുടർച്ചയായ മാൻഡമസ് ആയി പ്രവർത്തിക്കുന്നതാണ്. കോടതി അലക്ഷ്യ നടപടികളിൽ കൂടുതൽ നടപടി എടുക്കാതെ തീർപ്പാക്കുന്നു.

### വിധിന്യായം

**ചീഫ് ജസ്റ്റിസ് നവനിതി പ്രസാദ് സിംഗ്**

റിട്ട് ഹർജി (സിവിൽ) നമ്പർ 7994/2017-ലെ 07.04.2017-ലെ ഉത്തരവ് പ്രകാരം തൊഴിലാളി സംഘടനകളും അതുപോലെ തന്നെ സിവിൽ ഭരണ (പോലീസ്) കൂടവും ഹർജിക്കാരന്റെ കാര്യത്തിൽ അകാരണമായി ഇടപെടരുതെന്ന് ഉത്തര വിട്ടിരുന്നെങ്കിലും ഇടപെടൽ തുടരുന്നുവെന്നും, പോലീസ് യാതൊരു സംരക്ഷണവും നൽകുന്നില്ലെന്നും ഉള്ളതാണ് ഹർജിക്കാരന്റെ പരാതി.

2. ഹർജിക്കാരൻ കാഞ്ഞിരപ്പള്ളിയിൽ ഒരു ചെറിയ തടിക്കട നടത്തുന്നു. അയാൾ നിരവധി കൃഷിക്കാരിൽ നിന്നും തടി ആനുകാലികമായി വാങ്ങുന്നുണ്ട്. മരങ്ങൾ മുറിക്കുകയും തടി നിലത്ത് അടുക്കിവെക്കുകയും ചെയ്യുന്നു. ഹർജിക്കാരൻ അയാളുടെ ലോറിയും ക്രെയിനും ഉപയോഗിച്ചു തടി കയറ്റുന്നു. ഹർജിക്കാരനും അയാളെപ്പോലെയുള്ളവരും ഘന അടിക്ക് ഇത്ര എന്ന ഒരു നിശ്ചിത നിരക്കിൽ തടി കയറ്റുതിനുള്ള കൂലി നൽകുതിനുള്ള വ്യവസ്ഥയിൽ തൊഴിലാളികൾക്ക് കൂലി നൽകുന്നതുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളുമായി അനുബന്ധം 3 (ബി) ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ട് എന്ന്

കാണാൻ കഴിയുന്നു. എന്നാൽ അത് ഉൾപ്പെടുന്ന തൊഴിലാളികളുടെ എണ്ണവുമായോ ജോലിയുടെ മുഴുവൻ സ്വഭാവവുമായോ ആയി ബന്ധപ്പെടുത്തിയിട്ടുള്ളതല്ലായിരുന്നു. അനുബന്ധം ആർ 3 (ബി)യിലെ ഖണ്ഡം 4, ക്രെയിനുകൾ ഉപയോഗിച്ച് തടി കയറ്റുന്ന സംഗതിയിൽ സംഘടനകൾക്ക് നൽകേണ്ടു തുകയിൽ ഒരു നാമ മാത്ര സംഖ്യ കുറച്ച് നൽകാവുതാണെന്ന് അതിൽ വ്യവസ്ഥ ചെയ്യുന്നു. ലോറികളിൽ തടികൾ കയറ്റുന്നതും ഇറക്കുതന്നും ആണ് ജോലിയുടെ ഒരു മുഖ്യ ഭാഗവും എാൽ ഒരു നാമ മാത്രമായ ഇളവ് മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. തൊഴിലാളി സംഘടനകൾ ഹർജിക്കാരനിൽ അടിച്ചേല്പിച്ചിട്ടുള്ള അത്തരം ഒരു ഉടമ്പടിയുടെ നിയമസാധുതയിലേക്ക് കടന്ന് പോകുന്നതിന് ഞങ്ങളോട് ആവശ്യപ്പെട്ടിട്ടില്ല.

3 ഹർജിക്കാരൻ തടി കയറ്റുന്നതിന് ക്രെയിൻ ഉപയോഗിക്കുന്നതും അയാളുടെ സ്ഥിരം തൊഴിലാളികളെ ഉപയോഗിച്ച് തടി കയറ്റുന്നതിനും ഇറക്കുന്നതിനും സഹായിക്കുക എന്ന എന്തു തന്നെ ഉദ്ദേശ്യത്തിനും സംഘടനകൾ ആയാളെ ഭീഷണിപ്പെടുത്തുകയും അയാൾ ക്രെയിൻ ഉപയോഗിക്കുന്നത് തടസ്സപ്പെടുത്തുകയും ചെയ്യുന്നു എന്നതാണ് ഹർജിക്കാരന്റെ പരാതി. അവർ നിർബന്ധിക്കുതെന്തെന്നാൽ അവരുമായി രജിസ്റ്റർ ചെയ്ത തൊഴിലാളികൾ മാത്രമേ ആ ജോലി ചെയ്യൂ എന്നാണ് അവർ നിർബന്ധിക്കുന്നു. അവർ ക്രെയിനിനെ നശിപ്പിക്കുമെന്നും നാശനഷ്ടം വരുത്തുമെന്നും ഭീഷണി പ്പെടുത്തുന്നു. പോലീസിന് പരാതികൾ നൽകിയെങ്കിലും യാതൊരു ഫലവും ഉണ്ടായിട്ടില്ല മാത്രമല്ല സംഘടനകൾ ഉൾപ്പെടു സംഗതികളിൽ പോലീസ് നിർജ്ജീവവുമാണ്. ഫലത്തിൽ ഹർജിക്കാരൻ സംഘടനകൾക്ക് വെറുതെ പണം നൽകേണ്ടതായി വരുന്നു എന്നതാണ്. അയാൾ ദിവസവും ശരാശരി 500 ഘന മീറ്റർ തടി പോകുന്നതാണെന്നും അയാൾ 'നോക്കു കൂലി'യായി സംഘടനകൾക്ക് രൂ. 25,000/- നൽകേണ്ടതായി വരുന്നതിന് നിർബന്ധിതനാകുന്നു എന്നും പ്രത്യേകമായി വാദിച്ചിട്ടുണ്ട്.

4. ഞങ്ങൾ ആദ്യമായി നിർദ്ദേശിക്കുവാൻ ഇഷ്ടപ്പെടുതെന്തെന്നാൽ, ഹർജിക്കാരൻ സംഘടനകൾക്ക് നൽകുന്ന ഏതു പണം നൽകലും ഒരു ബാങ്ക് അക്കൗണ്ട് മുഖാന്തിരവും ആധാർ കാർഡ്, ബന്ധപ്പെട്ട പാൻ കാർഡ്, അക്കൗണ്ട് നമ്പർ തുടങ്ങിയ വിവരങ്ങൾ നൽകിയ ശേഷം നൽകേണ്ടതാണ് എതാണ്. അപ്രകാരം പ്രസ്തുത രേഖകളുടെ ഹാജരാക്കലിലും ഒരു ബാങ്കിനെ പ്രാധികാരം ചെയ്യുന്നതിലും കൂടി മാത്രമേ പണം നൽകൽ ചുമട്ട് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു ആൾക്ക് ശേഖരിക്കാനും നൽകുന്നതിനും കഴിയുകയുള്ളു. ആദായ നികുതി ആക്റ്റിലെ പുതിയ വ്യവസ്ഥയായ പണമായി നൽകുത് രൂ.10,000/- ആയി കുറച്ചിട്ടുള്ളതും അതിന് ഉപരിയായിട്ടുള്ള ഏതെങ്കിലും തുകയുടെ നൽകലിലുള്ള കിഴിവ് ബാങ്ക് അക്കൗണ്ട് മുഖാന്തിരമുള്ളതിന് മാത്രമേ ലഭിക്കുകയുള്ളൂ എുള്ളതും ഞങ്ങൾ പരാമർശിക്കുന്നു.

5. അപ്രകാരം പറയുന്നത്, ഹർജിക്കാരനെ ക്രെയിൻ ഉപയോഗിക്കുന്നതിൽ തടസ്സപ്പെടുത്തുന്നതിനുള്ള കാരണം അനുബന്ധം ആർ 3 (ബി) ഉടമ്പടിയുടെ ഖണ്ഡം 4-ൽ നിും സ്പഷ്ടമാകുതും പ്രകടമാകുന്നതുമാണ്. ക്രെയിൻ ഉപയോഗിക്കുമ്പോൾ, ആയത് വളരെ കാര്യക്ഷമവും വേഗത്തിലുമാണെങ്കിൽ സംഘടനകൾക്ക് നൽകേണ്ടുന്ന തുക കുറയുന്നതാണ്, ഇത് തീർച്ചയായും സംഘടനകൾക്ക് താല്പര്യമുള്ളതല്ല. അത് സാമ്പത്തികമായും വളരെ മെച്ചപ്പെട്ടതാണ് എന്നാൽ അതും സംഘടനകൾക്ക് താൽപര്യമുള്ളതല്ലാത്തതാണ്. അവർക്ക് താൽപര്യമുള്ളത് എന്തെന്നാൽ എത്രമാത്രം പണം ഊറ്റി എടുക്കുവാൻ സാധിക്കുമെന്നുള്ളതും അതിനാൽ, അവർ എല്ലാ ശ്രമവും എടുത്ത് ക്രെയിനിന്റെ ഉപയോഗം തടസ്സപ്പെടുത്തുന്നു എന്നതുമാണ്.

6. ക്രെയിൻ ഉപയോഗിച്ച് തടികളുടെ കയറ്റിറക്കം നടത്തുന്നത് ഒരു യാന്ത്രിക പ്രക്രിയയാണെന്ന് ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. ആ പ്രക്രിയയിൽ യാതൊരു തൊഴിലാളിയും തടി കയറ്റുകയോ ഇറക്കുകയോ ചെയ്യുന്നില്ല, എന്നാൽ ആ ജോലി ക്രെയിൻ ഫലപ്രദമായി നടത്തുന്നു. ഹർജിക്കാരനെ ക്രെയിൻ ഉപയോഗിക്കുന്നതിൽ നിന്നും പൊതുവിൽ തടസ്സപ്പെടുത്തുന്നതിലൂടെ സംഘടനകൾ ആഗ്രഹിക്കുന്നത് എന്താണെന്നാൽ ഹർജിക്കാരൻ ആ തൊഴിലാളികൾ ജോലി ചെയ്തോ ഇല്ലയോ എന്ന് നോക്കാതെ വേതനം നൽകണമെന്നാണ്, മറ്റൊരു വിധത്തിൽ, 'നോക്കു കൂലി' നൽകുക എന്നതാണ്. അത് ഈ കോടതി ദശാബ്ദങ്ങളായി വീണ്ടും വീണ്ടും അപലപിച്ചു കൊണ്ടിരിക്കുന്ന എന്താണോ അതാണ്, എങ്കിലും, അത് ഇപ്പോഴും തുടരുന്നു.

7. ഞങ്ങൾ, അതുകൊണ്ട് കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിലെ പോലീസ് സർക്കിൾ ഇൻസ്പെക്ടർ, പോലീസ് സബ്-ഇൻസ്പെക്ടർ എന്നിവരായ എതിർ കക്ഷികൾ 1-നോടും 2-നോടും

ഹർജിക്കാരൻ എഐസിടിയു അല്ലെങ്കിൽ സിഐടിയു-വിലെ ഏതെങ്കിലും അംഗങ്ങൾക്ക് എതിരായി ക്രെയിനിന്റെ ഉപയോഗം തടസ്സപ്പെടുത്തുകയോ പരിമിതപ്പെടുത്തുകയോ അല്ലെങ്കിൽ ക്രെയിനോ യാന്ത്രിക ഉപകരണങ്ങളോ ഉപയോഗിച്ച് അയാളുടെ തടി കയറ്റുന്നതോ ഇറക്കുന്നതോ തടയുന്നതായ ഒരു പരാതി പരിഹാരത്തിന് നൽകുമ്പോൾ, അവർ അപ്രകാരം പേരുള്ള ആളുകളെ അറസ്റ്റ് ചെയ്യേണ്ടതും ഈ കോടതിയിൽ വിവരം അറിയിക്കേണ്ടതും, ഈ കോടതി മാത്രമേ ജാമ്യ അപേക്ഷ പരിഗണിക്കുകയുള്ളൂ, എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പോലീസ് നടപടി എടുക്കുന്നില്ല എന്ന് ഹർജിക്കാരൻ പരാതിപ്പെടുകയാണെങ്കിൽ ഈ കോടതി പോലിസിനെതിരായി ഉചിതമായ നടപടി എടുക്കുന്നതായിരിക്കും. ഹർജിക്കാരന്റെ സാധാരണ പ്രവർത്തനത്തെ തടസ്സപ്പെടുന്ന സംഘടനകൾ പോലുള്ളവരുടെ ഏതൊരു ശ്രമവും പോലീസ് കർശനമായ രീതിയിൽ കൈകാര്യം ചെയ്യേണ്ടതാണ്. പോലീസ് അവരുടെ പ്രവർത്തനത്തിൽ പോരാത്തതായി കാണുന്നുവെങ്കിൽ ആ വിവരം ഈ കോടതിയെ അറിയിക്കേണ്ടതാണ്, ഈ കോടതി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

8. ഒരു സാധാരണ മനുഷ്യൻ/കച്ചവടക്കാരൻ അയാൾ തൊഴിലാളി സംഘടനകളുടെ ശക്തിയാൽ കഷ്ടപ്പെടുന്ന നിർഭാഗ്യകരമായ അവസ്ഥ ശ്രദ്ധയിലെടുത്തശേഷം ഈ കോടതിഅലക്ഷ്യ നടപടികളിൽ ഈ വിധിന്യായം ഞങ്ങൾ പാസ്സാക്കുകയാണ്. എന്നിരുന്നാലും വിവിധ കേസ്സുകളിൽ പാസ്സാക്കിയ ഉത്തരവുകളിൽ പോലീസ് പ്രവർത്തിക്കുന്നതിൽ നിന്നും വിസമ്മതിക്കുകയാണെങ്കിൽ ഈ വിധിന്യായം കോടതിയലക്ഷ്യ നടപടികളിൽ പാസ്സാക്കിയത് ആയിരുന്നാൽപോലും, എതിർ കക്ഷികൾ റിട്ട് നടപടികളിൽ പാസ്സാക്കിയ ഉത്തരവിന് പ്രഭാവം നൽകാത്തതിനാൽ, ഇത് ഒരു തുടർച്ചയായ മാൻഡമസ് ആയി പ്രവർത്തിക്കുന്നതാണ്. എതിർകക്ഷികൾ നമ്പർ 3-ഉം 4-ഉം, സംഘടനാ നേതാക്കൾ, ഈ കോടതിയുടെ ഉത്തരവിനെ തുടർന്ന് ഈ കോടതിയിൽ നേരിട്ട് ഹാജരായിട്ടുണ്ട്, ഈ വിധിന്യായം അവരുടെ സാന്നിദ്ധ്യത്തിൽ പാസ്സാക്കുന്നതാണ്.

കുറച്ചെങ്കിലും നല്ല മാറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ കോടതി അലക്ഷ്യ നടപടികളിൽ കൂടുതൽ നടപടി എടുക്കാതെ ഞങ്ങൾ ഇത് തീർപ്പാക്കുന്നു.

*——————*

# FORM IV

Statement about ownership and other particulars about newspaper (NIYAMA DWANI) to be published in the first issue every year after the last day of February.

| | | | |
|---|---|---|---|
| 1. | Place of publication | : | Thiruvananthapuram |
| 2. | Periodicity of its publication | : | FMLY |
| 3. | Printer's Name | : | SUPERINTENDENT OF GOVT. PRESSES |
| | Nationality | : | Indian |
| | Address | : | Government Press, Mannanthala, Thiruvananthapuram. |
| 4. | Publisher's Name | : | LAW SECRETARY |
| | Nationality | : | Indian |
| | Address | : | Law Department, Government Secretariat, Thiruvananthapuram. |
| 5. | Editor's Name | : | Law Secretary |
| | Nationality | : | Indian |
| | Address | : | Law Department, Government Secretariat, Thiruvananthapuram. |
| 6. | Name and address of individual who own the newspapers and partners or share holders holding more than one percent of the total capital | : | B.G. Harindranath, Law Secretary, Law Department, Government of Kerala on behalf of Government of Kerala. |

I, B.G. Harindranath hereby declare that the particulars given above are true to the best of my knowledge and belief.

(Sd.)

Date: 6-12-2017. *Signature of Publisher.*

നിയമ ധ്വനിയുടെ മുൻപതിപ്പുകൾ നിയമ വകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.



നിയമധ്വനി
NIYAMADWANI
TITLE CODE KERMAL 15918
Page 67
Vol. 1

ഡിസംബർ 2017
December2017
Date of Publication
27-12-2017
Issue 1



PRINTED BY K. P. MUHAMMED KUTTY, THE SUPERINTENDENT OF GOVERNMENT PRESSES, THIRUVANANTHAPURAM
PUBLISHED BY B.G. HARINDRANATH, LAW SECRETARY, LAW DEPARTMENT,
GOVERNMENT SECRETARIAT, THIRUVANANTHAPURAM, 695 001 ONBEHALF OF GOVT. OF KERALA
AND PRINTED AT GOVT. PRESS, MANNANTHALA, THIRUVANANTHAPURAM, 695 015, AND PUBLISHED
AT LAW DEPARTMENT, SECRETARIAT, THIRUVANANTHAPURAM, 695 001, EDITOR B.G. HARINDRANATH